
# ഗിരിദീപം

ജനുവരി 2024

പുതുവത്സരാശംസകൾ



**ജനുവരി 06**

**ദനഹാത്തിരുനാൾ**



Rev. Fr. Mathew Anikuzhikattil
Rev. Fr. Joseph Chellamkottu
Rev. Fr. Cherian Chembakassery
Rev. Fr. Mathew Chemplayil
Rev. Fr. Thomas Chintharmaniyil
Rev. Fr. Joseph Chollampuzha
Rev. Fr. Joseph Karingalikattil
Rev. Fr. Mathew Moonanal
Rev. Fr. John Mullamkuzhy
Rev. Fr. Paul Mundackal
Rev. Fr. George Thengumpallil
Rev. Fr. Joseph Thuruthel
Rev. Fr. Sebastian Thaipparambil
നവവൈദികർക്ക്
അഭിനന്ദനങ്ങൾ

ജനുവരി 2024

വാല്യം 07
ലക്കം 01

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 647/2023, Pastoral Letter No.05/2023 .......... 05
2. കെ.സി.ബി.സി. സർക്കുലർ - കർഷകദിനം .......... 09
3. കെ.സി.ബി.സി. സർക്കുലർ - യുവജനവർഷം .......... 13
4. സർക്കുലർ - .......... 17
5. Prot. No. 625/2023, Circular No.11/2023 .......... 20
6. Prot. No. 633/2023, Circular No.12/2023 .......... 23
7. പിറവിതിരുക്കർമ്മങ്ങളുടെ സമയം .......... 25
8. കച്ചേരിക്കാര്യം .......... 26
9. റിപ്പോർട്ട് - അതിരൂപതാ പാസ്റ്ററൽ കൗൺസിൽ .......... 33
10. റിപ്പോർട്ട് - അതിരൂപതാ വൈദികസമ്മേളനം .......... 35
11. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .......... 37
12. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . .......... 45
13. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .......... 48
    തിരുബാലസഖ്യം .......... 52
14. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .......... 55
15. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .......... 58
16. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .......... 63
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .......... 66
    സാൻജോസ് അക്കാദമി .......... 69
17. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് .......... 70
    കുടുംബക്കൂട്ടായ്മ .......... 75
    ADAM .......... 76
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .......... 79
18. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .......... 81
    ബയോ മൗണ്ടൻ ഫാർമേഴ്സ് .......... 84
19. പഞ്ചാബ് മിഷൻ .......... 85
20. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 86
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......... 87
22. Engagements - January (Archbishop Mar Joseph Pamplany) .......... 91
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 93
24. Engagements - January (Archbishop Mar George Njaralakatt) .......... 95
25 വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 96
26. Engagements - January (Archbishop Mar George Valiamattam) .......... 98

Prot. No. 647/2023, Pastoral Letter No. 05/2023

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

## ദിവ്യകാരുണ്യവർഷം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

നമ്മുടെ അതിരൂപത പ്ലാറ്റിനം ജൂബിലിയിലേക്ക് പ്രവേശിക്കുന്നതിനൊരുക്കമായി ഈ വർഷം ദിവ്യകാരുണ്യവർഷമായി ആചരിക്കുകയാണ്. ക്രിസ്തീയ ജീവിതം നയിക്കാനുള്ള ശക്തിയും നമ്മുടെ ജീവിതം മറ്റുള്ളവർക്കായി പങ്കുവയ്ക്കാനുള്ള തീഷ്ണതയും നമുക്ക് പ്രദാനം ചെയ്യുന്നത് പരിശുദ്ധ കുർബാനയാണ്. ദിവ്യകാരുണ്യത്തിന്റെ പാപ്പാ എന്നറിയപ്പെടുന്ന വി. പത്താം പീയൂസ് മാർപാപ്പ ദിവ്യകാരുണ്യത്തെ "സ്വർഗ്ഗത്തിലേക്കുള്ള ഏറ്റവും സുരക്ഷിതമായ കുറുക്കുവഴി" എന്നാണ് വിശേഷിപ്പിക്കുന്നത്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ തിരുമുഖം ഈ ലോകത്തു നേരിൽ കാണാനുള്ള ഏകമാർഗ്ഗം വിശുദ്ധ കുർബാനയിലെ ഈശോയുടെ തിരുശരീരരക്തങ്ങളാണ്. മനുഷ്യനോടൊത്തു വസിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തിന്റെ അനന്ത സ്നേഹത്തിന്റെ ദൃശ്യാവിഷ്ക്കാരമാണ് വി. കുർബാന.

ദിവ്യകാരുണ്യവർഷത്തിൽ നാം ഒന്നാമതായി പ്രാധാന്യം നൽകേണ്ടത് പരിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തത്തിനാണ്. നമ്മുടെ അതിരൂപതയിലെ മുഴുവൻ വിശ്വാസികളും ഈ ദിവ്യകാരുണ്യവർഷത്തിൽ ഞായറാഴ്ച കുർബാന ഒരു തവണപോലും മുടങ്ങാതെ പങ്കെടുക്കാൻ തീരുമാനമെടുക്കണം. ഏതെങ്കിലും കാരണവശാൽ ഞായ

റാഴ്ച കുർബാനയിൽനിന്ന് അകന്നു നിൽക്കുന്നവർ ഇടവകകളിലുണ്ടെങ്കിൽ അവരെ ചേർത്തു നിർത്താൻ പാരീഷ് കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിൽ പ്രത്യേകം പരിശ്രമിക്കണം. ദിവ്യകാരുണ്യവർഷത്തിൽ നമ്മുടെ ഇടവകപ്പള്ളികളിൽ വിശുദ്ധ കുർബാന ഒരു ദിവസം പോലും മുടങ്ങാതിരിക്കാൻ ബഹു. വൈദികർ ശ്രദ്ധിക്കണം. ദിവ്യകാരുണ്യവർഷത്തിൽ 365 ദിവസവും കുടുംബം ഒന്നാകെ (നാട്ടിലുള്ളവർ) പങ്കെടുക്കുന്നവരെ പ്രത്യേകമായി ആദരിക്കാൻ അതിരൂപത ആഗ്രഹിക്കുന്നുണ്ട്. ഇപ്രകാരം സന്നദ്ധരാകുന്നവരുടെ പേരുവിവരങ്ങൾ ഇടവകാതലത്തിൽ സൂക്ഷിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വി. കുർബാനയുടെ പ്രാർത്ഥനകളുടെയും അനുഷ്ഠാനങ്ങളുടെയും അർത്ഥം ദൈവജനത്തിന് വിശദീകരിച്ചുകൊടുക്കാൻ വേണ്ട ക്രമീകരണങ്ങൾ ഇടവകാതലത്തിൽ നൽകുന്നത് എല്ലാവരും പ്രയോജനപ്പെടുത്തണം. നമ്മുടെ ആരാധനാക്രമത്തിന്റെ ആഴവും അർത്ഥവും മനസ്സിലാക്കി വിശുദ്ധ കുർബാനയിൽ പങ്കുചേരാൻ ദിവ്യകാരുണ്യവർഷത്തിൽ പരിശ്രമിക്കാം.

രണ്ടാമതായി, വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ ദിവ്യകാരുണ്യവർഷത്തിൽ ശ്രദ്ധിക്കണം. ലഘുപാപങ്ങൾ വിശുദ്ധ കുർബാനയിലെ അനുതാപശുശ്രൂഷയിൽ ഹൃദയപൂർവ്വം പങ്കുചേരുന്നതിലൂടെ പരിഹരിക്കപ്പെടുന്നതിനാൽ അവ വിശുദ്ധ കുർബാന സ്വീകരണത്തിന് തടസ്സമല്ല. എന്നാൽ മാരക പാപങ്ങൾ അനുതപിച്ച് കുമ്പസാരിച്ച് പാപമോചനം നേടുന്നതുവരെ വിശുദ്ധ കുർബാന സ്വീകരണത്തിന് നമ്മെ അയോഗ്യരാക്കുന്നു. എല്ലാ ദൈവാലയങ്ങളിലും നിശ്ചിത സമയം വിശുദ്ധ കുമ്പസാരത്തിനായി ക്രമീകരിക്കാൻ ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ. നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരവും തിരുരക്തവും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ സ്വീകരിക്കാൻ എല്ലാ വിശ്വാസികൾക്കും സഭ അവകാശം നൽകുന്നുണ്ട്. അതിനാൽ ദിവ്യകാരുണ്യവർഷാരംഭം മുതൽ നമ്മുടെ അതിരൂപതയിലുടനീളം വി. കുർബാന സ്വീകരണം ഇരു സാദൃശ്യങ്ങളിലും ക്രമീകരിക്കാൻ ശ്രദ്ധിക്കണം. ഇരുസാദൃശ്യങ്ങളിലും വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ നാവിൽ സ്വീകരിക്കുന്നതാണ് പ്രായോഗികമായിട്ടുള്ളത്. വിശുദ്ധ കുർബാനയുടെ വിതരണസമയത്ത് ശുശ്രൂഷികളിൽ ഒരാൾ താലവും മറ്റൊരാൾ ഒരു കത്തിച്ച തിരിക്കാലും പിടിച്ച് വൈദികനെ അനുഗമിക്കുന്ന പാരമ്പര്യം സാധിക്കുന്നിടത്തോളം വീണ്ടെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

മൂന്നാമതായി, ദിവ്യകാരുണ്യ ആരാധനയെ ഈ വർഷത്തിന്റെ മുഖ്യ ആധ്യാത്മിക അഭ്യാസമായി നാം സ്വീകരിക്കണം. സർവ്വത്ര

തിരക്കു പിടിച്ചതും ശബ്ദായമാനവുമായ ലോകത്ത് ശാന്തവും നിശ്ശബ്ദവുമായ ആരാധനയ്ക്കു മാത്രമേ രക്ഷാകര ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ദിവ്യസക്രാരിക്കു മുന്നിലെത്തുമ്പോഴൊക്കെ നൂറ്റാണ്ടുകളായി നമുക്കായി കാത്തിരിക്കുന്ന കർത്താവിനെയാണ് നാം സമീപിക്കുന്നത്. നിശ്ശബ്ദമായി ദിവ്യകാരുണ്യത്തെ ആരാധിക്കുന്ന ശീലം നാം പഠിച്ചെടുക്കണം. നമ്മുടെ എല്ലാ പ്രതിസന്ധികൾക്കും ദൈവഹിതപ്രകാരമുള്ള ഉത്തരം കണ്ടെത്താൻ ദിവ്യകാരുണ്യസന്നിധാനത്തോളം പ്രയോജനപ്പെടുന്ന മറ്റൊരു സ്ഥലമോ മാർഗ്ഗമോ ഇല്ലെന്ന് നാം മറക്കരുത്. "ഒരു മണിക്കൂർ എന്നോടൊത്ത് ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിയില്ലേ" എന്ന കർത്താവിന്റെ ചോദ്യത്തിന് ഈ വർഷം നാം ഉത്തരം നൽകണം. എല്ലാ ഇടവകാ ദൈവാലങ്ങളിലും വി. കുർബാനയർപ്പിക്കുന്ന കേന്ദ്രങ്ങളിലും വി. കുർബാനയോടനുബന്ധിച്ച് ഒരു മണിക്കൂർ ആരാധന നടത്താൻ ശ്രദ്ധിക്കണം. കൂടാതെ ദിവ്യകാരുണ്യ സായാഹ്നങ്ങൾ, 13 മണിക്കൂർ ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം മുതലായവ ക്രമീകരിക്കാൻ ഇടവകാതലത്തിൽ ശ്രദ്ധിക്കുമല്ലോ. നിത്യാരാധനാകേന്ദ്രങ്ങൾ ഇല്ലാത്ത ഫൊറോനാകളുണ്ടെങ്കിൽ ഫൊറോനാകളിലെ ഏതെങ്കിലും പള്ളികളിലോ സന്യാസഭവനങ്ങളിലോ ഇതിനുള്ള സൗകര്യം ക്രമീകരിക്കണം. ഇടവകയുടെ സ്ഥാപകദിനത്തിൽ പതിമൂന്ന് മണിക്കൂർ ആരാധന നടത്തുന്നത് തികച്ചും അർത്ഥപൂർണ്ണമാണ്. നാം എവിടെയായിരുന്നാലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിതമായ അനേകം ദിവ്യസക്രാരികൾക്കു നടുവിലാണ് എന്ന് തിരിച്ചറിയാം. നിരന്തരം ദിവ്യകാരുണ്യ സന്നിധിയിലാണെന്ന ബോധ്യത്തോടെ നമുക്ക് "പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ" എന്ന സുകൃതജപം നമ്മുടെ ജീവിതത്തിന്റെ നിരന്തര പ്രാർത്ഥനയാക്കാം. പരിശുദ്ധ കുർബാന പ്രതിഷ്ഠിച്ചിട്ടുള്ള ദൈവാലയങ്ങൾക്ക് മുന്നിലൂടെ കടന്നുപോകുമ്പോൾ ഈ സുകൃതജപം ഉച്ചരിച്ചുകൊണ്ട് സ്വയം ആശീർവദിക്കുന്ന ശീലം നമുക്ക് വളർത്തിയെടുക്കാം.

നാലാമതായി, പരിശുദ്ധ കുർബാനയെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും ഗ്രഹിക്കുന്നതിനും സംശയ ദൂരീകരണത്തിനുമായി ഒരു ഫൊറോനയിലെ എല്ലാ ഇടവകകളിലും ഒരേ ദിവസം ഏകദിന ദിവ്യകാരുണ്യ കൺവെൻഷൻ സംഘടിപ്പിക്കുന്നതാണ്. പഠന ക്ലാസ്സുകളോടൊപ്പം ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ക്രമീകരിക്കുന്നതാണ്. ഏകദിന കൺവെൻഷന് ദിവ്യകാരുണ്യമിഷനറി സന്യാസസമൂഹത്തിലെ വൈദികരുടെയും (MCBS) വിശുദ്ധ കുർബാ

നയുടെ ആരാധനാസന്യാസിനീ സമൂഹത്തിലെ സിസ്റ്റേഴ്സിന്റെയും (SABS) സഹായങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത് പ്രയോജനപ്പെടുത്തുമല്ലോ.

അഞ്ചാമതായി, ദിവ്യകാരുണ്യം നമ്മെ ജീവകാരുണ്യത്തിലേക്കു നയിക്കണം. തന്നെത്തന്നെ നമുക്കായി മുറിച്ചു വിളമ്പിയ കർത്താവിന്റെ കരുണാർദ്ര സ്നേഹം സമൂഹത്തിലെ സങ്കടമനുഭവിക്കുന്ന മനുഷ്യരിലേക്കൊഴുക്കാൻ നാം സന്നദ്ധരാവണം. ധൂർത്തും ആഡംബരവും പരമാവധി ഒഴിവാക്കി പാവങ്ങളെക്കുറിച്ച് കരുതലുള്ള മനസ്സുമായി ജീവിക്കാൻ പരിശ്രമിക്കാം. നമ്മുടെ ഇടയിലെ ഭവനരഹിതരെയും കടബാധ്യതയിൽ ജപ്തിഭീഷണി നേരിടുന്ന നിസ്സഹായരായ കർഷകരെയും പണമില്ലാതെ പഠനം മുടക്കേണ്ടി വരുന്ന നമ്മുടെ മക്കളെയും ചേർത്തു പിടിച്ചുകൊണ്ടു മാത്രമേ അർത്ഥപൂർണ്ണമായ ദിവ്യകാരുണ്യവർഷം ആചരിക്കാൻ നമുക്കു കഴിയുകയുള്ളൂ.

2023 ഡിസംബർ 31 ഞായറാഴ്ച വി. കുർബാനയോടെയാണ് ദിവ്യകാരുണ്യവർഷം ആരംഭിക്കുന്നത്. എല്ലാ പള്ളികളിലും “ദിവ്യകാരുണ്യ വർഷം 2024” എന്ന ബോർഡ് സ്ഥാപിക്കണം. എല്ലാ ഭവനങ്ങളിലും ദിവ്യകാരുണ്യവർഷത്തെ അനുസ്മരിപ്പിക്കുന്ന പ്രത്യേക ചിത്രം പ്രതിഷ്ഠിക്കേണ്ടതാണ്. ഈ ചിത്രം നമ്മുടെ കെ.സി.വൈ.എം. പ്രവർത്തകർ നിങ്ങളുടെ വീടുകളിൽ എത്തിച്ചു തരുന്നതാണ്. ഇതോടൊപ്പം ലഭിക്കുന്ന ദിവ്യകാരുണ്യാനുഭവ പ്രാർത്ഥന എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും സന്ധ്യാപ്രാർത്ഥനയോടൊപ്പം ചൊല്ലാൻ ശ്രദ്ധിക്കുമല്ലോ.

നിങ്ങളെ എല്ലാവരെയും ദിവ്യകാരുണ്യനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ, പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊണ്ട്

സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ഡിസംബർ 18 ന് മൈലാപ്പൂരിലെ അത്ഭുത സ്ലീവായുടെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ ഇടയലേഖനം 2023 ഡിസംബർ 24-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിച്ചതാണ്.

**Ref: 39908/K-5/KCBC/OL/DS** **11.12.2023**

# 2024 ജനുവരി 14 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഞാൻ പരാജയപ്പെട്ട കർഷകനാണ്, നെല്ലെടുത്തിട്ട് സർക്കാർ എനിക്ക് കാശ് തന്നില്ല എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞ്, ആത്മഹത്യ ചെയ്ത കർഷകന്റെ വിലാപം ആബേലിന്റെ നിലവിളിപോലെ, കേരളത്തിന്റെ ആകാശത്തെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്, കേരള മെത്രാൻ സമിതിയുടെ (KCBC) ഇൻഫാം കമ്മീഷൻ, കർഷകർക്കുവേണ്ടി ഈ സർക്കുലർ എഴുതുന്നത്. ഗതികെട്ട് ദാരിദ്രത്തിന്റെ പിച്ചച്ചട്ടിയേന്തി, അടിമാലി ടൗണിൽ രണ്ടു വയോധിക സ്ത്രീകൾ പ്രതിഷേധിച്ചതും നമുക്ക് മറക്കാറായിട്ടില്ല. തങ്ങളെ സംരക്ഷിക്കാൻ ഭരണഘടനാപരമായി ഉത്തരവാദിത്തപ്പെട്ട സർക്കാരിനു മുമ്പിൽ, കർഷകരും കർഷക ബന്ധുക്കളും നിലനിൽപ്പിനായി പ്രതിഷേധിക്കുമ്പോൾ, 'ഇവിടെ കൃഷി ചെയ്തില്ലെങ്കിലും ഒന്നും സംഭവിക്കാനില്ല' എന്ന തരത്തിലുള്ള നിരുത്തരവാദപരമായ പ്രസ്താവനകൾ, ബഹുമാന്യരായ ഭരണകർത്താക്കളിൽ നിന്നുണ്ടായതും നമ്മെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്ത കാലം കൂടിയാണിത്. എല്ലാത്തരത്തിലും അവഗണിക്കപ്പെട്ട് കർഷകർ അതീവ ഗുരുതരമായ സ്വത്വപ്രതിസന്ധി അനുഭവിക്കുകയാണ്.

ഉല്പാദനം മുതൽ വിപണനം വരെയുള്ള സകല മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയും; അത് നെല്ലോ, ഏലമോ, റബ്ബറോ, കപ്പയോ ഏതുമാകട്ടെ കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലത്തകർച്ചയെ നേരിടുകയോ, വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. തങ്ങൾ വിൽക്കുന്ന ഏലക്കായ്ക്ക് പണം കിട്ടണമെങ്കിൽ കമ്പനികൾക്ക് പലിശ നൽകേണ്ട വിചിത്ര സ്ഥിതിയിലാണ് ഏലം കർഷകർ. ഒരു ലക്ഷം രൂപയുടെ ഏലം സ്പൈസസ് ബോർഡിന്റെ അംഗീകാരമുള്ള ഓക്ഷൻ സെന്ററുകളിലൂടെ ഒരു കർഷകൻ വിറ്റാൽ അപ്പോൾത്തന്നെ പണം ലഭിക്കണമെങ്കിൽ 7.5% മുതൽ 12% വരെ പലിശ നൽകണം. സ്വന്തം ഉല്പന്നം വിറ്റിട്ട് അതിന്റെ പണം കിട്ടാൻ പലിശ നൽകണമെന്ന വ്യവസ്ഥയേക്കാൾ ഹീനമായ ചൂഷണം മറ്റെന്തുണ്ട്?

ഇതിനേക്കാൾ ദാരുണമാണ് നെൽ കർഷകന്റെ സ്ഥിതി. വിറ്റ നെല്ലിന്റെ വില ബാങ്ക് വായ്പയായി വാങ്ങേണ്ടിവരുന്ന ദുർഗതിയിലാണ് നെൽ കർഷകർ. ചോര നീരാക്കി പാടത്തു പണിചെയ്യുന്ന കർഷകന്റെ നെല്ല് വാങ്ങിയശേഷം, രൊക്കം പണം നൽകുന്നതിനു പകരം സർക്കാർ തിരിച്ചടച്ചോളാം എന്ന വ്യവസ്ഥയിൽ വായ്പ തരപ്പെടുത്തിക്കൊടുത്തിട്ട്, കർഷകനെ കുടുക്കിലാക്കുന്ന ചതിയാണ് നെൽക്കർഷകരോട് ചെയ്യുന്നത്. സർക്കാർ വായ്പ തിരിച്ചടയ്ക്കുന്നില്ല. അതിന്റെ ഭാരം കർഷകന്റെ മേൽ വരുന്നു. വായ്പ കുടിശ്ശിക ചൂണ്ടിക്കാട്ടി ബാങ്കുകൾ കർഷകന് പുതിയ വായ്പ നിഷേധിക്കുന്നു. ഓർക്കണം തകഴിയിൽ കർഷകൻ ആത്മഹത്യ ചെയ്തത് ഈ ഊരാക്കുടുക്കിൽ പെട്ടാണ്. കർഷകർക്കു മുൻഗണന നൽകാതെ മാറിമാറി ഭരണം നടത്തിയ എല്ലാ സർക്കാർ സംവിധാനങ്ങളും കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിക്കളഞ്ഞു. 1980കളിൽ 44 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക വളർച്ച കേവലം 40 വർഷം കഴിയുമ്പോൾ വെറും 12% എന്ന ദയനീയ സ്ഥിതിയിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുകയാണ്.

മലബാറിലും മധ്യകേരളത്തിലും മലയോര മേഖലകളിലും റബ്ബറിനെ മുഖ്യ ഉപജീവനമാർഗ്ഗമായി കരുതിയിരുന്നവരും കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ പോലും പറ്റാത്തവിധം സാമ്പത്തികമായി ശോചനീയ അവസ്ഥയിലായിക്കഴിഞ്ഞിരിക്കുന്നു. റബ്ബറിന് 250 രൂപ നൽകുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കർഷകരുടെ പക്ഷം നിൽക്കുന്നുവെന്ന് പറയുന്ന രാഷ്ട്രീയ പാർട്ടികൾക്കുപോലും ആർജ്ജവത്തോടെ ശബ്ദിക്കാനാകുന്നില്ല. അവരെല്ലാം കർഷകന്റെ ശബ്ദം ഉച്ചത്തിൽ വിളിച്ചു പറയുന്നവരുടെ വായടപ്പിക്കാൻ പാടുപെടുകയാണ്. മാധ്യമങ്ങൾപോലും കർഷകനെ കയ്യൊഴിയുന്ന സങ്കടകരമായ അവസ്ഥയാണ്. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വർഷങ്ങളായി നഷ്ടപരിഹാരം ലഭിക്കുന്നില്ല. ഉത്തരവാദിത്തപ്പെട്ടവർക്ക് കർഷകർ പരാതി നൽകുമ്പോൾ 'വെറുതെ നടന്ന് കാലു തേയാമെന്നേയുള്ളു' എന്ന മനസ്സു മടുപ്പിക്കുന്ന മറുപടിയാണ് തിരികെ ലഭിക്കുന്നത്. ഇതിനെല്ലാം പുറമേയാണ് വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അന്യായവും അനീതിപരവുമായ നീക്കങ്ങൾ. അവർ കൃഷിഭൂമി കയ്യേറുന്നു. വന്യമൃഗങ്ങൾ കാടിറങ്ങുന്നു. ആനയും കടുവയും കാട്ടുപന്നിയുമൊക്കെ കർഷകന്റെ ഭൂമിയിലിറങ്ങി പൂണ്ടുവിളയാട്ടം നടത്തുകയും ജീവനെടുക്കുകയുമാണ്. എരുമേലിയിലും അഞ്ചലിലും കാട്ടുപോത്തിന്റെ ആക്രമ

ണങ്ങളിൽ കൊല്ലപ്പെട്ട തോമായും ചാക്കോയും സാമുവലും കാട്ടാന കളുടെ ശല്യംമൂലം വീടുപോലും ഉപേക്ഷിച്ചുപോകേണ്ടിവന്ന് ഒടുവിൽ പെൻഷൻപോലും മുടങ്ങി ജീവനൊടുക്കിയ ഇരുട്ടിയിലെ സുബ്രഹ്മണ്യനുമൊക്കെ മനുഷ്യനേക്കാൾ മൃഗത്തിനു പ്രാധാന്യം കൊടുക്കുന്ന കർഷകവിരുദ്ധമായ നയങ്ങളുടെ ഇരകളാണെന്ന് നമുക്ക് മറക്കാതിരിക്കാം. മനുഷ്യവിരുദ്ധമായ എല്ലാ മൃഗസ്നേഹവാഴ്ത്തലുകളെയും നാം സംഘടിതമായി പ്രതിരോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ കടന്നു കയറി ജീവനും സ്വത്തിനും നാശം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം ആ പ്രദേശത്തെ കർഷക കൂട്ടായ്മകൾക്കു നൽകണമെന്ന് കർഷകർക്കുവേണ്ടി കെ.സി.ബി.സി. ഇൻഫാം സമിതി സർക്കാരിനോട് ആവശ്യപ്പെടുന്നു.

സാമാന്യ ബോധത്തിനും യുക്തിക്കും നിരക്കാത്ത നിയമങ്ങൾ ആർക്കുവേണ്ടിയാണ് നിർമ്മിക്കുന്നത്? കയ്യേറ്റക്കാരെന്ന് ചിത്രീകരിച്ച് കാട്ടുമൃഗങ്ങളുടെ മുമ്പിൽ സ്വജീവൻ രക്ഷിക്കാനുള്ള അവകാശങ്ങൾ പോലും നിഷേധിച്ച്, വിൽക്കാൻപോലും കഴിയാത്തവിധം കർഷകന്റെ വസ്തുക്കളെ നിയമത്തിൽ കുടുക്കുന്ന നടപടി ഏതു നിയമസഭയിൽ നിന്നുണ്ടായാലും അത് അവരെ വംശഹത്യ ചെയ്യുന്നതിനു കൂട്ടുനിൽക്കുന്നതിനു തുല്യമാണ്. പരിഷ്കൃത രാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിൽപ്പോലും അതിന്റെ മാംസം ചന്തയിൽ വാങ്ങാൻ കിട്ടും എന്നോർക്കണം. എന്തൊരു യുക്തിഭദ്രതയില്ലാത്ത നിയമമാണ് നമ്മുടേത്? മുനുഷ്യൻ മരിച്ചാലും മൃഗത്തിന്റെ മഹിമ ആഘോഷിക്കപ്പെടണം. അക്രമകാരികളായ മൃഗങ്ങളെ കൊല്ലാനുള്ള നിയമം പാസ്സാക്കാൻ ജനങ്ങളുടെ പ്രതിനിധികളായവർ തയ്യാറാകുന്നില്ലെങ്കിൽ ഈ സംസ്കാരത്തെ പ്രാകൃതമായ ഏതോ ഭൂതകാലത്തേക്ക് തിരികെ നയിക്കുന്നതിനു തുല്യമാകും.

ഭരിക്കുന്ന സർക്കാരുകൾക്കേ കർഷകരെ രക്ഷിക്കാനാകൂ. ഇനിയും കർഷകന്റെ കണ്ണീർ നമ്മുടെ മണ്ണിൽ വീഴാൻ ഇടവരുത്തരുത്. അവരുടെ മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകൾ നൽകണം. പ്രകൃതിക്ഷോഭം മൂലം നശിച്ച കൃഷികൾക്ക് ആശ്വാസപ്രദമായ നഷ്ടപരിഹാരമെങ്കിലും നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനംവകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിലേക്ക് വന്യമൃഗങ്ങൾ കടന്നു കയറാത്തവിധം പരിഷ്കൃത രാജ്യങ്ങളിലേതുപോലെ വനത്തിനു ചുറ്റും ഫലപ്രദമായ കിടങ്ങുകളോ

വേലിക്കെട്ടുകളോ നിർമ്മിക്കണം. റബ്ബറിന് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത വിലനൽകാൻ ആർജ്ജവം കാണിക്കണം. നെല്ലുകർഷകനും ഏലം കർഷകനും അവരുടെ വിളവിന്റെ വില നൽകണം. കർഷകനുവേണ്ടി ശബ്ദമുയർത്താനുള്ള ധൈര്യം രാഷ്ട്രീയപാർട്ടികൾക്കും മാധ്യമങ്ങൾക്കുമുണ്ടാകണം.

ഈ സർക്കുലർ അവസാനിപ്പിക്കുമ്പോൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (കെ.സി.ബി.സി.) ഇൻഫാം കമ്മീഷന് കുടുംബങ്ങൾക്ക് നല്കാൻ പ്രത്യേകമായൊരാഹ്വാനമുണ്ട്. കൃഷിയുടെ പാരമ്പര്യം നാം കൈമോശം വരുത്തരുത്. നമ്മുടെ കർത്താവ് ഈശോമിശിഹാ/യേശുനാഥൻ കൃഷിയേയും അതിന്റെ പാരമ്പര്യത്തേയും സ്നേഹിച്ചവനാണ്. അവിടുന്ന് പറഞ്ഞ ഉപമകളിൽ, അത് മുന്തിരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമയാകട്ടെ, വിതക്കാരന്റെ ഉപമയാകട്ടെ, കടുകുമണിയുടെ ഉപമയാകട്ടെ, വയലിന്റെയും നിധിയുടെയും ഉപമയാകട്ടെ, ഭൂരിഭാഗവും കൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. അതിനാൽ നമ്മുടെ ഭവനങ്ങളോട് ചേർന്ന് ഓരോ വീടിനും സ്വന്തമായി ഒരു കൃഷിത്തോട്ടമുണ്ടാകണം. അവിടെ ആഴ്ചയിൽ ഒരു ദിനമെങ്കിലും മണ്ണിൽ പണിയാൻ ഡോക്ടറോ, എഞ്ചിനീയറോ, ബിസിനസ്സുകാരനോ, അധ്യാപകനോ ആരുമാകട്ടെ തയ്യാറാകണം. ദിവസം ഒരു നേരമെങ്കിലും നമ്മൾ സ്വന്തമായി ഉദ്പാദിപ്പിച്ച ഭക്ഷ്യവിഭവങ്ങൾ കൂട്ടി ആഹാരം കഴിക്കാൻ നമുക്കാവണം. അങ്ങനെ നമുക്ക് കാർഷികവൃത്തിയെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്താം. കർഷകന്റെ ശബ്ദമായ ഇൻഫാമിന് സകല പിന്തുണയും നൽകാൻ തയ്യാറാകാം.

മിശിഹായിൽ സ്നേഹപൂർവ്വം,

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമേജിയൂസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

**NB:** 2024 ജനുവരി 14-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No. 3997/K-5/KCBC/OL/DS 23.12.2023

# 2024 യുവജനവർഷം - കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

യേശുവിന്റെ തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022-ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5-ന് കേരള കത്തോലിക്കാസഭയിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യവുമായി നവീകരണ കാലഘട്ടം ആരംഭിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നല്കുന്നതിന് കേരള കത്തോലിക്കാമെത്രാൻ സമിതി (KCBC) 2024-നെ കേരള കത്തോലിക്കാസഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുന്നു. ഈ യുവജനവർഷാചരണം കേരള കത്തോലിക്കാ സഭയ്ക്ക് വലിയ പ്രചോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

**കെസിബിസി യുവജനകമ്മീഷൻ**

കേരളത്തിലെ വ്യക്തിഗതസഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെസിബിസിയുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെസിബിസി യുവജനകമ്മീഷന് സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും വൈസ് ചെയർമാന്മാരും ബഹു. ഫാദർ സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തനമേഖലയിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തുനിർത്തിയുള്ള യുവജനവർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാണ്. കേരളത്തിലെ മൂന്നു റീത്തുകളിലെയും യുവജനപ്രസ്ഥാനങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ കത്തോലിക്കാ യുവജനസംഘടനകൾ എന്നിവർ ഒരുമിച്ചു സഹകരിച്ച് യുവജനവർഷം ഉചിതമായി ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**യുവജന വർഷത്തിന്റെ ആപ്തവാക്യം**

'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' (Christian Youth with Compassionate Eyes, Passionate Heart and Fire winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. 'ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം' എന്ന യുവജന കമ്മീഷന്റെ മുഖ്യപ്രമേയത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം.

**യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ**

മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതു പോലെ (ലൂക്ക 5.52) യുവജനങ്ങൾ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീക്ഷണമായി ഓർമ്മിപ്പി ക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു പിടിക്കുന്നു എന്ന ബോധ്യവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നല്കാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

**യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ**

സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടിക ളിൽ ഒന്നായ് യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതി കൾക്കും ബാധകമാവുന്ന ചില പൊതുനിർദ്ദേശങ്ങൾ ചേർക്കുന്നു.

1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കു വയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മന സ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം.
2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥയാത്രകൾ ഇവയ്ക്ക് പ്രാധാന്യം.
3. യുവജനങ്ങൾക്ക് മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധതികൾ.

4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജന സംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും.
5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും പ്രഘോഷിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപപ്പെടുത്തുന്ന പദ്ധതികൾ.

യുവജനവർഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ജനുവരി 7-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർഥന ഉപയോഗിക്കാവുന്നതാണ്.

**യുവജനസഭയും വെല്ലുവിളികളും**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, 'യുവജനങ്ങൾ സഭയുടെ ഇന്നാണ്' (അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവിളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാ കാലത്തും അത് അങ്ങനെ തന്നെയാണ് താനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അകലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തിനായ് കുടിയേററം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്രമത്തെയും ഹിംസയെയും പ്രോത്സാഹിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്ക്കാരം, ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച, വന നിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവരോടുള്ള വിവേചനങ്ങൾ, അഴിമഴിയുടെയും സ്വജനപക്ഷപാതത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്ക്മരുന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലുവിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ.

പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ സജ്ജരായ യുവജനങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കിത്തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് 'യുവാവേ, എഴുന്നേൽക്കുക' (ലൂക്ക 7.14) എന്നും ജായ്റോസിന്റെ മകളോട് 'ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജനവർഷത്തിൽ കേരളസഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരള സഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ.

സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മധ്യസ്ഥം കേരളസഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജനവർഷം ത്രീയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാസഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും പൈതൃക ആശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ

*കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682 025*

NB: 2024 ജനുവരി 21-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 1208/2023

## സർക്കുലർ

*സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്റർ സെബാസ്റ്റ്യൻ വാണിയ പ്പുരയ്ക്കൽ, സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരി സഹോദരന്മാർ ക്കുമായി പുറപ്പെടുവിക്കുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോമലബാർസഭയുടെ പിതാവും തലവനുമെന്ന നിലയിൽ 2011 മെയ് 29 മുതൽ സഭയെ നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ചു ബിഷപ്പ് ശുശ്രൂഷാസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29നു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ അതീവഹൃദ്യമായ ഒരു കത്ത് എഴുതിയിരുന്നു. ആഗോളസഭയായി വളർന്നിരിക്കുന്ന സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത ചെയ്ത സ്തുത്യർഹമായ ശുശ്രൂഷകളെ ഈ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാവു കഴിഞ്ഞ 12 വർഷങ്ങളായി തീക്ഷ്ണവും ശക്തവും ധീരവും സഹനബദ്ധവും ആത്മാർത്ഥവു മായി ചെയ്ത നേതൃത്വശുശ്രൂഷകളെ നമുക്കു നന്ദിപൂർവം സ്മരിക്കാം.

വത്തിക്കാനിൽനിന്നു നല്കപ്പെട്ട നിർദേശപ്രകാരം 2023 ഡിസംബർ 7ന് ഇന്ത്യൻ സമയം വൈകുന്നേരം നാലരമണിക്കാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവു വിരമിക്കുന്ന വിവരം ഔദ്യോഗികമായി സഭാമക്കളെയും പൊതുസമൂഹത്തെയും അറി യിച്ചത്. ഇതേ സമയത്തുതന്നെ, എറണാകുളം-അങ്കമാലി അതിരൂപത യുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്ന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവു മാറിയ വിവരവും തൽസ്ഥാനത്ത് മെൽബൺ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവു നിയമിക്കപ്പെട്ട വിവരവും അറിയി ക്കപ്പെട്ടു.

മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ പുതിയ മേജർ ആർച്ചുബിഷപ്പ് സ്ഥാനം ഏറ്റെടുക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ കൂരിയമെത്രാനാണ് സഭയുടെ അഡ്മിനിസ്ട്രേറ്ററായി സഭയ്ക്കു നേതൃത്വം കൊടുക്കേണ്ടതെന്നു കാനൻ നിയമം അനുശാസി

ക്കുന്നു. അതിൻപ്രകാരം, ഞാൻ ഏറ്റെടുത്തിരിക്കുന്ന ഈ ശുശ്രൂഷാനിർവഹണത്തിനു ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർഥനാസഹായം അപേക്ഷിക്കുന്നു.

പുതിയ സഭാതലവനെ തെരഞ്ഞെടുക്കുന്നതിനു മേജർ ആർച്ചുബിഷപ്പു വിരമിച്ച ദിവസംമുതൽ രണ്ടു മാസത്തിനകം മെത്രാൻസിനഡു വിളിച്ചുകൂട്ടണമെന്ന സഭയുടെ കാനൻ നിയമം ഈ സാഹചര്യത്തിൽ ബാധകമാണ്. സീറോമലബാർ മെത്രാൻമാരുടെ മുപ്പത്തിരണ്ടാം സിനഡിന്റെ ഒന്നാം സമ്മേളനം 2024 ജനുവരിയിൽ നടത്തുന്നതിനുവേണ്ടി നിയമപ്രകാരമുള്ള ഔദ്യോഗിക കല്പന കഴിഞ്ഞ ഒക്ടോബർ 8നു നല്കപ്പെട്ടിട്ടുള്ളതാണ്. 2023 ഡിസംബർ 7നു വൈകുന്നേരം കൂടിയ പെർമനെന്റ് സിനഡിന്റെ തീരുമാനപ്രകാരം ജനുവരി 8 മുതൽ 13 വരെ നടക്കുന്ന സിനഡുസമ്മേളനത്തിൽത്തന്നെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു നടപടികൾ ആരംഭിക്കുന്നതാണ്. സിനഡു തെരഞ്ഞെടുക്കുന്ന പുതിയ മേജർ ആർച്ചുബിഷപ്പിന് പരിശുദ്ധ മാർപാപ്പയുടെ സ്ഥിരീകരണം ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഔദ്യോഗികപ്രഖ്യാപനവും തുടർന്നു സ്ഥാനാരോഹണവും നടക്കുന്നതാണ്. ഈ കാലഘട്ടത്തിൽ സീറോമലബാർ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഈ ശുശ്രൂഷാപദവിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭ മുഴുവനിലും ചൊല്ലുന്നതിനു ഒരു പ്രാർഥന തയ്യാറാക്കി ഈ സർക്കുലറിനൊപ്പം നല്കുന്നു. ഇത് 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കുശേഷവും കുടുംബങ്ങളിൽ സായാഹ്നപ്രാർഥനക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു.

മറ്റൊരു സുപ്രധാനകാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ ഹയരാർക്കിസ്ഥാപനത്തിന്റെ ശതാബ്ദിവർഷ സമാപനത്തിലെത്തിയിരിക്കുകയാണ് നാമിപ്പോൾ. 'റൊമാനി പൊന്തിഫിച്ചെസ്' എന്ന തിരുവെഴുത്തുവഴി 1923 ഡിസംബർ 21ന് പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് മാർപാപ്പയാണ് സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചത്. എറണാകുളത്തെ അതിരൂപതാപദവിയിലേയ്ക്കുയർത്തുകയും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്തരൂപതകളായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടു റോമാ മാർപാപ്പ എടുത്ത ഈ തീരുമാനത്തെത്തുടർന്നു സഭയുടെ നാളിതുവരെയുള്ള വളർച്ച അത്ഭുതാവഹമാണ്. പതിനാറാം

നൂറ്റാണ്ടുവരെ ഭാരതംമുഴുവനിലും അജപാലനാധികാരം ഉണ്ടായിരുന്ന സീറോമലബാർസഭയ്ക്ക് ഇടക്കാലത്ത് ഇതിനു പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതു പുനഃസ്ഥാപിക്കപ്പെട്ടു. 1887ലെ വികാരിയാത്തുകളുടെ സ്ഥാപനവും 1923ലെ ഹയരാർക്കി സ്ഥാപനവുമാണ് ഈ പ്രക്രിയയ്ക്ക് ആക്കംകൂട്ടിയത് എന്നതു പ്രത്യേകം സ്മരണീയമാണ്. ഈ ശതാബ്ദിവർഷത്തിൽ ഹയരാർക്കിസ്ഥാപനത്തിലൂടെ ദൈവം നമ്മുടെ സഭക്കു നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം. അതിന്റെ ഭാഗമായി 2023 ഡിസംബർ 21 വ്യാഴാഴ്ച സഭയിലെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ പ്രത്യേക വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലും പ്രത്യേക വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

ഹെബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ, സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം (10:24). പരസ്പരസ്നേഹത്തോടും ഐക്യത്തോടും സഹകരണമനോഭാവത്തോടുംകൂടി സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചക്കുവേണ്ടി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

സമാഗതമാകുന്ന ക്രിസ്മസിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2023 ഡിസംബർ 9-ാം തീയതി നൽകപ്പെട്ടത്.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ

---

ഈ സർക്കുലർ 2023 ഡിസംബർ 10 ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിച്ചതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 625 /2023, Circular No.11/2023

# *EDUSPARK*

*അതിരൂപതയിലെ കുട്ടികളെയും യുവജനങ്ങളെയും അനുധാവനം ചെയ്യുന്ന കർമ്മപദ്ധതി*

ഇശോയിൽ പ്രിയപ്പെട്ടവരെ,

നമ്മുടെ അതിരൂപതയിലെ കുട്ടികളെയും യുവജനങ്ങളെയും അനുധാവനം ചെയ്തുകൊണ്ട് അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും അറിവും പകർന്നു നല്കുക എന്ന ലക്ഷ്യത്തോടെ അതിരൂപത ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് *Eduspark.* ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ IT വിദഗ്ദ്ധരാണ് ഇതിനുള്ള സാങ്കേതിക സഹായം നല്കിയത്. ഈ സംവിധാനത്തിലൂടെ നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ഉന്നതവിദ്യാഭ്യാസരംഗത്തെ അവരുടെ ഭാവി പഠനത്തെക്കുറിച്ചും ജോലിസാധ്യതകളെക്കുറിച്ചും മുൻകൂട്ടി പഠിക്കുവാനും അതനുസരിച്ച് ഭാവി പദ്ധതികൾ വിഭാവനം ചെയ്യുവാനും കഴിയുന്നു. യുവജനങ്ങളോടൊപ്പം സഞ്ചരിക്കുക, അവരുടെ അഭിരുചി, വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, നേട്ടങ്ങൾ, കഴിവുകൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഗുണനിലാവാരമുള്ള ജീവിതരേഖ രൂപീകരിക്കാൻ സഹായിക്കുക, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ കോഴ്സുകൾ എന്നിവ പരിയചപ്പെടുത്തുക, വിവിധ സ്കോളർഷിപ്പുകൾ, മത്സരപരീക്ഷകൾ, പ്രവേശനപരീക്ഷകൾ, എന്നിവയെപ്പറ്റി അറിവു നല്കുക. തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുക, പ്ലസ്ടു പഠനം കഴിഞ്ഞ് വിവിധ രാജ്യങ്ങളിലായിരിക്കുന്നവരും അല്ലാത്തവരുമായ യുവജനങ്ങൾക്ക് വിശ്വാസപ

രിശീലനം നല്കുക തുടങ്ങിയ വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളാണ് *Eduspark* നുള്ളത്. തുടക്കത്തിൽ 12-ാം ക്ലാസ്സിലെ കുട്ടികളെയാണ് ഇതിൽ അംഗങ്ങളായി ചേർത്തിട്ടുള്ളതെങ്കിലും താമസിക്കാതെ 11, 10 ക്ലാസ്സിലെ കുട്ടികളെയും ഇതിൽ അംഗങ്ങളായി ചേർക്കുന്നതായിരിക്കും. ഭാവിയിൽ 8-ാം ക്ലാസ് മുതലുള്ള കുട്ടികളെ ഇതിൽ ചേർത്ത് അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്ന ഒരു കർമ്മപദ്ധതിയായി ഇത് മാറുന്നതാണ്.

കുട്ടികളെ അനുധാവനം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുവേണ്ടി നമ്മുടെ അതിരൂപതയിലെ ബഹു. സിസ്റ്റേഴ്സിന്റെ സേവനമാണ് നമ്മൾ ഉപയോഗിക്കുക. ഓരോ ഫൊറോനായിലും കുട്ടികളുടെ എണ്ണമനുസരിച്ച് അവരെ അനുധാവനം ചെയ്യുവാൻ ആവശ്യമായ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമായിരിക്കും. ആനിമേറ്റർമാരായി പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സ്, കുട്ടികളുമായും യുവജനങ്ങളുമായും ആവശ്യമെങ്കിൽ മാതാപിതാക്കളുമായും ആശയവിനിമയം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നതാണ്. ഓരോ വ്യക്തിയും ആത്മാർത്ഥമായി ഇതിനോട് സഹകരിച്ചാൽ മാത്രമെ ഈ സംരംഭം വിജയിക്കുകയുള്ളു എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. അതിനാൽ നിങ്ങളെ ഓരോരുത്തരെയും ആശ്രയിച്ചാണ് ഇതിന്റെ വിജയപരാജയങ്ങൾ നിർണ്ണയിക്കപ്പെടുക. നിങ്ങളുടെ ആനിമേറ്റർ സിസ്റ്ററുമായി നല്ല ബന്ധം സ്ഥാപിച്ച് ആശയവിനിയമത്തിന് ഓരോരുത്തരും തയ്യാറാകണം.

പ്രിയപ്പെട്ട കുട്ടികളെ, യുവജനങ്ങളെ, മാതാപിതാക്കളെ, മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സമൂഹത്തിലാണ് അവൻ ജനിക്കുന്നതും വളരുന്നതും. അതിനാൽ ആർക്കും ഇന്ന് ഒറ്റപ്പെട്ട് ജീവിക്കുവാൻ കഴിയില്ല. പരസ്പരമുള്ള ആശയവിനിമയത്തിലൂടെയാണ് മനുഷ്യൻ ഇന്ന് സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടുന്നതും അറിവുകൾ നേടി ജീവിതത്തിൽ വിജയിക്കുന്നതും. ഒറ്റപ്പെട്ടവരുടെ ദുഃഖം ലഘൂകരിക്കപ്പെടുന്നത് അവന്റെ കൂടെ ആളുണ്ട് എന്നും തന്നെയും ചേർത്തുപിടിക്കുവാൻ ആരെങ്കിലും ഉണ്ട് എന്നുമുള്ള തിരിച്ചറിവാണ്. ഇന്ന് നമ്മുടെ കുട്ടികളും യുവജനങ്ങളും പഠനത്തിനും ജോലിക്കുമായി സ്വന്തം വീടും നാടും വിട്ട് അന്യരാജ്യങ്ങളിലേക്ക് ചേക്കേറുകയാണ്. അവിടെ അവർ ഒറ്റപ്പെട്ടവരാണ്. നിങ്ങളുടെ നല്ല ഭാവിക്കുവേണ്ടിയാണ് ഇങ്ങനെ നിങ്ങൾ പോകുന്നത്. എങ്കിലും സ്വന്തം നാട്ടിൽ നിങ്ങളെ ഓർത്ത്

കഴിയുന്ന മാതാപിതാക്കളും സഹോദരങ്ങളും ഉണ്ട് എന്ന കാര്യം നിങ്ങൾ മറക്കരുത്.

നിങ്ങളുടെ പഠനം, താമസം, ജോലി, ആത്മീയജീവിതം ഇതൊക്കെ നിങ്ങളെ സ്നേഹിക്കുന്ന എല്ലാവരുടേയും ആകുലതകളാണ്. നിങ്ങൾക്ക് നല്ല സാമ്പത്തിക ഭദ്രത ഉണ്ടായാൽ മാത്രം പോര, ആത്മീയഭദ്രതയും ആവശ്യമാണ്. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം" (മത്താ. 16:26) ഈ ലോകത്തൽ എന്തൊക്കെ നേട്ടം കൈവരിച്ചാലും അത് നമ്മുടെ നിത്യരക്ഷക്ക് കാരണമാകുന്നില്ലെങ്കിൽ കൈവരിച്ച ഭൗതികനേട്ടങ്ങൾ പ്രയോജനരഹിത്മാകും എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതിനാൽ നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും നല്ല ഭാവിക്കായി നമുക്ക് പരസ്പരം കൈകോർക്കാം.

ഈ കാലഘട്ടത്തിന്റെ വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് നിങ്ങളുമായി ആശയവിനിമയം നടത്തുവാൻ ഞാനും ആഗ്രഹിക്കുന്നു. ആനിമേറ്റർമാരായിരിക്കും നിങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്നതെങ്കിലും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നിങ്ങളുമായി സംവദിക്കുവാൻ ഞാനും പരിശ്രമിക്കുന്നതാണ്. *Eduspark* എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കുവാൻ നേതൃത്വം കൊടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു. ഇതിന്റെ നേതൃത്വം ഏറ്റെടുത്തിരിക്കുന്ന അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തെയും ആനിമേറ്റർമാരായി പ്രവർത്തിക്കുവാൻ സന്മനസ്സ് കാണിച്ചിരിക്കുന്ന സിസ്റ്റേഴ്സിനും അഭിനന്ദനങ്ങൾ. *Eduspark* എന്ന ഓൺലൈൻ ആപ്ലിക്കേഷനിലൂടെ ആത്മീയവും, ഭൗതീകവുമായ വളർച്ചയുടെ പടവുകൾ കയറുവാൻ ദൈവം നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**+ മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

NB : ഈ സർക്കുലർ 2023 ഡിസംബർ 10 ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാന മധ്യേ വായിച്ചതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 633 /2023, Circular No.12/2023

ഈശോയിൽ പ്രിയപ്പെട്ടവരെ,

തിരുപ്പിറവിയുടെ സന്തോഷം അനുസ്മരിക്കുന്ന കാലമാണല്ലോ ക്രിസ്തുമസ്സ്. ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം. വളരെ പ്രധാനപ്പെട്ട ഒരു കാര്യം നിങ്ങളെ അറിയിക്കുവാനാണ് ഈ സർക്കുലർ എഴുതുന്നത്. 2023 നവംബർ 03 ന് വെടിക്കെട്ടിനെ സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച വിധി ഇതിനോടകം നമ്മൾ അറിഞ്ഞുവെങ്കിലും ഈ വിധിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ക്രിസ്തുമസ് കഴിഞ്ഞാൽ ഇടവകാത്തിരുനാളുകളുടെ ദിനങ്ങളാണല്ലോ. പ്രസ്തുത ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ നാം എല്ലാവരും ശ്രദ്ധിക്കണം. ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ദൈവാലയങ്ങളിൽ പടക്കം പൊട്ടിക്കണമെന്ന് വിശുദ്ധ പുസ്തകങ്ങളിൽ പറയുന്നില്ല എന്ന പരാമർശത്തോടെയാണ് ജസ്റ്റിസ് അമിത് റാവൽ ഉത്തരവ് പുറപ്പെടുവിച്ചത്. മരട് വെടിക്കെട്ടുമായി ബന്ധപ്പെട്ട ഹർജിയിന്മേലാണ് കേരളത്തിലെ എല്ലാ ആരാധനാലയങ്ങളിലും വെടിക്കെട്ട് നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് വന്നത്. ചില അപ്പീലുകൾ ഈ വിധിക്കെതിരേ ചിലർ നല്കിയിരുന്നെങ്കിലും കോടതി കർക്കശമായി വിധി പുനഃസ്ഥാപിക്കുകയാണ് ചെയ്തത്.

എക്സ്പ്ലോസീവ് റൂൾസ് പ്രകാരം ജില്ലാ കലക്ടറാണ് എക്സ്പ്ലോസീവ് ലൈസൻസ് നല്കേണ്ടത്. കലക്ടറുടെ അനുവാദം ലഭിക്കുവാനാവശ്യമായ സുരക്ഷാക്രമീകരണങ്ങൾ എളുപ്പത്തിൽ ചെയ്യാൻ കഴിയാത്തതിനാൽ ഈ അനുവാദം ലഭ്യമാക്കു

ന്നത് പ്രായോഗികമല്ല. എല്ലാ ജില്ലകളിലെയും ആരാധനാലയങ്ങളിൽ പരിശോധന നടത്തി അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന പടക്കങ്ങൾ പിടിച്ചെടുക്കുവാനും ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. അതിനാൽ അനുവാദമില്ലാതെ നമ്മുടെ പള്ളികളിലോ, പരിസരങ്ങളിലോ വെടിമരുന്നോ അനുബന്ധ സാധനങ്ങളോ സൂക്ഷിച്ചാൽ അത് നിയമലംഘനമായി കണക്കാക്കപ്പെടും. ഈ സാഹചര്യത്തിൽ നമ്മുടെ പള്ളികളിൽ തിരുനാളുകളോടനുബന്ധിച്ച് നിയമം അനുശാസിക്കുതുപോലെ വെടികെട്ടുകൾ പൂർണ്ണമായും നമുക്ക് ഒഴിവാക്കാം.

നിയമപരമായ അനുമതി വാങ്ങാതെ വെടിക്കെട്ടു നടത്തിയാൽ പള്ളി വികാരി ഒന്നാം പ്രതിയും കൈക്കാരൻമാരും കമ്മിറ്റി അംഗങ്ങളും കൂട്ടുപ്രതികളുമായി കേസ് രജിസ്റ്റർ ചെയ്യപ്പെടും. ചില ഇടവകയിലെങ്കിലും തിരുനാളിന് വെടിക്കെട്ട് ഒഴിവാക്കുന്നത് ഉൾക്കൊള്ളാൻ കഴിയാത്ത ചിലരുണ്ടെന്ന് എനിക്കറിയാം. പള്ളികളിൽനിന്നും വെടിക്കെട്ടുകൾ ഒഴിവാക്കിയാലും സ്വന്തം നിലയിൽ ആളുകൾ സംഘടിച്ച് വെടിക്കെട്ടുകൾ നടത്തുന്ന ചില തെറ്റായ രീതികളും ചിലയിടങ്ങളിൽ കണ്ടുവരുന്നുണ്ട്. പള്ളിയുടെ പറമ്പിൽ വെച്ച് വെടിക്കെട്ട് നടന്നാൽ ഉത്തരവാദിത്വം ബഹു. വികാരിയച്ചനും പള്ളിക്കമ്മിറ്റിക്കുമാണ്. നിയമങ്ങൾ ഇത്രത്തോളം കർക്കശമായതിനാൽ വെടിമരുന്ന് ഉപയോഗിച്ചുള്ള എല്ലാ ആഘോഷങ്ങളും കർശനമായി ഒഴിവാക്കേണ്ടതാണ്. രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുവാൻ ഉത്തരവാദിത്വമുള്ള ഉത്തമ പൗരൻമാരായി നമുക്ക് പെരുമാറാം. വെടിക്കോപ്പുകൾക്ക് ഉപയോഗിക്കുന്ന പണം ഇടവകയിലെ ജീവകാരുണ്യപ്രവൃത്തികൾക്ക്, പ്രത്യേകിച്ച് ഭവനരഹിതനായ ഒരു വ്യക്തിക്ക് ഭവനം നിർമ്മിച്ചുനല്കുവാൻ ഉപയോഗിച്ചാൽ അത് എത്രയോ ശ്രേഷ്ഠമായ തിരുനാൾ ആഘോഷമായി മാറും. ഈ വിഷയത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് നിങ്ങൾ കൈക്കൊള്ളുകയും തിരുനാളുകളിൽ ആത്മീയ ആഘോഷങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്യുമല്ലോ.

ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു. ഉണ്ണീശോ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**+ മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

NB : ഈ സർക്കുലർ 2023 ഡിസംബർ 17 ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാന മധ്യേ വായിച്ചതാണ്.

16-12-2023

# പിറവിതിരുകർമ്മങ്ങളുടെ സമയം

*പിറവിതിരുകർമ്മങ്ങളുടെ സമയം ഏകീകരിച്ചുകൊണ്ട്*
*അഭിവന്ദ്യ പിതാവ് നൽകിയ നിർദ്ദേശം*

പ്രിയ വൈദികരെ,

സമാഗതമാകുന്ന പിറവിത്തിരുനാളിന്റെ മംഗളങ്ങൾ സ്നേഹ പൂർവ്വം ആശംസിക്കുന്നു. പുൽക്കൂട്ടിൽ പിറന്ന ഉണ്ണിമിശിഹാ നമ്മുടെ വഴികളെ ദൈവാനുഗ്രഹം നിറഞ്ഞതാക്കട്ടെ. ക്രിസ്തുമസ് രാത്രിയിലെ കുർബ്ബാനയുടെ സമയത്തെക്കുറിച്ച് വൈദികരുടെയും ദൈവജന ത്തിന്റെയും ഇടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്ന തായി ഈ നാളുകളിൽ ഇവിടെ ലഭിക്കുന്ന നിരവധിയായ പരാതിക ളിൽനിന്ന് മനസ്സിലാക്കുന്നു. പരമ്പരാഗതമായി ക്രിസ്തുമസ് കുർബ്ബാന ഡിസംബർ 24 ന് രാത്രി പന്ത്രണ്ടു മണിക്ക് (ഡിസംബർ 25 ന്റെ ആദ്യ മണിക്കൂറിൽ) ആണ് നാം അർപ്പിക്കുന്നത്. ഓരോ വൈദികനും സ്വന്തം ഇടവകയിൽ അജപാലന സൗകര്യങ്ങൾ മുൻനിർത്തിയാണെ ങ്കിൽപ്പോലും പിറവിയുടെ തിരുകർമ്മങ്ങൾ വ്യത്യസ്ത സമയങ്ങളിൽ നടത്തുന്നത് വൈദികർക്കിടയിലും ദൈവജനത്തിനിടയിലും അസ്വ സ്ഥതകൾക്ക് കാരണമാകുന്നുണ്ട്. 2019 ലെ വൈദിക സമ്മേളനത്തിൽ നാം ഈ വിഷയം ചർച്ച ചെയ്യുകയും പരമ്പരാഗത സമയത്ത് പിറവി ത്തിരുന്നാൾ കർമ്മം ക്രമീകരിക്കാൻ തീരുമാനിക്കുകയും ചെയ്ത കാര്യം നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. അതിനാൽ ഇക്കാര്യത്തിൽ അതിരൂപതയുടെ പൊതുവായ നയം അനുസരിച്ച് എല്ലാവരും തിരു പ്പിറവിയുടെ കർമ്മങ്ങൾ 24 ന് രാത്രി 12 മണിക്കാണ് നടത്തേണ്ടത്. വിവിധ കാരണങ്ങളാൽ പാതിരാവിലെ കർമ്മങ്ങൾക്ക് വരാൻ കഴി യാത്തവർക്ക് പിറ്റേന്ന് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുവാൻ സാധി ക്കുമല്ലോ. ക്രിസ്തുമസ് ഡിസംബർ 25 നാണ് നാം ആഘോഷിക്കേ ണ്ടത്. പിറവിയുടെ തിരുകർമ്മങ്ങൾ പാതിരാവിനു മുൻപേ നടത്തു മ്പോൾ ക്രിസ്തുമസിന്റെ സഭാത്മക തീയതിതന്നെ മാറിപ്പോകുന്നു എന്ന ആക്ഷേപം നാം ഗൗരവമായി എടുക്കണം. വ്യക്തിപരമായ അസൗ കര്യങ്ങൾ മാറ്റിവച്ച് ഇക്കാര്യത്തിൽ എല്ലാവരും ഒരുമനസ്സോടെ സഹക രിക്കണം. അനിവാര്യമായ അജപാലനപ്രശ്നങ്ങൾ ഉള്ളവർക്കു മാത്രം അതിരൂപതാ കച്ചേരിയിൽ അറിയിച്ച് ഒഴിവ് വാങ്ങാവുന്നതാണ്.

സ്നേഹാശംസകളോടെ,

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

# കച്ചേരിക്കാര്യം
ജനുവരി 2024

## 1. പുതിയ നിയമനങ്ങൾ

i) റവ. ഫാ. ജോസഫ് വയലുങ്കൽ - വികാരി, പയ്യന്നൂർ
(07.01.2024 മുതൽ)

ii) റവ. ഫാ. ജോസ് പുന്നശ്ശേരി OFM Conv. - അസി. വികാരി
പനത്തടി (05.11.2023 മുതൽ)

iii) റവ. ഫാ. ജോസഫ് മണ്ണിപ്ലാക്കൽ OFM Cap. - അസി. വികാരി
വെള്ളാട് (09.12.2023 മുതൽ)

iv) റവ. ഫാ. വർഗ്ഗീസ് തുടിയംപ്ലാക്കൽ - അസി. വികാരി
തളിപ്പറമ്പ് (09.12.2023 മുതൽ)

## 2. സീറോ മലബാർ പ്രേഷിതവാരാചരണം

2024 ജനുവരി 7 മുതൽ 13 വരെ സീറോ മലബാർ പ്രേഷിതവാരമായി ആഘോഷിക്കുകയാണ്. നമ്മുടെ അതിരൂപതയിലെ മുഴുവൻ ഇടവകകളിലും പ്രേഷിതവാരം അർത്ഥവത്തായി നടത്തുവാൻ ശ്രമിക്കുമല്ലോ. സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി 2023 ജനുവരി 07 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച സമാഹരിക്കുകയും ജനുവരി അവസാനത്തോടെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## 3. ഫൊറോനാ കൗൺസിൽ

2024 ലെ ഫൊറോന കൗൺസിലിന്റെ ആദ്യയോഗം ജനുവരി മാസത്തിലെ ഏതെങ്കിലും ഒരു അവധി ദിവസം വിളിച്ചുകൂട്ടുമല്ലോ. അഞ്ചാമത് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖയാണ് പ്രസ്തുതയോഗത്തിൽ ചർച്ചചെയ്യേണ്ടത്. ബഹു. ഫൊറോനാ വികാരിയച്ചന്മാരുടെ പക്കൽ കഴിഞ്ഞ വൈദിക സമ്മേളനത്തിന്റെ അവസരത്തിൽ ഈ മാർഗ്ഗരേഖയുടെ കോപ്പികൾ

നൽകിയിട്ടുണ്ട്. ഓരോ ഫൊറോനയിലും 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോ മലബാർ സഭയിൽ' എന്ന തലക്കെട്ടിൽ നല്കപ്പെട്ടിരിക്കുന്ന ഈ മാർഗ്ഗരേഖയെക്കുറിച്ച് ക്ലാസ്സ് എടുക്കുവാനും ചർച്ചകൾക്ക് നേതൃത്വം കൊടുക്കുവാനും ഒരു വൈദികനെ ബഹു. ഫൊറോനാ വികാരിയച്ചന്മാർ ഉത്തരവാദിത്വം ഏല്പിക്കേണ്ടതാണ്. ചർച്ചകളുടെ റിപ്പോർട്ട് 2024 ഫെബ്രുവരി 15 നു മുമ്പായി കൂരിയായിലേക്ക് അയയ്ക്കുമല്ലോ.

**4. പഞ്ചാബ് മിഷൻ**

പഞ്ചാബ് മിഷനിലെ പ്രവർത്തനങ്ങൾ ബഹു. പുതുപ്പള്ളി അച്ചന്റെയും കരിമ്പൂഴിക്കൽ അച്ചന്റെയും മുക്കുഴി അച്ചന്റെയും നേതൃത്വത്തിൽ ഊർജ്ജസ്വലമായി നടന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ മാസം അഭിവന്ദ്യ പിതാവും മോൺ. ആന്റണി മുതുകുന്നേലച്ചനും പഞ്ചാബ് മിഷൻ സന്ദർശിക്കുകയും അവിടുത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പള്ളികളുടെ ഗ്രേഡ് അനുസരിച്ച് പഞ്ചാബ് മിഷന് വിഹിതം നിശ്ചയിച്ചിരുന്നുവല്ലോ. 2023 ഡിസംബർ 26 വരെ പഞ്ചാബ് മിഷനുവേണ്ടി തങ്ങളുടെ വിഹിതം ഏല്പിച്ച പള്ളികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | Adampara | 23 | Chully | 45 | Kottoorvayal |
| 2 | Adottukayam | 24 | Deepagiri | 46 | Kudianmala |
| 3 | Alakkode | 25 | Edoor | 47 | Lissigiri |
| 4 | Ammamkulam | 26 | Ennappara | 48 | Madathil |
| 5 | Anappanthi | 27 | Iritty | 49 | Malome |
| 6 | Anara | 28 | Kadumeni | 50 | Mampoil |
| 7 | Angadikkadavu | 29 | Kalichamaram | 51 | Manadukkom |
| 8 | Areekamala | 30 | Kalichanadukkom | 52 | Manakkadavu |
| 9 | Athirumavu | 31 | Kallar | 53 | Marypuram |
| 10 | Attenganam | 32 | Kallumuthirakkunu | 54 | Mattara |
| 11 | Badiyadukka | 33 | Kanakakkunnu | 55 | Melechovva |
| 12 | Balesugiri | 34 | Kanjangad | 56 | Modayaranji |
| 13 | Bheemanady | 35 | Kannivayal | 57 | Mundanoor |
| 14 | Birikkulam | 36 | Kannur | 58 | Naduvil |
| 15 | Charal | 37 | Karikottakari | 59 | Nedumpuramchal |
| 16 | Cheekkad | 38 | Karthikapuram | 60 | Neduvaloor |
| 17 | Chemperi | 39 | Karunapuram | 61 | Neeleshwaram |
| 18 | Chengome | 40 | Kavumthala | 62 | Nellikkutty |
| 19 | Chepparamba | 41 | Kiliyanthara | 63 | Nellippara |
| 20 | Cherupara | 42 | Kolakkad | 64 | Nirmalagiri |
| 21 | Cherupuzha | 43 | Kottody | 65 | Odenthode |
| 22 | Christnagar- Edakkom | 44 | Kottoor | 66 | Ottathai |

| | | | | | |
|---|---|---|---|---|---|
| 67 | Pachani | 81 | Perumpadavu | 94 | Udyapuram |
| 68 | Padankavala | 82 | Perumpunna | 95 | Ulickal |
| 69 | Padiyottuchal | 83 | Poinachy | 96 | Vayattuparamba |
| 70 | Paduppu | 84 | Pottemplavu | 97 | Velimanam |
| 71 | Palavayal | 85 | Pulikurumba | 98 | Vellad |
| 72 | Panathadi | 86 | Pulingome | 99 | Vellarikkundu |
| 73 | Panathoor | 87 | Punnakkunnu | 100 | Vellariyanam |
| 74 | Paramba | 88 | Randamkadavu | 101 | Vembua |
| 75 | Pathenpara | 89 | Rayrome | 102 | Vijayagiri |
| 76 | Payyannur | 90 | Sreekandapuram | 103 | Vijayapuram |
| 77 | Payyavoor | 91 | Tabore | 104 | Vilakkannur |
| 78 | Peravoor | 92 | Thomapuram | 105 | Vimalagiri |
| 79 | Peria | 93 | Udayagiri | | |
| 80 | Peringala | | | | |

### 5. പള്ളികളുടെ ഗ്രേഡുകൾ

2023 ജനുവരി മാസത്തിലെ ഗിരിദീപത്തിൽ പള്ളികളുടെ പുതുക്കിയ ഗ്രേഡ് പ്രസിദ്ധീകരിച്ചിരുന്നല്ലോ. ബഹു. വൈദികർ പാരീഷ് കൗൺസിലിന്റെ ശിപാർശയോടെ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് പ്രസിദ്ധീകരിച്ച ഗ്രേഡിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നു. വരുത്തിയ മാറ്റങ്ങൾ ഉൾപ്പെടെയുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**Grade - A+**

1. ALAKODE
2. CHEMPANTHOTTY
3. CHEMPERI
4. CHERUPUZHA
5. EDOOR
6. KARIKKOTTAKKARI
7. KARUNAPURAM
8. KUNNOTH
9. PAISAKARY
10. PERAVOOR
11. THOMAPURAM
12. VAYATTUPARAMBA
13. VELIMANAM
14. VELLARIKUNDU

**Grade - A**

1. ANGADIKADAVU
2. BHEEMANADY
3. CHANDANAKAMPARA
4. KANICHAR
5. KILIANTHARA
6. KOLAKKAD
7. KUDIANMALA
8. MALOME
9. MANIKKADAVU
10. MARYGIRI
11. NELLICKAMPOIL
12. NELLIKUTTY
13. PALAVAYAL
14. PERUMPADAVU
16. PULIKKURUMBA
16. PULINGOME
17. THALIPARAMBA
18. UDAYAGIRI

19. ULICKAL
20. VELLAD

## Grade - B

1 BALAL
2 CHEEKKAD
3 EDAKKOM
4 CHUNDAPARAMBA
5 ENNAPPARA
6 IRITTY
7 KACHERIKKADAVU
8 KADUMENI
9 KANHANGAD
10 KANNIVAYAL
11 KANNUR
12 KARTHIKAPURAM
13 KARUVANCHAL
14 KASARGOD
15 KEEZHPALLY
16 KOLAYAD
17 MANAKKADAVU
18 MANDALAM
19 MANGOD
20 MANIPPARA
21 NELLIPPARA
22 NIRMALAGIRI
23 ODENTHODE
24 PADANNAKKAD
25 PADUPPU
26 PANATHADY
27 PANATHOOR
28 PARIYARAM
29 PATHENPARA
30 PAYYAVOOR
31 PERATTA
32 RAYAROME
33 THIRUMENI
34 THALASSERY
35 VEMBUA
36 VILAKKANNUR
37 VIMALASSERY

## Grade - C

1 ANAPPANTHI
2 ARAVANCHAL
3 AREEKAMALA
4 ARYAPARAMBA
5 BADIADUKA
6 CHARAL
7 CHAYYOTH
8 CHEDIKULAM
9 CHENGOME
10 CHEPARAMBA
11 CHERUPARA
12 CHETTIYAMPARAMBA
13 DEEPAGIRI
14 ETTUPARA
15 KALANKY
16 KALLUMUTHIRAKKUNNU
17 KALLUVAYAL
18 KAMBALLOOR
19 KANJIRADUKKOM
20 KANJIRAKOLLY
21 KARAYATHUMCHAL
22 KARIAPALLY
23 KOLUVALLY
24 KONNAKKAD
25 KOTTODY
26 KOTTOOR
27 KOZHICHAL
28 KUNNUMKAI
29 KUTTAPARAMBA
30 LISSIGIRI
31 MADATHIL
32 MAMPOIL
33 MANDAPAM
34 MANJALAMPURAM
35 MARYPURAM
36 MATTARA
37 MELECHOVVA
38 MUNDANOOR

39 NADUVIL
40 NEDUVALOOR
41 NEELESWARAM
42 OTTATHAI
43 PACHANI
44 PADIMARUTH
45 PADIYOOR
46 PADIYOTTUCHAL
47 PARAPPA
48 PAYYANNUR
49 PERUMPUNNA
50 POTTAMPLAVU
51 PUNNAKKUNNU
52 PURAVAYAL
53 RAJAGIRI
54 RAJAMUDY
55 RANDAMKADAVU
56 SNEHAGIRI (UMMARAPOIL)
57 SREEKANDAPURAM
58 THAYYENI
59 URUPPUMKUTTY
60 VANIYAPPARA
61 VIJAYAGIRI (KAPPIMALA)
62 VILAMANA
63 VIMALAGIRI

Grade - D

1 ADAMPARA
2 ADOTTUKAYAM
3 ALPHONSAGIRI (THERMALA)
4 AMMAMKULAM
5 ANARA
6 ARABI
7 ARIVILANJAPOIL
8 ATHIRUMAVU
9 ATTAKANDAM
10 ATTENGANAM
11 AYANNOOR
12 BALESUGIRI
13 BEDOOR
14 BIRIKULAM
15 CHATTAMALA
16 CHAVARAGIRI
17 CHEEMENI
18 CHOORAPADAVU
19 CHULLY
20 EDAKKANAM
21 EDAPPUZHA
22 EDATHOTTY
23 HOSANGADI (UDAYANAGAR)
24 JAYAGIRI
25 JOSE MOUNT
26 JOSEGIRI
27 KALICHAMARAM
28 KALICHANADUKKAM
29 KALLAR
30 KANAKAKKUNNU
31 KANAKAPPALLY
32 KANEELADUKKAM
33 KAVUMTHALA
34 KODOPPALLY
35 KUTTIKKOL
36 MANADUKKOM
37 MATTANNUR
38 MAVUMCHAL
39 MODAYARANJI
40 MULAPRA
41 MULLERIA
42 NATTAKKAL
43 NEDUMPURAMCHAL
44 NELLIKKUNNU
45 NELLIYADUKKOM
46 PADANKAVALA
47 PALATHINKADAV
48 PARAMBA
49 PERINGALA
50 PERINKARY
51 PERIYE
52 PERLA
53 POINACHI
54 PONMALA

55 POOLAKUTTY
56 POOPARAMBA
57 PUNCHA
58 RATHNAGIRI
59 SANTHINAGAR
60 THABORE
61 THADIKKADAVU
62 THERMALA
63 THIRUR
64 UDAYAPURAM
65 VARAKKADU
66 VATTIYARA
67 VAZHAMALA
68 VELLARIYANAM
69 VENNAKKALLU
70 VIJAYAPURAM

**6. ആദരാഞ്ജലികൾ**

**1. ശ്രീ. തോമസ് ഞാമത്തോലിൽ (70) :** ബഹു. അബ്രാഹം ഞാമത്തോലിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. തോമസ് ഞാമത്തോലിൽ 2023 ഡിസംബർ 1 ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2023 ഡിസംബർ 3 ന് വെളിമാനം സെന്റ് സെബാസ്റ്റ്യൻ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ഞാമത്തോലിൽ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**2. മോൺ. ആന്റണി കൊഴുവനാൽ (79) :** താമരശ്ശേരി രൂപതാംഗമായ മോൺ. ആന്റണി കൊഴുവനാൽ അച്ചൻ 2023 ഡിസംബർ 06 ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിൽ കാറ്റക്കിസം അസി. ഡയറക്ടർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം ബഹു. ആന്റണി അച്ചൻ നല്കിയിട്ടുണ്ട്. താമരശ്ശേരി രൂപതയിൽ ഒട്ടനവധി പദ്ധതികൾക്കു തുടക്കം കുറിച്ച തീക്ഷ്ണമതിയായ ഇടയനായിരുന്നു ബഹു. ആന്റണി അച്ചൻ. മൃതസംസ്കാരശുശ്രൂഷകൾ 2023 ഡിസംബർ 08 ന് കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോനാ ദൈവാലയ



സിമിത്തേരിയിൽ അഭിവന്ദ്യ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. ബഹു. ആന്റണി അച്ചന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**3. റവ. ഫാ. ആന്റണി മുഞ്ഞനാട്ട് (38) :** ഛാന്ദാ രൂപതാംഗമായ



ബഹു. ആന്റണി മുഞ്ഞനാട്ട് അച്ചൻ 2023 ഡിസംബർ 13 ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിലെ പയ്യന്നൂർ ഇടവകയിൽ അസി. വികാരിയായി സേവനം ചെയ്യുകയായിരുന്നു. മൃതസംസ്ക്കാര ശുശ്രൂഷകൾ 2023 ഡിസംബർ 15 ന് ചേപ്പറമ്പ് സെന്റ് ജൂഡ് ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ എഫ്രേം നരികുളം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട ആന്റണി അച്ചന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുന്നു. ഛാന്ദാ രൂപതയ്ക്കും ബഹു. ആന്റണി അച്ചന്റെ കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

## 7. സ്നേഹസ്മൃതി

1. റവ. ഫാ. തോമസ് പറമ്പേട്ട് - 02-01-2015
2. റവ. ഫാ. ജോസഫ് പരിയാരം - 06-01-1979
3. റവ. ഫാ. ജോബ് മൈലാടിയിൽ സിഎംഐ - 06-01-2016
4. റവ. ഫാ. മാത്യു വള്ളോംകുന്നേൽ - 09-01-2016
5. റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ - 10-01-1994
6. റവ. ഫാ. ജോസഫ് ആലക്കൽ - 17-01-2014
7. മോൺ. ജോസഫ് കണിയാമറ്റം - 17-01-2014
8. റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ - 18-01-1960
9. റവ. ഫാ. ബർനാർഡിൻ സിഎംഐ - 18-01-1989
10. റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ - 21-01-2007
11. റവ. ഫാ. ജോസഫ് മൈലാടൂർ - 21-01-2016
12. റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ - 23-01-2003
13. റവ. ഫാ. അബ്രാഹം പൊരുന്നോലിൽ - 31-01-1986

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# റിപ്പോർട്ട്

## അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം

തലശ്ശേരി അതിരൂപതാ 19-ാം പാസ്റ്ററൽ കൗൺസിലിന്റെ ആദ്യയോഗം 2023 ഡിസംബർ 09 ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്നു. കപ്പൂച്ചിൻ പാവനാത്മാ പ്രൊവിഷ്യൽ സുപ്പീരിയർ റവ. ഫാ. തോമസ് കരിങ്ങടയിൽ OFM Cap. പ്രാർത്ഥനയ്ക്കു നേതൃത്വം നല്കി. യോഗത്തിന് തലശ്ശേരി അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ സ്വാഗതം ആശംസിച്ചു. കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് മി. ജോർജ് തയ്യിൽ അവതരിപ്പിച്ചു. ഭേദഗതികൾ കൂടാതെ റിപ്പോർട്ട് അംഗീകരിക്കപ്പെട്ടു. തലശ്ശേരി അതിരൂപതാദ്ധ്യൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യക്ഷ പ്രസംഗം നടത്തുകയും ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും അഭി. പിതാവ് അധ്യക്ഷ പ്രസംഗത്തിൽ വിശദീകരിച്ചു. പുതുതായി പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവരെ അഭി. പിതാവ് അഭിനന്ദിക്കുകയും സഭാശുശ്രൂഷയ്ക്ക് സന്നദ്ധരായതിന് അവർക്ക് നന്ദി അറിയിക്കുകയും ചെയ്തു. സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിക്കുന്ന അതീവ ഗുരുതരസ്ഥിതി സർക്കാർ ഗൗരവത്തോടെ കാണണമെന്നും ഇനിമേൽ ഒരു കർഷകനും ജീവനൊടുക്കാതിരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും കാർഷിക വിളകളുടെ വിലതകർച്ചയിൽ ബാങ്കുകൾ നീതിരഹിതമായ ജപ്തി നടപടികളുമായി മുന്നോട്ടു പോകരുതെന്നും അഭി. പിതാവ് അധ്യക്ഷപ്രസംഗത്തിൽ ആവശ്യപ്പെട്ടു. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ സിനാഡാത്മ സഭ എന്ന കാഴ്ചപ്പാട് തലശ്ശേരി അതിരൂപതയിൽ പൂർണ്ണമായും പിന്തുടരുമെന്നും അഭി. പിതാവ് അധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പേര് വിളിച്ച് അതിരൂപതാ ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ അംഗങ്ങളെ പരിചയപ്പെടുത്തി. 240 അംഗളാണ് 19-ാമത് പാസ്റ്ററൽ കൗൺസിൽ ഉള്ളത്. തുടർന്ന് പാരീഷ് കൗൺസിൽ അംഗങ്ങൾക്ക് മോൺ. ജോസഫ് ഒറ്റപ്ലാക്കൽ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിവിധ സമിതികളിലേക്കുള്ള തിരഞ്ഞെടുപ്പായിരുന്നു പിന്നീട് നടന്നത്. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറിയായി അതിരൂപതാ ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേലിനെ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. മി. ജോർജ് തയ്യിലിനെ സെക്രട്ടറിയായി യോഗം തിരഞ്ഞെടുത്തു. അജണ്ട കമ്മിറ്റിയിലേക്ക് റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, സി. അനില മണ്ണൂർ എസ്.എ.ബി.എസ്, ബേബി തോലാനി, മാത്തുക്കുട്ടി പന്തപ്ലാക്കൽ, ഷിജോ സ്രായിൽ, ചിപ്പി വരിക്കമാക്കൽ, അനു മറ്റത്തിൽ

എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. കേരള കാത്തലിക്ക് കൗൺസിൽ അംഗങ്ങളായി ഫാ. കുര്യാക്കോസ് കളരിക്കൽ, ഡോ. പി.പി. സജിമോൻ പാലയ്ക്കൽ, ഷിനോ പാറയ്ക്കൽ, ബിനോയി തോമസ് എന്നിവരെയും ജീവകാരുണ്യ ഫണ്ട് കമ്മിറ്റിയിലേക്ക് പി. പി. ബാബു പാലാട്ടിക്കൂനത്താൻ, സണ്ണി നെടിയകാലായിൽ, ഷീബ തെക്കേടത്ത് എന്നിവരെയും യോഗം തിരഞ്ഞെടുത്തു.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗങ്ങളായി ഡോ. കെ. പി. ഔസേപ്പച്ചൻ, ഡോ. ദീപ മാത്യു പാമ്പാടിയിൽ, ജോണി തോമസ് വടക്കേക്കര, ഡെന്നി തോമസ് വട്ടക്കുന്നേൽ, അഡ്വ. ടോണി തോമസ് പുഞ്ചക്കുന്നേൽ എന്നിവരെയും കോർപ്പറേറ്റ് വിദ്യാഭ്യാസ ബോർഡ് അംഗമായി ഡോ. എം. ജെ. മാത്യു മണ്ഡപത്തിനെയും തിരഞ്ഞെടുത്തു. രാഷ്ട്രീയകാര്യ സമിതിയിലേക്ക് ബേബി നെട്ടനാനി, അബിൻ വടക്കേക്കര, അഡ്വ. ഷീജ കാറുകുളം എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

2024 ദിവ്യകാരുണ്യവർഷമായി പാസ്റ്ററൽ കൗൺസിലിൽ അഭി. പിതാവ് പ്രഖ്യാപിച്ചു. ദിവ്യകാരുണ്യ വർഷത്തിന്റെ കർമ്മപരിപാടികൾ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അവതരിപ്പിച്ചു. വിയാനിനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതിരൂപതാ പ്രൊക്യൂറേറ്റർ ഫാ. ജോസഫ് കാക്കരമറ്റത്തിൽ അറിയിച്ചു. പിന്നീട് പൊതു വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയാണ് നടന്നത്. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ദൈവാലയങ്ങളിൽ തിരുനാളുകളോടനുബന്ധിച്ച് വെടിക്കെട്ടുകൾ നിരോധിക്കുവാൻ യോഗം തീരുമാനിച്ചു. ദിവ്യകാരുണ്യവർഷത്തിൽ ദിവ്യകാരുണ്യകേന്ദ്രീകൃതമായ അജപാലന പദ്ധതികൾ ഇടവകകളിൽ ഉണ്ടാകണമെന്ന് യോഗം നിർദ്ദേശിച്ചു. 365 ദിവസവും വി. കുർബാന സ്വീകരിക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നല്കണമെന്നും മാസത്തിലൊരിക്കൽ കുമ്പസാരദിനം ഇടവകകളിൽ ക്രമീകരിക്കണമെന്നും പൊതുവായ ചർച്ചാസമയത്ത് നിർദ്ദേശങ്ങൾ ഉണ്ടായി.

ഈ വർഷത്തെ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ തലശ്ശേരി അതിരൂപതാ മിഷൻലീഗിന്റെ ഡയറക്ടർ ഫാ. ജോസഫ് വടക്കേപറമ്പിലച്ചനെയും ടീം അംഗങ്ങളെയും യോഗത്തിൽ അനുമോദിച്ചു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയുടെ നന്ദി പ്രകാശനത്തോടെ ഉച്ചകഴിഞ്ഞ് 1.30ന് യോഗം അവസാനിച്ചു.

ജനറൽ സെക്രട്ടറി

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**

# റിപ്പോർട്ട്

## അതിരൂപത വൈദികസമ്മേളനം 2022 നവംബർ 28

2023 നവംബർ 28-ാം തീയതി ചൊവ്വാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ തലശ്ശേരി അതിരൂപതാ വൈദിക സമ്മേളനം നടന്നു. ബഹു. ജോസഫ് കളപ്പുരയ്ക്കൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ വൈദിക സമ്മേളനം രാവിലെ 10.15 ന് ആരംഭിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. ഈ വർഷം മരണമടഞ്ഞ ബഹു. വൈദികരെ യോഗം അനുസ്മരിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വൈദിക സമ്മേളനത്തിന് അധ്യക്ഷത വഹിക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഈ വർഷം പൗരോഹിത്യജീവിതത്തിന്റെ ജൂബിലി ആഘോഷിച്ച ബഹു. വൈദികരെ അനുമോദിച്ചുകൊണ്ട് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സംസാരിച്ചു. അഭി. പിതാവ് ജൂബിലിയേറിയൻസിനെ പൊന്നാട അണിയിച്ച് ആദരിച്ചു. വിവിധ മേഖലകളിൽ മികവ് തെളിയിച്ച ബഹു. വൈദികരെ യോഗം അനുമോദിച്ചു. ഈ വർഷത്തെ ഏറ്റവും മികച്ച NGO അവാർഡിനർഹനായ (മേരി ഗ്ലോവറി ബർക്കുമാൻസ് പേരിലുള്ള അവാർഡ്) TSSS ഡയറക്ടർ ബഹു. ബെന്നി നിരപ്പേലച്ചനെ അനുമോദിച്ചു. മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ ചാമ്പ്യന്മാരായ തലശ്ശേരി മിഷൻലീഗ് ഡയറക്ടർ ബഹു. ജോസഫ് വടക്കേപ്പറമ്പിലച്ചനെ അനുമോദിച്ചു. സന്യസ്തർക്കുവേണ്ടി നടന്ന ഗാനമത്സരത്തിൽ സമ്മാനാർഹനായ ബഹു. ജിതിൻ വയലുങ്കൽ അച്ചനെ അനുമോദിച്ചു. പഠനം പൂർത്തിയാക്കി ശുശ്രൂഷ ആരംഭിച്ച ബഹു. ഫാ. ജോർജ് കോവാട്ട്, ഫാ. മാത്യു കൊട്ടുകാപ്പള്ളി, ഫാ. സ്കറിയ വരമ്പകത്ത്, ഫാ. സെബാസ്റ്റ്യൻ വേമ്മേനിക്കട്ടയിൽ, ഫാ. സെബാസ്റ്റ്യൻ താഴപ്പള്ളി ഫാ. ജോസഫ് മഞ്ഞളാംകുന്നേൽ അച്ചനെയും ആലുവ മേജർ സെമിനാരിയിൽ അധ്യാപകനായി നിയമിതനായ ബഹു. തോമസ് തടത്തിൽപുത്തൻവീട്ടിൽ അച്ചനെയും യോഗം അനുമോദിച്ചു.

ദിവ്യകാരുണ്യവർഷത്തിന്റെ കർമ്മപദ്ധതികൾ മോൺ. ആന്റണി മുതുകുന്നേൽ അവതരിപ്പിച്ചു. സാധിക്കുന്ന ഇടവകകളിൽ ദിവ്യകാരുണ്യവർഷത്തിൽ ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് സൂചിപ്പിച്ചു. ദിവ്യകാരുണ്യവർഷത്തിൽ Brochure, Sticker എന്നിവ പ്രിന്റ് ചെയ്തു നൽകുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായമുണ്ടായി. വി. കുർബാനയെക്കുറിച്ചുള്ള ലീഫ്ലെറ്റുകൾ തയ്യാറാക്കി നല്കുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശങ്ങളുണ്ടായി. ഈ വർഷം ബഹു. വൈദികരുടെ വാർഷിക ധ്യാനം ദിവ്യകാരുണ്യകേന്ദ്രീകൃതമായിരിക്കുന്നത് ഉചിതമാണെന്ന അഭി

പ്രായമുണ്ടായി. ഇരുസാദൃശ്യങ്ങളിലും വി. കുർബാന നല്കുന്ന രീതിഎല്ലാ ദൈവാലയങ്ങളിലും ആരംഭിക്കണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. നാവിൽ വി. കുർബാന കൊടുക്കുന്നതാണ് ഉചിതമെന്നും അഭിപ്രായമുണ്ടായി. ഡിസംബർ 31 ന് വായിക്കുവാൻ കഴിയുംവിധം ദിവ്യകാരുണ്യവർഷത്തെക്കുറിച്ച് അഭിവന്ദ്യ പിതാവിന്റെ സർക്കുലർ തയ്യാറാക്കി നല്കുമെന്ന് യോഗത്തെ അറിയിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്കുകൾ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചൻ അവതരിപ്പിച്ചു. ബഹു. വൈദികർ മരണപ്പെട്ടാൽ അവർ ശുശ്രൂഷ ചെയ്ത പള്ളികളിൽ അന്നേദിവസം സന്ധ്യാമണിയോട് ചേർന്ന് മണി അടിക്കുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശമുണ്ടായി. പള്ളികളിലെ തിരുനാളിനോടനുബന്ധിച്ച് വെടിക്കെട്ട് പാടില്ല എന്ന ഗവൺമെന്റ് നിർദ്ദേശം കൃത്യമായി നടപ്പിലാക്കണം. ഇതു സംബന്ധിച്ച് സർക്കുലർ ജനുവരി ആദ്യം പള്ളികളിൽ വായിക്കുംവിധം തയ്യാറാക്കി നല്കുമെന്നറിയിച്ചു. ഇടവകകളുടെ അതിർത്തി പുനഃക്രമീകരണം സംബന്ധിച്ച് എന്തെങ്കിലും തർക്കും ഉണ്ടെങ്കിൽ ബഹു. ഫൊറോ വികാരിയച്ചന്മാർ ഈ വിഷയത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നല്കണമെന്ന് അഭി. പിതാവ് നിർദ്ദേശിച്ചു.

അടുത്ത വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർ പരിചയപ്പെടുത്തുകയും തങ്ങളുടെ തിരുപ്പട്ടത്തിനു ക്ഷണിക്കുകയും ചെയ്തു. അതിരൂപതയിൽ നിന്നുള്ള തീർത്ഥാടനയാത്രകൾ ഏകോപിപ്പിക്കുവാൻ ബഹു. ജോർജ് വെള്ളരിങ്ങാട്ടച്ചനെ ഏല്പിച്ചു. സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖ വൈദികസമ്മേളനത്തെ പരിചയപ്പെടുത്തി. ഡിസംബർ മാസത്തിലെ മാസധ്യാനത്തിലും ജനുവരി മാസത്തിൽ ഫൊറോനാ കൗൺസിലിലും ഈ വിഷയം ചർച്ച ചെയ്തു റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. Parish data-കൾ Digital ആക്കുന്നതിനെക്കുറിച്ച് പിതാവ് സൂചിപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ പൊതുനിർദ്ദേശങ്ങൾക്കു ശേഷം വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപടവിൽ അച്ചന്റെ നന്ദിയോടെ ഉച്ചകഴിഞ്ഞ് 4 മണിക്ക് യോഗം അവസാനിച്ചു.

സെക്രട്ടറി

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരും തലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

**1. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)**

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. ചോദ്യപേപ്പർ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചുനൽകുന്നതാണ്.

**2. പരീക്ഷാ സൂപ്പർവൈസർമാർ**

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

**3. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ**

a. പരീക്ഷ 2024 ജനുവരി 26-നു ഉച്ചയ്ക്കു 2 മണി മുതൽ 4 മണി വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.
b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30-നു മുൻപായി എത്തുക.
c. ഡിപ്ലോമ പരീക്ഷ ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തുന്ന

താണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തരക്കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കു ചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ ‘Center Head Sheet’ എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9447952958

### 4. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേ സ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 5. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റ് എല്ലാ സൺഡേസ്കൂളുകളും സമയത്തിനുള്ളിൽതന്നെ ഓഫീസിൽ എത്തിച്ചു നല്കി. അസൈൻമെന്റ് എഴുതാൻ പരിശീലനം നല്കിയ വിശ്വാസപരിശീലകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

## 6. ഡിപ്ലോമ ചോദ്യപേപ്പർ വിതരണം

ജനുവരി 13, 14, 19, 20, 21, 22 തീയതികളിലായിരിക്കും ചോദ്യപേപ്പർ വിതരണം നടത്തുക. ചോദ്യപേപ്പർ വിതരണ ദിവസം ഡയറക്ടറച്ചൻ എല്ലാ ഫൊറോനകളിലും വരുന്നുണ്ട്. അന്നേ ദിവസം പരീക്ഷയുടെ നടത്തിപ്പിനെക്കുറിച്ചും എൻലൈറ്റ് പ്രോഗ്രാമിനെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ നല്കുന്നതാണ്. ഓരോ ഫൊറോനയിലും വരുന്ന തീയതിയും സമയവും താഴെകൊടുക്കുന്നു.

| ഫൊറോന | തീയതി | സമയം |
|---|---|---|
| കാസർഗോഡ് | 13-01-2024 ശനി | 2.00 pm |
| പേരാവൂർ | 14-01-2024 ഞായർ | 2.30 pm |
| എടൂർ | 14-01-2024 ഞായർ | 4.00 pm |
| കുന്നോത്ത് | 19-01-2024 വെള്ളി | 9.00 am |
| നെല്ലിക്കാംപൊയിൽ | 19-01-2024 വെള്ളി | 10.30 am |
| മണിക്കടവ് | 19-01-2024 വെള്ളി | 12.00 pm |
| പൈസക്കരി | 19-01-2024 വെള്ളി | 2.30 pm |
| ചെമ്പേരി | 19-01-2024 വെള്ളി | 4.00 pm |
| ചെമ്പന്തൊട്ടി | 20-01-2024 ശനി | 9.00 am |
| വായാട്ടുപറമ്പ് | 20-01-2024 ശനി | 10.30 am |
| ആലക്കോട് | 20-01-2024 ശനി | 12.00 pm |
| മേരിഗിരി | 20-01-2024 ശനി | 2.30 pm |
| ചെറുപുഴ | 20-01-2024 ശനി | 4.00 pm |
| തോമാപുരം | 21-01-2024 ഞായർ | 2.30 pm |
| മാലോം | 21-01-2024 ഞായർ | 4.00 pm |
| വെള്ളരിക്കുണ്ട് | 22-01-2024 തിങ്കൾ | 9.00 am |
| പനത്തടി | 22-01-2024 തിങ്കൾ | 11.00 am |
| കാഞ്ഞങ്ങാട് | 22-01-2024 തിങ്കൾ | 2.00 pm |
| തളിപ്പറമ്പ് | 22-01-2024 തിങ്കൾ | 4.00 pm |

## 7. ക്രിസ്തുമസ്സ് പരീക്ഷ - നന്ദി

ഡിസംബർ 10-ാം തീയതി നടത്തിയ ക്രിസ്തുമസ്സ് പരീക്ഷ വിജയമാക്കാൻ പരിശ്രമിച്ച ബഹു. വൈദികർക്കും, പ്രധാനാധ്യാപകർക്കും, വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

**8. വിശ്വാസോത്സവം - ഏപ്രിൽ 01 മുതൽ 04 വരെ**

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ട താണ്. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 30 രൂപയായി രിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

**9. വാർഷികപരീക്ഷ I - XI :** അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 06 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും.

**10. അവധിക്കാല വേദപാഠം ഏപ്രിൽ 15-19**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 15ന് രാവിലെ 9.30 മുതൽ 19-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 7-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**11. ആസ്പെക്ട് 2023-2024**

2023-2024 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം"** എന്ന പുസ്തകമാണ്. ആദ്യത്തെ പത്ത് അധ്യായങ്ങളാണ് പഠിക്കേണ്ടത്. ഒന്നു മുതൽ ഏഴുവരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി മൂന്ന് ഓൺലൈൻ പരീക്ഷകളും എട്ടു മുതൽ പത്തുവരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി ഒരു എഴുത്തുപരീക്ഷയും നടത്തുന്നതാണ്. അഞ്ച്, ആറ്, ഏഴ് അധ്യായങ്ങളെ ആസ്പദമാക്കിയുള്ള എഴുത്തുപരീക്ഷ ജനുവരി 7 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നതാണ്.

**നിർദ്ദേശങ്ങൾ**

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.

b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.

c. പുസ്തകത്തിന്റെ 100 മുതൽ 155 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.

e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.

f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡ്മാസ്റ്ററിന് നൽകേണ്ടതാണ്.

g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 12. ASPCT പരീക്ഷ - നന്ദി

"സീറോമലബാർസഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം" എന്ന പുസ്തകത്തിന്റെ മൂന്ന്, നാല് അദ്ധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ഡിസംബർ 3, ഡിസംബർ 19 തീയതികളിൽ പരീക്ഷ നടത്തി. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

## 13. "സോൾട്ട്"

ഒക്ടോബർ 29 മുതൽ പ്ലസ്ടു കുട്ടികളുടെ റീജിയണൽ സംഗമങ്ങൾ **"സോൾട്ട്"** ആരംഭിച്ചു. സംഗമം ഞായറാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കും. ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകളാണ് സംഗമത്തിൽ നൽകുന്നത്. കുട്ടികളോടൊപ്പം ക്ലാസ്സധ്യാപകരും സംഗമത്തിൽ പങ്കെടുക്കുന്നു. രജിസ്ട്രേഷൻ ഫീസായി ഒരു കുട്ടി നൽകേണ്ടത് 150 രൂപയാണ്.

| **തീയതി** | **സ്ഥലം** | **പങ്കെടുക്കേണ്ട ഫൊറോനകൾ** |
|---|---|---|
| ജനുവരി 07 | ഉളിക്കൽ | കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ |

## 14. സോൾട്ട് 2023 - പടന്നക്കാട്

തലശ്ശേരി അതിരൂപതയിൽ കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി ഫൊറോനകളിൽ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി പടന്നക്കാട് വച്ച് സോൾട്ട് 2023 എന്ന പേരിൽ സംഗമം നടത്തി. റവ. ഫാ. അഖിൽ മുക്കുഴി, ശ്രീ. ജോബി ജോൺ മൂലയിൽ, ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## 15. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജനുവരി 14 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി

ഡിപ്ലോമ പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

## 16. മതബോധന മണിക്കൂർ

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന സമയമാണ് മതബോധന മണിക്കൂർ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

## 17. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 18. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2023-2024 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ജനുവരി മാസത്തിലെ അതിരൂപത വിസിറ്റ് : 07-01-2024:** പൂളക്കുറ്റി, പുറവയൽ, പുളിങ്ങോം, കാവുംതല, തലശ്ശേരി, നെല്ലിക്കുറ്റി, മണിപ്പാറ, പരിയാരം **14-01-2024:** പേരാവൂർ, കോലുവള്ളി, തോമാപുരം, പയ്യന്നൂർ **21-01-2024:** കല്ലുമുതിരക്കുന്ന്, കോഴിച്ചാൽ **28-01-2024:** പേരാവൂർ.

**19. വിസിറ്റ് - നന്ദി**

നവംബർ മാസത്തിൽ 30 സൺഡേ സ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**20. ഓഫീസ്, റിക്കാർഡുകൾ**

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്. അതിരൂപത വിസിറ്റർ വരുമ്പോൾ ഓഫീസ് റിക്കാർഡുകൾ പരിശോധിക്കുന്നതാണ്.

**21. EduSpark**

കുട്ടികളെ അനുധാവനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി അതിരൂപത ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് EduSpark. യുവജനങ്ങളോടൊപ്പം സഞ്ചരിക്കുക, അഭിരുചി, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള പ്രൊഫൈൽ ഉണ്ടാക്കാൻ സഹായിക്കുക, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ-കോഴ്സുകൾ പരിചയപ്പെടുത്തുക, വിവിധ സ്കോളർഷിപ്പുകൾ, മത്സരപരീക്ഷകൾ, പ്രവേശനപരീക്ഷകൾ എന്നിവയെപ്പറ്റി അറിവ് നൽകുക, വിദ്യാഭ്യാസ-തൊഴിൽ മേഖലകളെക്കുറിച്ചുള്ള അറിവ് നൽകുക തുടങ്ങി വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളാണ് EduSpark-ന് ഉള്ളത്.

**22. EduSpark – ഉദ്ഘാടനം**

ഡിസംബർ മാസം 1-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് EduSpark-ന്റെ അതിരൂപതാതല ഉദ്ഘാടനം നടത്തി. എല്ലാ സൺഡേ സ്കൂളുകളിൽ നിന്നും കുട്ടികളുടെയും അധ്യാപകരുടെയും പ്രതിനിധികൾ ഉദ്ഘാടന മീറ്റിംഗിൽ പങ്കെടുത്തു.

**23. EduSpark – മീറ്റിംഗ്**

ഡിസംബർ 7-ാം തീയതി വർക്കിംഗ് അഡ്മിൻ ആയ സിസ്റ്റേഴ്സിന്റെ മീറ്റിംഗ് നടത്തി.

**24. സീറോമലബാർ പ്രതിഭാസംഗമം**

ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടകൾക്കും സഭാതലത്തിൽ സീറോമലബാർ വിശ്വാസപരിശീലന കമ്മിഷൻ ഡിസംബർ 27, 28, 29 തിയതികളിൽ പ്രത്യേക പരിശീലനം നൽകുന്നു.

**അതിരൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

| പേര് വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| ജോൺ ശാശ്ശേരിൽ | മണിക്കടവ് | മണിക്കടവ് |
| മാത്യു താഴത്തുവടക്കേൽ | ചെമ്പേരി | ചെമ്പേരി |
| ക്ലെയർ ആനാനിഉറുമ്പേൽ | മാലോം | മാലോം |
| തെരേസ അയ്യങ്കാനാൽ | ചെമ്പേരി | ചെമ്പേരി |

**25. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക**

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ട താണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയി ച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. വിശ്വാസോത്സവ വർക്കുബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.

**26. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2023-2024 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേ ണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറി യിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**27. ഡയറക്ടറച്ചന്മാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ മഞ്ഞളാംപുറം, ഓടന്തോട്, കല്ലുമുതിരക്കുന്ന്, അരവ ഞ്ചാൽ എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ഉരുപ്പും കുറ്റി, പേരട്ട, മാലോം എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നട ത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### ആൽഫാ കോൺവൊക്കേഷൻ പ്രോഗ്രാം

2020, 2021 ബാച്ചുകളിലായി ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ MTh, BTh വിദ്യാർത്ഥികളുടെ ബിരുദദാനം 2023 ഡിസംബർ 16-ാം തീയതി ശനിയാഴ്ച രാവിലെ തലശ്ശേരി സാൻജോസ് മെട്രോപ്പൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സന്യസ്തരും അല്മായരുമടങ്ങുന്ന 220 പേരാണ് ഈ വർഷം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയത്. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. ടോം ഓലിക്കരോട്ട് കോൺവൊക്കേഷൻ പ്രഭാഷണം നടത്തി. റവ. മോൺ ആന്റണി മുതുകുന്നേൽ ആശംസകളർപ്പിച്ചു. റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ സത്യപ്രതിജ്ഞാ ചടങ്ങിന് നേതൃത്വം നൽകി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ റവ. ഫാ സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ സ്വാഗതവും ഡോ. സി. ജിസി മരിയ സിം.എം.സി നന്ദിയും പറഞ്ഞു.

### ലോഗോസ് ബൈബിൾ ക്വിസ് ജേതാക്കളെ ആദരിച്ചു

2023 ഡിസംബർ 16 ന് നടത്തിയ ബിരുദദാനചടങ്ങിൽ വച്ച് ഈ വർഷത്തെ ലോഗോസ് ക്വിസ് ജേതാക്കളെ ആദരിച്ചു. ലോഗോസ് സ്പെഷ്യൽ ക്വിസ് വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സമ്മാനം നേടിയ നിമ്മി ഏലിയാസിനെ വിജയത്തിലെത്തിച്ച ആദം മിനിസ്ട്രി ഡയറക്ടർ ബഹു. പ്രിയേഷ് കളരിമുറിയിലച്ചനെയും അനുമോദിച്ചു.

### പുസ്തകപ്രകാശനം നടത്തി

2023 ഡിസംബർ 16 ന് നടത്തിയ ബിരുദദാനചടങ്ങിൽ വച്ച് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. ടോം ഓലിക്കരോട്ട്

തയ്യാറാക്കിയ ദി റിയർ മിറർ: പിന്നിട്ട വാർത്തകളുടെ പുനർവായന എന്ന ഗ്രന്ഥം തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പ്രകാശനം ചെയ്യുകയും തലശ്ശേരി മൈനർ സെമിനാരി റെക്ടർ റവ. ഡോ. ജോർജ്ജ് കരോട്ട് അച്ചൻ ആദ്യത്തെ കോപ്പി ഏറ്റുവാങ്ങുകയും ചെയ്തു. പെരുമ്പടവ് ദേവാലയ വികാരി റവ. ഡോ. മാണി മേൽവട്ടം പുസ്തകത്തിന്റെ നിരൂപണം അവതരിപ്പിച്ചു. കോഴിക്കോട് ആത്മാബുക്ക്സ് ആണ് പബ്ലിക്കേഷൻ നിർവ്വഹിച്ചിരിക്കുന്നത്.

## ലോഗോസ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും

2023 ലെ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഫൊറോന കേന്ദ്രങ്ങളിൽ ജനുവരി ആദ്യ ആഴ്ചയിൽ ത്തന്നെ എത്തിക്കുന്നതാണ്. ഓരോ ഇടവകയും നടത്തിയ രജിസ്ട്രേഷന് ആനുപാതികമായിട്ടാണ് സമ്മാനങ്ങൾ ലഭിക്കുക. അവയുടെ ലഭ്യതയനുസരിച്ച് ഓരോ ഗ്രൂപ്പിലും കൂടുതൽ മാർക്കു ലഭിച്ചവർക്ക് അവ വിതരണം ചെയ്യുമല്ലോ. സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഇടവകകളിലെത്തിച്ച് അർഹതയുള്ളവർക്കു നൽകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

## പാഠപുസ്തക വിതരണം

ഈ സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ ജനുവരി ആദ്യ ആഴ്ചയിൽത്തന്നെ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും എത്തിക്കുന്നതാണ്. പ്രധാനാധ്യാപകർ ഓരോ ഇടവകയിലേക്കുമുള്ള പുസ്തകങ്ങൾ യഥാസമയം എത്തിച്ചു നൽകുമല്ലോ.

## ബൈബിൾ മാസാചരണം, ഉദ്ഘാടനം

2023 വർഷത്തെ ബൈബിൾ പാരായണമാസാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ഡിസംബർ ഒന്നാം തീയതി വെള്ളിയാഴ്ച രാവിലെ 6.30 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. ഭക്തിനിർഭരമായ ബൈബിൾ പ്രദക്ഷിണത്തിന് ശേഷം അഭിവന്ദ്യപിതാവ് ദൈവാലയത്തിൽ വി. ഗ്രന്ഥം പ്രതിഷ്ഠിക്കുകയും ചെയ്തു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അസി.ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ, കത്തീഡ്രൽ വികാരി വെരി. റവ. ഡോ. ജോർജ് കരോട്ട് എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

## ബൈബിൾ ഞായറാചരണം, ഡിസംബർ 17 ഞായറാഴ്ച

തലശ്ശേരി അതിരൂപതാതല ബൈബിൾ ഞായറാചരണം ഡിസംബർ 17 ഞായറാഴ്ച, പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. ആഘോഷകരമായ ബൈബിൾ റാലി, ബൈബിൾ

പ്രതിഷ്ഠ, വി. കുർബ്ബാന, വചനസന്ദേശം, ബൈബിൾ അധിഷ്ഠിത കലാപരിപാടികൾ എന്നിങ്ങനെ വിപുലമായ പരിപാടികൾ ബൈബിൾ ഞായറാചരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുകയുണ്ടായി. ആർച്ച് പ്രീസ്റ്റ് ഫാ. തോമസ് കൊച്ചുകരോട്ട്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട്, ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ടോം ഓലിക്കരോട്ട് തുടങ്ങിയവർ ചടങ്ങിന് നേതൃത്വം നൽകി.

## സഭാനവീകരണ വർഷധ്യാനം

കേരളസഭാ നവീകരണ വർഷാചരണത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ 2023 ഡിസംബർ മാസം 7-10 തീയതികളിൽ കുന്നോത്തു ഫൊറോനയിലെ 13 ഇടവകകളിലും 14-17 തീയതികളിൽ എടൂർ ഫൊറോനയിലെ 8 ഇടവകകളിലും ധ്യാനം നടത്തപ്പെട്ടു. ധ്യാന ദിവസങ്ങളിൽ അഭിവന്ദ്യ പാംപ്ലാനി പിതാവ് ധ്യാനം നടന്ന ഇടവകകളിൽ സന്ദർശനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു. ധ്യാനത്തിന് നേതൃത്വം നൽകിയ ബഹു. വൈദികർക്കും മറ്റ് ധ്യാന ടീം അംഗങ്ങൾക്കും നന്ദി പറയുന്നു. ധ്യാന വിജയത്തിന് ആവശ്യമായ ക്രമീകരണങ്ങളും സൗകര്യങ്ങളും ചെയ്ത ബഹു. ഫൊറോന വികാരിയച്ചന്മാർ, വികാരിയച്ചന്മാർ, കൈക്കാരന്മാർ യൂണിറ്റ് തല ഭാരവാഹികൾ, മാതൃവേദി അംഗങ്ങൾ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

***ഏവർക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാർത്ഥനാനിർഭരമായ ക്രിസ്തുമസ്, പുതുവത്സരാശംസകൾ ....***

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ് പ്രിയ മിഷനറിമാരെ,

പ്രതീക്ഷകളുടെ പുതുസുഗന്ധം പരത്തി 2024 വരവായി. കളിച്ചും, ചിരിച്ചും, പഠിച്ചും, പ്രാർത്ഥിച്ചും നമുക്കൊപ്പമായിരുന്ന 2023 യവനികയ്ക്കുള്ളിലേയ്ക്ക് മറയുമ്പോൾ ദൈവം ഈ ഒരു വർഷം ചൊരിഞ്ഞ അവർണ്ണനീയമായ ദാനങ്ങൾക്ക് നന്ദി പറയാം. ഒപ്പം പുത്തൻ പ്രതീക്ഷകളുടെ പൊൻചിറകുകളുമായി പുതുവർഷത്തെ നമുക്ക് എതിരേൽക്കാം. ഈ പുതുവർഷത്തിൽ ചെറിയ ഒരു പുഞ്ചിരിയിലൂടെ, നല്ല വാക്കുകളിലൂടെ,കൊച്ചു കൊച്ചു സഹായങ്ങളിലൂടെ അനേകരിൽ പ്രതീക്ഷകളുടെയും, നന്മയുടെയും പുതുനാമ്പുകൾ മുളപ്പിക്കുവാനും ഈ പുതുവർഷത്തിൽ നമുക്ക് ഉത്സാഹിക്കാം. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ദനഹാതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ |
| പ്രാർത്ഥനാനിയോഗം | : | എല്ലാ മിഷണറിമാർക്കും വേണ്ടി |
| സുകൃതജപം | : | ഈശോയെ ലോക രക്ഷകാ ഞാൻ അങ്ങയെ ആരാധിക്കുന്നു. |
| വചനാമൃതം | : | 2 കൊറി 22-ാം അദ്ധ്യായം |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : പുതുവർഷാരംഭം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

3 ബുധൻ : വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ

6 ശനി : ദനഹാതിരുനാൾ, സീറോ മലബാർ മിഷൻ വാരാഘോഷം ആരംഭം

12 വെള്ളി : പ്രേഷിതവാരം സമാപനം

24 ബുധൻ : ജീവന്റെ മൂല്യം പ്രസംഗമത്സരം (ശാഖകളിൽ)

26 വ്യാഴം : വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്, ടീം ക്വിസ്, കയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം

30 തിങ്കൾ : ലോകസമാധാനദിനം

**2. മേഖലകൾ ശ്രദ്ധിക്കാൻ** : എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി, ഓർഗനൈസിംഗ് ടീം മീറ്റിംഗ്. ടീം ക്വിസ്സ്, കൈയെഴുത്ത് മാസിക.

### 3. കൈയ്യെഴുത്ത് മാസിക

ഈ വർഷത്തെ കൈയെഴുത്ത് മാസികയുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണല്ലോ. മേഖലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയെഴുത്ത് മാസിക അതിരൂപതയിൽ എത്തിക്കേണ്ട അവസാന തീയതി 2024 ജനുവരി 26-ാം തീയതി ആണ്.

### 4. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2024 ജനുവരി 26 ന് നടത്തപ്പെടും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിരൂപതാ മത്സരത്തിനുമുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 56, നവംബർ മാസം ഗിരിദീപം പേജ് 53, കാണുക.) മത്സരം നടക്കുന്ന സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

### 5. ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26-ാം തീയതി ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ് ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

### 6. പ്രേഷിതവാരം

2024 ജനുവരി 6 മുതൽ 12 വരെ പ്രേഷിതവാരമായി നാം ആചരിക്കുന്നു. മിഷൻ പ്രവർത്തനങ്ങളെ ഓർക്കുകയും എല്ലാ മിഷണറിമാർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. പ്രേഷിതവാരത്തോടനുബന്ധിച്ച് നമുക്ക് ചെയ്യാവുന്ന കാര്യങ്ങൾ ഉടൻ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

### 7. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ജനുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ

ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**8. മേഖലാ സന്ദർശനം**

ജനുവരി മാസത്തിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തുന്നതായിരിക്കും എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**9. മിഷൻ പച്ചക്കറിത്തോട്ടം**

മിഷൻ പച്ചക്കറിത്തോട്ടം 2-ാം ഘട്ട സന്ദർശനം ജനുവരി ആദ്യ ആഴ്ച തന്നെ നടത്തുന്നതായിരിക്കും.

**10. മേഖലാ കൗൺസിൽ വാർഷികം**

26.11.2023 – ന് നെല്ലിക്കാംപൊയിൽ മേഖല കൗൺസിൽ വാർഷികം നെല്ലിക്കാംപൊയിൽ ശാഖയിൽ വച്ച് നടത്തി. കൗൺസിൽ വാർഷികം നടത്താത്ത മേഖലകൾ ഉടനെതന്നെ നടത്തേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു.

**11. ടെലി ക്വിസ്**

അതിരൂപതയുടെ നേതൃത്വത്തിൽ ജൂലൈമാസം മുതൽ നടത്തപ്പെട്ട ടെലിക്വിസ് മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും അതിന് നേതൃത്വംകൊടുത്തവർക്കും അഭിനന്ദനങ്ങൾ. ഈ വർഷത്തെ ടെലിക്വിസ് മത്സരം നവംബർ മാസത്തോടെ സമാപിച്ചു എന്നകാര്യം സ്നേഹപൂർവ്വം അറിയിക്കട്ടെ.

**നവംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| മേരി മണ്ഡപത്തിൽ, തിരുമേനി | – | ആലക്കോട് റീജിയൺ |
| അയോണ പുറത്തേപ്പാട്ട്, മണിപ്പാറ | – | ഇരിട്ടി റീജിയൺ |
| ആഞ്ചലീന ഇല്ലിച്ചിറയിൽ, വരക്കാട് | – | കാഞ്ഞങ്ങാട് റീജിയൺ |

**12. നക്ഷത്രദൂത്**

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ് മെസേജ് "നക്ഷത്രദൂത്" എന്ന പേരിൽ വാട്സ് ആപ്പിലൂടെയും യൂട്യൂബിലൂടെയും അയച്ചിരുന്നു. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും പ്രത്യേകമായി പങ്കെടുത്ത് സഹകരിച്ചവർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**13. ഗ്ലോറിയ നൈറ്റ് – ശാന്തിഭവൻ**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാതല ക്രിസ്തുമസ് ആഘോഷം വായാട്ടുപറമ്പ് മേഖലയുടെ സഹകരണത്തോടെ ഡിസംബർ 23-ാം തീയതി കരുവഞ്ചാൽ ശാന്തിഭവനിലെ ബഹു. വൈദികർക്കൊപ്പം നടത്തി.

**14. വചനമരം**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**15. ഉണ്ണീശോ കട്ടിൽ**

പഞ്ചാബ് മിഷനിലെ അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപ ചിലവാകും. ഏറ്റവും കുറഞ്ഞത് ഒരു കട്ടിലിനുള്ള തുകയോ ഭാഗികമായുള്ള തുകയോ നൽകാൻ പരിശ്രമിക്കുമല്ലോ.

**16. സെമിനാറുകൾ, ക്ലാസ്സുകൾ**

- 26.11.2023 ന് അട്ടക്കണ്ടം ശാഖയിൽ ബിജു കൊച്ചുപൂവക്കോട്ട് സെമിനാർ നടത്തി.
- 26.11.2023 ന് മാലോം ശാഖയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.
- 03.12.2023 ന് പേരട്ട ശാഖയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ധാരാളം കൃപകൾ സമ്മാനിച്ച വർഷമാണല്ലോ 2023. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2024 ലേയ്ക്ക് പ്രവേശിച്ചിരിക്കുമ്പോൾ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരുവാൻ ഉണ്ണീശോ അനുഗ്രഹിക്കട്ടെ. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

അനുസ്മരിക്കുന്ന തിരുനാൾ : ദനഹാതിരുന്നാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
പ്രാർത്ഥനാനിയോഗം : നവവൈദികർക്കുവേണ്ടി
സുകൃതംജപം : ദൈവമെ അങ്ങയുടെ സ്നേഹത്താൽ എന്നെ നിറയ്ക്കണേമേ.
വചനം : ഒരു പുതിയ സൃഷ്ടിയാവുകയാണ് പരമ പ്രധാനം.
പ്രവൃത്തി : എയ്ഞ്ചൽ ഫെസ്റ്റ് മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : എയ്ഞ്ചൽ ഫെസ്റ്റ് – അതിരൂപതാ കലോത്സവം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 തിങ്കൾ : പുതുവർഷാരംഭം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.
3 ബുധൻ : വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ
6 ശനി : ദനഹാതിരുനാൾ
13 ചൊവ്വ : എയ്ഞ്ചൽസ് ഫെസ്റ്റ്
26 വെള്ളി : ആനിമേറ്റേഴ്സ് മീറ്റിംഗ്

**2. വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ജനുവരി 26-ാം തീയതി ശാഖാ ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിം ഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ് ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതി നോടനുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

**3. വചനമരം**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാ ലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹു. അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**4. ഉണ്ണീശോ കട്ടിൽ**

പഞ്ചാബ് മിഷനിലെ അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപ ചില വാകും. എല്ലാവരും സഹകരിക്കുമല്ലോ.

**5. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ജനുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണ തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**6. ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം എന്ന ആറാം അധ്യായം പഠിക്കാം. ഈശോ സന്തോഷത്തോടെ ആയിരുന്നു തന്റെ ജോലികൾ ചെയ്തതും രോഗികളെ സുഖപ്പെടുത്തിയതും ജനക്കൂട്ടത്തെ പഠിപ്പിച്ചതുമെല്ലാം. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ എപ്പോഴും സന്തോഷത്തോടെ സംതൃപ്തിയോടെ ജീവിക്കാം.

**7. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം എന്ന

ആറാം അധ്യായത്തിലെ പേജ് 35 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ജനുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**8. വഴി കാട്ടാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സന്തോഷമുള്ളവരാകാം എന്ന ആറാം അധ്യായത്തിലെ പേജ് 36 ലെ വഴി കാട്ടാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ജനുവരി 20ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**9. എയ്ഞ്ചൽസ് ഫെസ്റ്റ് 2023-24 (കലോത്സവം)**

തിരുബാലസഖ്യകലോത്സവത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നേരത്തെ നൽകിയിരുന്നല്ലോ. അതനുസരിച്ച് മേഖലകളിൽ മത്സരം നടത്തിക്കാണുമെന്ന് കരുതുന്നു. ജനുവരി 14-ാം തീയതിയാണ് മേഖലകളിൽ മത്സരം നടത്തി 1-ാം സ്ഥാനം കിട്ടിയ കുട്ടികളുടെ വിഡിയോ പെൻഡ്രൈവിലാക്കി അതിരൂപതയിൽ നൽകേണ്ടതെന്ന് സ്നേഹപൂർവ്വം ഓർമപ്പെടുത്തുന്നു. തിരുബാലസഖ്യ മത്സരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**10. ക്രിസ്തുരാജൻ മുദ്രാവാക്യ മത്സരവിജയികൾ**

| | | |
|---|---|---|
| Ist | റിയോൺ വെള്ളാപ്പിള്ളി | പടിയൂർ |
| IInd | അൽഫോൻസ മാളിയേക്കൽ | കോട്ടൂർ വയൽ |
| IIIrd | ഇവാന തുമ്പശ്ശേരി | ഉമ്മറപൊയിൽ |

**11. നിറംകൊടുക്കാമോ ഡിസംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ജുവൽ മരിയ ജോണി | മുണ്ടാന്നൂർ |
| II | മരിയ ചക്കാലയിൽ | കച്ചേരിക്കടവ് |
| III | ആഗ്നസ് മുട്ടത്ത് | മാലോം |

**12. നിങ്ങൾക്കറിയാമോ ഡിസംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ജോയൽ തലമുണ്ടകത്തിൽ | കനകക്കുന്ന് |
| II | ഏബൽ തകിടിയേൽ | പെരിങ്ങാല |
| III | ആൻ മരിയ പൂവ്വത്തുങ്കൽ | കീഴ്പ്പള്ളി |

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി"
*(വി. ലൂക്ക 2:14)*

പ്രിയപ്പെട്ട ഡയറകറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഉണ്ണിയേശുവിന്റെ തിരുപ്പിറവിയുടെയും നവവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു. പുതിയ വർഷത്തിൽ നവീനങ്ങളായ പ്രോഗ്രാമുകളുമായി നമുക്കൊരുമിച്ച് മുന്നേറാം.

**ക്രിസ്തുമസ്സ് സന്ദേശയാത്ര**

അതിരൂപത കെസിവൈഎം-ന്റെ നേതൃത്വത്തിൽ ഇരിട്ടിയിൽവച്ച് ഡിസംബർ 23 ന് ബോൺ നത്താലെ നടത്തുന്നു. ഇരിട്ടി റീജണിൽ നിന്നുള്ള അഞ്ച് ഫൊറോനകളിൽ നിന്നുമായി മൂവായിരത്തോളം യുവജനങ്ങൾ പങ്കെടുക്കും. ക്രിസ്തുമസ്സ് സന്ദേശം പകരുന്ന ക്രിസ്തുമസ്സ് സന്ദേശ റാലി മൂന്നാം പ്രാവശ്യമാണ് അതിരൂപതയിൽ നടക്കുന്നത്.

**ബോൺനത്താലെ സംഘാടക സമിതി**

ക്രിസ്തുമസ് സന്ദേശയാത്ര ബോൺനത്താലെയുടെ സംഘാടക സമിതി രൂപീകരച്ചു. ഫൊറോന വികാരിമാർ, ഡയറക്ടർമാർ, പ്രസിഡണ്ടുമാർ എന്നിവർ അതിരൂപത സമിതിയോടൊപ്പം മീറ്റിംഗിൽ പങ്കെടുത്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അഖിൽ സി.ജെ., ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ പ്രസംഗിച്ചു. വിപുലമായ സംഘാടക സമിതിയെ രൂപപ്പെടുത്തി.

**ഗ്ലോറിയ - അഗതിമന്ദിരത്തിലൂടെ ക്രിസ്തുമസ് സന്ദേശയാത്ര**

അഗതിമന്ദിരത്തിലൂടെയുള്ള ക്രിസ്തുമസ്സ് സന്ദേശയാത്ര ഡിസംബർ 31-ാം തീയതി നടത്തപ്പെടും. അതിരൂപതയിലെ 26 അഗതി മന്ദിരങ്ങളിൽ സന്ദർശനം നടത്തി, കേക്ക് മുറിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

**ജിങ്കിൾബെൽസ് - ഗ്ലോറിയ**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് ചെറുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ ജിങ്കിൾബെൽസ് ക്രിസ്തുമസ്സ് സന്ദേശയാത്ര നട

ത്തപ്പെടുന്നു. ഡിസംബർ 23 ശനിയാഴ്ച വൈകിട്ട് 6 മണിക്കാണ് നടത്തപ്പെടുന്നത്. ഗ്ലോറിയ 2023 എന്ന പേരിൽ വായാട്ടുപറമ്പ് ഫൊറോനയിലും കരോൾ യാത്ര നടത്തുന്നു.

### മനസ്സിൽ ഒരു പുൽക്കൂട്

അതിരൂപതാ കെസിവൈഎം-ന്റെ നേതൃത്വത്തിൽ ഓരോ ഫൊറോനയെയും സമർപ്പിച്ചുകൊണ്ട് ക്രിസ്തുമസ്സ് ചിന്തയും പുണ്യപ്രവർത്തിയും ഉൾപ്പെടുത്തി മനസ്സിൽ ഒരു പുൽക്കൂട് നടത്തപ്പെടുന്നു. 'ഫെലിൽ നതാൽ' ചെമ്പന്തൊട്ടി ഫൊറോന എന്ന പേരിലും, കുന്നോത്ത് ഫൊറോന 'ഉണ്ണിക്കൊപ്പം' എന്ന പേരിലും, 'ഓർമ്മപ്പെടുത്തൽ' എന്ന പേരിൽ മണിക്കടവ് ഫൊറോനയിലും, 'സ്നേഹദൂത്' എന്ന പേരിൽ കാസർഗോഡ് ഫൊറോനയിലും ചിന്തകൾ പങ്കുവയ്ക്കുന്നു.

**കരോൾ ഗാന മത്സരം :** കരോൾ ഗാന മത്സരം വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. മണിക്കടവ് ഫൊറനയുടെ നേതൃത്വത്തിൽ സാന്റാ ബീറ്റ്സ് എന്ന പേരിലും കാഞ്ഞങ്ങാട് ഫൊറോനയുടെ കരോൾ, കാർണിവൽ എന്ന പേരിലും, ചെമ്പേരി ഫൊറോനയുടെ ഗ്ലോറിയ 2023 എന്ന പേരിലും നടത്തുന്നു.

**കലോത്സവം :** കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും യുവജനങ്ങൾ പങ്കെടുക്കും. ഡിസംബർ 30ന് കാഞ്ഞിരപ്പള്ളിയിൽ വച്ചാണ് നടത്തപ്പെടുന്നത്. ഈ വർഷം വ്യക്തിഗത ഇനങ്ങളിൽ മാത്രമാണ് മത്സരം.

**പള്ളിമുറ്റം :** ഇടവകപ്പള്ളിയോട് ചേർന്ന് കെസിവൈഎം തലശ്ശേരി അതിരൂപത നടത്തുന്ന പള്ളിമുറ്റം യുവജനസംഗമം വിവിധ ഫൊറോനകളിൽ നടത്തി. തളിപ്പറമ്പ് ഫൊറോനയിൽ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ പ്രസിഡന്റ് അബിൻ, ഡയറക്ടർ ഫാ. ലിജോ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ ഉദ്ഘാടനം നടത്തി. ചെമ്പന്തൊട്ടി ഫൊറോനയിൽ വെണ്ണക്കല്ല് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന പ്രസിഡന്റ് ജേക്കബ് ജോബ്, ഡയറക്ടർ ഫാ. ഫ്രാങ്കോ, അതിരൂപതാ പ്രസിഡന്റ് അഖിൽ സി.ജെ തുടങ്ങിയവർ പ്രസംഗിച്ചു.

### അഭിനന്ദനങ്ങൾ

അതിരൂപത പാസ്റ്ററൽ കൗൺസിൽ നിന്നും അജണ്ട കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ട വൈസ് പ്രസിഡന്റ് അനു മറ്റത്തിൽ, രാഷ്ട്രീയ സമിതി അംഗമായി തിരഞ്ഞെടുക്കപ്പെട്ട അബിൻ വടക്കേക്കരക്കും അഭിനന്ദനങ്ങൾ.

**വിസീത്ത :** കാസർഗോഡ് ഫൊറോനയിലെ വിവിധ യൂണിറ്റുകൾ സന്ദർശിക്കുന്നു. മുള്ളേരിയ പള്ളിയിൽവച്ച് നടന്ന സന്ദർശനത്തിൽ ഫൊറോന ഡയ

റക്ടർ ഫാ. ഷിൻസ് കുടിലിൽ, പ്രസിഡന്റ് ഫെബിൻ ചിറയിൽ, വൈസ് ഡയറക്ടർ സി. ഷാലിൻ എസ്എബിഎസ്, ഫൊറോന ഭാരവാഹികൾ, യുവജനങ്ങൾ പങ്കെടുത്തു.

**ചിരിക്കട്ടെ അവർ നമ്മളിലൂടെ**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത VOW (voice of women) പ്രവർത്തനവർഷ ഉദ്ഘാടനവും കേശദാനയജ്ഞവും വെള്ളരിക്കുണ്ട് ഫൊറോനയുടെ ആതിഥേയത്തിൽ നടത്തി. പ്രശസ്ത ചലചിത്ര താരം അപർണ്ണ ജനാർദ്ധനൻ ഉദ്ഘാടനം നിർവ്വഹിച്ച ഈ സമ്മേളനത്തിൽ 26 യുവതികൾ കേശദാനം നടത്തി തൃശ്ശൂർ അമല കാൻസർ സെന്ററിന് മുടി നൽകി. കേശദാനം നടത്തിയ സഹോദരിമാർക്ക് അഭിനന്ദങ്ങൾ.

**കേക്ക് വിതരണം**

വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ മിതമായ നിരക്കിൽ ക്രിസ്തുമസ്സ് കേക്ക് വിതരണം ചെയ്യുന്നു. അഭിനന്ദങ്ങൾ!

**ബാഡ്മിന്റൻ ടൂർണമെന്റ്**

കെസിവൈഎം എസ്എംവൈഎം കുന്നോത്ത് ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തിയ അഡോൺ ചെന്നേലിൽ മെമ്മോറിയൽ ബാഡ്മിന്റൻ ടൂർണമെന്റിൽ ഒന്നാം സമ്മാനം ആനപ്പന്തി യൂണിറ്റും രണ്ടാ സമ്മാനം അങ്ങാടിക്കടവ് യൂണിറ്റും മൂന്നാം സമ്മാനം കിളയന്തറ യൂണിറ്റും കരസ്ഥമാക്കി. അഭിനന്ദനങ്ങൾ!

**പുറപ്പാട്**

അതിരൂപത സമിതിയുടെ ഫൊറോനകൾ തോറുമുള്ള വിസിറ്റ് പുറപ്പാട്, നെല്ലിക്കാംപൊയിൽ നടത്തി. ഓരോ ഇടവകകളിലേയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. അതിരൂപതയിലെ പുതിയ വർഷത്തെ പ്രോഗാമുകൾ അവതരിപ്പിച്ചു. അതിരൂപത സമിതിയോടൊപ്പം ഫൊറോന പ്രസിഡന്റ് അഖില ചാലക്കൽ, യൂണിറ്റ് പ്രസിഡന്റ് യുവജനങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**REVIVE**

നെല്ലിക്കാംപൊയിൽ ഫൊറോനയുടെ യൂണിറ്റ് വിസിറ്റ് റിവൈവ് എന്ന പേരിൽ വിവിധ ഇടവകകളിൽ നടത്തപ്പെട്ടു. ഫൊറോന പ്രസിഡന്റ് അഖില ചാലക്കൽ ഡയറക്ടർ ഫാ. എഡ്വിൻ കോയിപ്പുറം, അതിരൂപത പ്രസിഡന്റ് അഖിൽ സി.ജെ., വൈസ് ഡയറക്ടർ സി. അൽഫോൻസ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

മനുഷ്യ മക്കളോടുള്ള ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളവും അനുസ്മരണവുമാണ് ക്രിസ്തുമസ്. കേവലം ആഘോഷങ്ങൾക്കും സമ്മാനകൈമാറ്റങ്ങൾക്കുമപ്പുറം കൂടെ വസിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് ആ സ്നേഹം പങ്കുവയ്ക്കാൻ തയ്യാറാവുന്നിടത്താണ് ക്രിസ്തുമസ് അർത്ഥപൂർണ്ണമാവുന്നത്. സ്നേഹത്തിന്റെ കൂദാശയിലൂടെ ഒന്നായിത്തീർന്ന് ജീവൻ നല്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ദമ്പതികൾക്കും അവരുടെ കുടുംബങ്ങൾക്കും ക്രിസ്തുമസ് സ്നേഹത്തിന്റെയും ജീവന്റെയും ഉത്സവമായി മാറണം. ആഘോഷങ്ങളുടെ തൊങ്ങലുകൾക്കപ്പുറം ആത്മാർത്ഥമായ സ്നേഹവും, പങ്കുവെയ്ക്കലും, കരുതലും വളർത്തലുമാണ് ഈ തിരുനാളിന്റെ കാതൽ. കൂടെ വസിക്കുന്ന ദൈവത്തെപ്പോലെ കുടുംബങ്ങൾക്ക് കൂട്ടായി, അവരുടെ ആവശ്യങ്ങളിൽ സഹായമായി, പ്രതിസന്ധികളിൽ താങ്ങായി നമ്മുടെ പ്രേഷിത ശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഡിസംബർ 14-16 തീയതികളിലായി തലശ്ശേരിയിൽ വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 143 പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് പുനരാരംഭിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| January | 02-04 | (Tuesday, Thursday) | Thalassery |
| January | 23-25 | (Tuesday, Thursday) | Thalassery |
| February | 15-17 | (Thursday, Saturday) | Padannakkad |
| March | 14-16 | (Thursday, Saturday) | Thalassery |
| April | 02-04 | (Tuesday, Thursday) | Thalassery |
| April | 18-20 | (Thursday, Saturday) | Padannakkad |
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II. മാതൃവേദി

### a) മേഖലാ സന്ദർശനം

മേരിഗിരി മേഖലയിലെ ജനറൽ ബോഡിയിലും വാർഷികദിനാഘോഷത്തിലും ഡയറക്ടർ ഫാ. ജോബി കോവാട്ടും ബ്രദർ ഡൊമിനിക് തുറയ്ക്കലും പങ്കെടുത്ത് സന്ദേശം നല്കി.

കുന്നോത്ത് മേഖലയുടെ ജനറൽ ബോഡി യോഗത്തിലും ക്രിസ്തുമസ് ആഘോഷത്തിലും ഡയറക്ടർ പങ്കെടുത്തു. അവർക്ക് സന്ദേശം നല്കി.

### b) മാതൃസംഗമം

കമ്പല്ലൂർ സെന്റ് അൽഫോൻസ യൂണിറ്റിൽ അമ്മമാർക്കായി ഡയറക്ടർ ക്ലാസ്സ് എടുത്തു. 75 ഓളം അമ്മമാർ പങ്കെടുത്തു.

മേരിഗിരി യൂണിറ്റിൽ അമ്മമാർക്കായി നടത്തിയ മാതൃസംഗമത്തിൽ ഡയറക്ടർ പങ്കെടുത്ത് ക്ലാസ്സ് നയിച്ചു.

### c) മാതൃവേദി ജനറൽ ബോഡി യോഗം

സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപത ജനറൽ ബോഡി യോഗം ഡിസംബർ 2ന് 2.00 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അതിരൂപത പ്രസിഡന്റ് ഷീബ തെക്കേടത്ത് അദ്ധ്യക്ഷയായ യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. മാതൃദീപ്തി 9-ാം ലക്കം പ്രകാശനം ചെയ്യുകയും, കലോത്സവത്തിൽ വിജയികളായ മികച്ച മേഖലകൾക്ക് ട്രോഫിയും വിവിധ മത്സര വിജയികൾക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു.

അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട്, തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ, കുന്നോത്ത് ഫൊറോന ഡയറക്ടർ ഫാ. ജെയ്സൺ കോലക്കുന്നേൽ, പനത്തടി ഫൊറോന ആനിമേറ്റർ സി. സ്റ്റെല്ല എം.എസ്.എം.ഐ അതിരൂപത വൈസ്പ്രസിഡന്റ് പ്രസന്ന മാങ്ങാട്ട്, സെക്രട്ടറി മിനി മംഗലത്തിൽ, ജോയിന്റ് സെക്രട്ടറി റീന മാളിയാംപുരയ്ക്കൽ, ട്രഷറർ ഷാന്റി മാമ്മൂട്ടിൽ, സെനറ്റ് മെമ്പർ മേരിക്കുട്ടി തോപ്പുകാലായിൽ, സെനറ്റ് മെമ്പർ ഡിംപിൾ ജോസ് കൂട്ടുങ്കൽ, തോമാപുരം ഫൊറോന പ്രസിഡന്റ് ഓമന കുര്യാലപ്പുഴ എന്നിവർ പ്രസംഗിച്ചു. ആറു മാസത്തെ കണക്കും റിപ്പോർട്ടും അവതരിപ്പിക്കുകയും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ജന്മദിനം ആഘോഷിക്കുകയും ചെയ്തു. യോഗത്തിൽ 250 ഓളം അമ്മമാർ പങ്കെടുത്തു. പങ്കെടുത്ത ഏവർക്കും നന്ദി.

### d) അതിരൂപത എക്സിക്യൂട്ടീവ്

ഡിസംബർ 21-ാം തീയതി രാവിലെ തലശ്ശേരി സന്ദേശഭവനിൽ വച്ച് അതിരൂപത എക്സിക്യൂട്ടീവ് നടത്തി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് സ്റ്റാഫ് അംഗങ്ങളും അതിരൂപതാ ഭാരവാഹികളും ഡിസംബർ 1 മുതൽ ക്രിസ്തുമസ് ഫ്രണ്ടിനെ എടുത്ത് പരസ്പരം പ്രാർത്ഥിച്ച് 21-ാം തീയതി ക്രിസ്തുമസ് ആഘോഷിച്ച് സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. അതിരൂപതാ ഭാരവാഹികളുടേയും വിവിധ മേഖല പ്രതിനിധികളുടേയും മാർഗ്ഗനിർദ്ദേശം സ്വീകരിച്ച് ചർച്ച ചെയ്ത് അടുത്ത ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതിയുടെ കരട് തയ്യാറാക്കി.

### e) വചനം എഴുത്ത് മത്സരം

ദൈവവചനത്തിന് ഹൃദയത്തിൽ ഇടം നല്കാൻ വചനത്തിന്റെ ജീവിക്കുന്ന സാക്ഷികളാകാൻ അമ്മമാർക്കായി തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റും ബൈബിൾ അപ്പൊസ്റ്റൊലേറ്റും സംയുക്തമായി വചനം എഴുത്ത് മത്സരം സംഘടിപ്പിച്ചു. ഡിസംബർ 16-ാം തീയതി ആലക്കോട്, ചെമ്പേരി, ചെറുപുഴ, ഇരിട്ടി, പടന്നക്കാട് എന്നീ 5 സെന്ററുകളിലായി മത്സരം നടത്തി. 800 പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

ഡിസംബർ 17 ന് ബൈബിൾ അപ്പൊസ്റ്റോലേറ്റുമായി ചേർന്ന് പേരാവൂർ ഫൊറോന ദൈവാലയത്തിൽ വെച്ച് വചന ഞായർ ആഘോഷം നടത്തി. ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നല്കുകയും വചനകൂടാരം, വചന ട്രീ, ബൈബിൾ റാലി, ബൈബിൾ അധിഷ്ഠിത കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയും ബൈബിൾ പൂർണ്ണമായി പകർത്തിയെഴുതിയ മോളി ടീച്ചറെ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു.

**III. ദമ്പതി ക്വിസ്:** സ്നേഹത്തിന്റെ ആനന്ദം എന്ന അപ്പസ്തോലിക പ്രബോധനത്തെ ആസ്പദമാക്കി നവംബർ 27-ാം തീയതി 2.00 മണി മുതൽ 4.00 മണി വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ദമ്പതി ക്വിസ് മത്സരം നടത്തി. ഡയറക്ടർ നേതൃത്വം നല്കി. 12 ടീമുകൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**സമ്മാനർഹരായവർ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | ജോസ് & ത്രേസ്യാമ്മ നരിമറ്റത്തിൽ, മണിക്കടവ് |
| രണ്ടാം സമ്മാനം | : | ടോമി & സൂസമ്മ കിളിച്ചുണ്ടൻമാക്കൽ, വിമലശ്ശേരി |
| മൂന്നാം സമ്മാനം | : | ദേവസ്യ & എൽസി തൈപറമ്പിൽ, ഉളിക്കൽ |

**IV. കരോൾഗാന മത്സരം:** കുടുംബ കരോൾഗാനമത്സരം ഡിസംബർ 23-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തി. 18 കുടുംബങ്ങൾ പങ്കെടുത്തു.

**V. സീറോമലബാർ മാട്രിമോണി :** സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

**VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ:** അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു.വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. Phone : 9400206974, 8078122191.

## VII. അമല പ്രോലൈഫ്

**ജീവോത്സവം 2023**

2023 നവംബർ 25 ശനിയാഴ്ച്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജീവോത്സവം സംഗമം നടത്തി. 49 കുടുംബങ്ങൾ പങ്കെടു

ത്തു. 250 ഓളം പേർ ഉണ്ടായിരുന്നു. അമല പ്രോലൈഫ് വൈസ്പ്രസിഡന്റ് സണ്ണി ആശാരിപ്പറമ്പിൽ ഏവരേയും സ്വാഗതം ചെയ്തു. പ്രസിഡന്റ് സെലസ്റ്റിൻ വടക്കേൽ അദ്ധ്യക്ഷപ്രസംഗവും ഫാ. ജോബി കോവാട്ട് ആമുഖ പ്രഭാഷണവും നടത്തി. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനകർമ്മം നിർവഹിച്ച്, എല്ലാ കുടുംബങ്ങൾക്കും സമ്മാനങ്ങൾ നല്കി ചെയ്തു. സമ്മാനങ്ങൾ അതിരൂപതയിലെ വിവിധ അപ്പൊസ്റ്റോലേറ്റുകളും വിവിധ കോൺഗ്രിഗേഷൻ സിസ്റ്റേഴ്സും സ്പോൺസർ ചെയ്തു.

തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ, മാതൃവേദി മേഖലാ സെക്രട്ടറി സുബി, സി. ആൻസി മാത്യു (എം.എസ്.എം.ഐ പ്രൊവിൻഷ്യൽ), സി. ലിറ്റിൽ തെരേസ് (സി.എം.സി പ്രൊവിൻഷ്യൽ) സ്കിൻകോ പ്രൊപ്രൈറ്റർ ബിജു പെരുമാട്ടികുന്നേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ചെറിയ കലാപരിപാടികൾക്ക് ശേഷം പ്രൊലൈഫ് ആനിമേറ്റർ സി. സ്റ്റെല്ല എം.എസ്.എം.ഐ നന്ദി പറഞ്ഞു. പങ്കെടുത്ത് വിജയിപ്പിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നന്ദി.

ഡയറക്ടർ അച്ചനോടൊപ്പം പ്രോലൈഫ് സമിതി അംഗങ്ങൾ, ജോയിൻ സെക്രട്ടറി ശ്രീ സിജി പുതുപ്പറമ്പിലിന്റെ ഭവനം സന്ദർശിക്കുകയും, പുതിയ നിയമം എഴുതി പൂർത്തിയാക്കിയ സിജിയുടെ പിതാവിനെ പൊന്നാട അണിയിച്ച് അനുമോദിക്കുകയും ചെയ്തു.

**പ്രോലൈഫ് മാരേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web Site : www.prolifemarry.com

**VIII. നന്ദി – സ്വാഗതം**

മാലോം ഫൊറോനയിൽ കഴിഞ്ഞനാളുകളിൽ മാതൃവേദി മേഖലാ ഡയറക്ടറായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ഫാ. ആന്റണി നല്ലുകുന്നേൽ അച്ചന് ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഹൃദ്യമായ നന്ദി.

മാലോം ഫൊറോനയിൽ മാതൃവേദി മേഖലാ ഡയറക്ടറായി ചാർജെടുത്ത ഫാ. ഷാജി കണിയാംപറമ്പിൽ അച്ചന് ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഹൃദ്യമായ  സ്വാഗതം ആശംസിക്കുന്നു.

**IX. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ**

Mail ID :  familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

ഒരു വർഷം കൂടി നാം പിന്നിട്ടു കഴിഞ്ഞു. പിന്നിട്ട വഴികളിലെ നന്മകളും പോരായ്മകളും കണ്ടെത്തി പുതിയ വർഷത്തിൽ കൂടുതൽ നന്മ ചെയ്യാനും വീഴ്ചകളിൽ കാലിടറാതിരിക്കാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് പുതുവർഷത്തെ നമുക്ക് വരവേൽക്കാം. ദൈവാനുഗ്രഹങ്ങൾ ഏറെ ചൊരിയപ്പെടുന്ന ഈ നാളുകളിൽ കഴിഞ്ഞ ഒരു വർഷം നമ്മെ വഴി നടത്തി അനുഗ്രഹിച്ച ദൈവത്തിന് നന്ദി പറഞ്ഞ് വരും വർഷം കൂടുതൽ ദൈവാനുഗ്രഹപ്രദമാകാൻ നമുക്ക് താഴ്മയോടെ പ്രാർത്ഥിക്കാം.

**എല്ലാവർക്കും നന്മനിറഞ്ഞ പുതുവർഷം ആശംസിക്കുന്നു.**

### 1. കരോൾഗാന മത്സരം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപക അനധ്യാപകർക്കായി കരോൾഗാന മത്സരം ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് ഡിസംബർ 16-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു.

ഒന്നാം സ്ഥാനം - ടീം ചെറുപുഴ
രണ്ടാം സ്ഥാനം - ടീം ഇരിട്ടി
മൂന്നാം സ്ഥാനം - കുന്നോത്ത് യുപി സ്കൂൾ

**വിജയികൾക്ക് അഭിനന്ദനങ്ങൾ**

### 2. സദ്ഗമയ പിടി ചാക്കോ പ്രസംഗമത്സരം

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം 2024 ജനുവരി 2-ാം തീയതി രാവിലെ 10 മണിക്ക് ചെമ്പേരി ഹയർസെക്കണ്ടറി, എടൂർ ഹൈസ്കൂൾ, വായാട്ടുപറമ്പ ഹൈസ്കൂൾ, തോമാപുരം ഹൈസ്കൂൾ എന്നീ സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു. മത്സരാർത്ഥികൾ കൃത്യ

സമയത്ത് തന്നെ അതത് സെന്ററുകളിൽ എത്തിച്ചേരാൻ താൽപര്യപ്പെടുന്നു. ആവശ്യമായ ക്രമീകരണങ്ങൾ അതത് ഹെഡ്മാസ്റ്റർമാർ ചെയ്യുമല്ലോ.

**3. മതബോധന - സന്മാർഗശാസ്ത്ര വാർഷിക പരീക്ഷ**

2024 ജനുവരി 4, 5 തീയതികളിലായി പരീക്ഷകൾ നടത്തപ്പെടുന്നു. ചോദ്യപേപ്പർ പായ്ക്കറ്റുകൾ ഡിസംബർ 31-ാം തീയതിയോടെ വിവിധ സെന്ററുകളിൽ എത്തിക്കുന്നതാണ്.

ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളിലെ കുട്ടികൾക്ക് മതബോധന, സന്മാർഗ ശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**4. മാസ്റ്റർമൈൻഡ് 2K23**

സ്കൂൾതല പൊതുവിജ്ഞാന പരീക്ഷ 2024 ജനുവരി 12-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ നടത്തുന്നു. ചോദ്യപേപ്പർ മാതൃക സ്കൂളിലേക്ക് മെയിൽ ചെയ്ത് തരുന്നതാണ്.

**5. സദ്ഗമയ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മുഖപത്രമായ സദ്ഗമയ മാസികയിൽ ഉൾപ്പെടുത്താനായി സംസ്ഥാന ജില്ലാതല മത്സരങ്ങളിൽ വിജയികളായവരുടെ ഫോട്ടോയും വാർത്തകളും sadgmayatly@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്ക് അയ്ക്കാവുന്നതാണ്.

**6. സ്നേഹ തണൽ**

സ്നേഹ തണൽ പദ്ധതിക്ക് നിങ്ങൾ നൽകിയ അകമഴിഞ്ഞ സഹായത്തിനും സഹകരണത്തിനും നന്ദി പറയുന്നു. ഇതിനോടകം നാല് വീടുകൾ ഈ പദ്ധതി പ്രകാരം നിർമ്മിച്ചു നൽകുകയുണ്ടായി. നിങ്ങൾ നൽകിയ തുകയും മറ്റ് അഭ്യുദയകാംക്ഷികളുടെ സഹകരണവും മൂലമാണ് ഈ പദ്ധതി വിജയകരമാക്കി തീർക്കാൻ സാധിച്ചത്. വരും വർഷങ്ങളിലും കൂടുതൽ വിപുലമായ രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. നിങ്ങളുടെ ഭാഗത്തുനിന്നുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകയും പ്രചോദനവുമാണ്. അതോടൊപ്പം നാം സമൂഹത്തിലെ അവശത അനുഭവിക്കുന്നവരെ മനസ്സിലാക്കുകയും സഹായിക്കാൻ സന്നദ്ധരാണ് എന്ന് പ്രഖ്യാപിക്കുകയുമാണ്. നമ്മുടെ മുൻപിലിരിക്കുന്ന വിദ്യാർത്ഥികളിൽ പലരും സാമ്പത്തികമായി വിഷമതകൾ അനുഭവിക്കുന്നവരാണ്. സ്വന്തമായി ഒരു ചെറിയ ഭവനം പോലും ഇല്ലാത്തവർ ധാരാളമാണ്. നമ്മുടെ ക്ലാസ്സുക

ളിലിരിക്കുന്ന വിദ്യാർത്ഥികളുടെ കണ്ണുകളിലേക്ക് നോക്കുമ്പോൾ ജീവിതത്തിൽ അവർ അനുഭവിക്കുന്ന ദൈന്യത മനസ്സിലാകും. അപ്രകാരം വിഷമിക്കുന്ന ഏതാനും കുട്ടികൾക്ക് ഭവനനിർമ്മാണത്തിന് സഹായിക്കാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ അധ്യാപക-അനധ്യാപകരും, കോർപ്പറേറ്റ് വിദ്യാഭ്യാസ എജൻസിയും ഒരുമിച്ചു ചേർന്നുള്ള ഒരു സംരംഭമാണിത്. ഇതിനായി നിയമനാംഗീകാരം ലഭിച്ച അധ്യാപക-അനധ്യാപകർ ഒരു ദിവസത്തെ ശമ്പളത്തുക കൊടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നിയമനാംഗീകാരം ലഭിക്കാത്തവർ തങ്ങളുടെ കഴിവ് അനുസരിച്ച് സഹകരിക്കുക.

എല്ലാ പ്രധാനാധ്യാപകരും ഈ തുക സമാഹരിച്ച് ജനുവരി 31 നു മുൻപായി ലിസ്റ്റ് സഹിതം കോർപ്പറേറ്റ് ഓഫീസിൽ അടയ്ക്കേണ്ടതാണ്. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും ജീവനക്കാരുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മുഖമായി ഇതുമാറണം. നിങ്ങളുടെ സഹകരണത്തിനും ഔദാര്യപൂർണ്ണമായ പങ്കുവെയ്ക്കലിനും നന്ദി അറിയിക്കുന്നു.

**7. അധ്യാപക അനധ്യാപക സംഗമം**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന മുഴുവൻ അധ്യാപക - അനധ്യാപകരുടെ ഒരു സമ്മേളനം 2024 ജനുവരി 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ അധ്യാപക - അനധ്യാപകരും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മഹനീയ സാന്നിധ്യം ഈ യോഗത്തിൽ ഉണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*പുതുവർഷാശംസകളോടെ,*

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**മോൺ. മാത്യു എം ചാലിൽ മെമ്മോറിയൽ വിദ്യാഭ്യാസ സ്കോളർഷിപ്പ്**

**10,000/രൂപ വാർഷിക ഫീസിൽ 200 വിദ്യാർത്ഥികൾക്ക് B.Tech പഠനം**

- +1 പരീക്ഷക്ക് (Physics, Chemistry & Maths) 90% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്ന 200 വിദ്യാർത്ഥികൾക്ക് ഒരു വർഷം 10,000/- രൂപ മാത്രം ട്യൂഷൻ ഫീസ് നൽകി B.Tech പഠിക്കാം.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 85% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 15,000/- രൂപ വീതം സ്കോളർഷിപ്പ്
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 80% - ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 10,000/-രൂപ വീതം സ്കോളർഷിപ്പ്

**നിബന്ധനകൾ**
- +2 റിസൾട്ടിനുശേഷം, +2 മാർക്കുകളായിരിക്കും പരിഗണിക്കുക.
- B.Tech അഡ്മിഷന്, KEAM യോഗ്യത നിർബന്ധമായിരിക്കും.
- CSE, ADS എന്നീ ബ്രാഞ്ചുകളിൽ സ്കോളർഷിപ്പ് സീറ്റുകൾ പരിമിതം.

| KEAM RANK SCHOLARSHIP 2023 | |
|---|---|
| KEAM Rank 1 - 5000 | Scholarship : Entire College Fee |
| Rank 5001 - 8000 | Scholarship : 2,65,400/- (66,350x4 year)<br>Tution Fee = Government Fee only |
| Rank 8001 - 10000 | Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | Scholarship : 20,000/- (5000x4 year) |

യോഗ്യരായവർക്ക് QR കോഡ് സ്കാൻ ചെയ്ത് ഈ സ്കോളർഷിപ്പിന് രജിസ്റ്റർ ചെയ്യാവുന്നതാണ്

SCAN ME!

**കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക.**
**04602212240, 04602213900**

### വിമൽജ്യോതിയിൽ ടെക്ഫെസ്റ്റ്

ചെമ്പേരി: വിമൽ ജ്യോതി എൻജിനിയറിംഗ് കോളജിൽ തന്ത്ര 2023 എന്ന പേരിൽ ടെക് ഫെസ്റ്റ് സംഘടിപ്പിച്ചു. സമ്മേളനം ഗൂഗിൾ സ്ട്രാറ്റജിക് എഞ്ചിനീയർ ജോൺസി പാപ്പച്ചൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഇ

ൻചാർജ് ഡോ. ഗ്ലാൻ ദേവദാസ് അധ്യക്ഷത വഹിച്ചു. ഫാ. ലാസർ വരമ്പകത്ത് മുഖ്യപ്രഭാഷണം നടത്തി. കോ–ഓർഡിനേറ്റർ ബി. ദിവ്യ പ്രസംഗിച്ചു. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സയൻസ്, ഇൻസ്ട്രുമെന്റേഷൻ, സൈബർ സെക്യൂരിറ്റി, കംപ്യൂട്ടർ ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിസിനസ് സിസ്റ്റംസ് എന്നീ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ ആശയങ്ങളാണ് പ്രദർശനത്തിൽ അവതരിപ്പിച്ചത്. എഞ്ചിനീയറിംഗ് മേഖലയിലെ നൂതന ആശയങ്ങളുടെ അവതരണം വിദ്യാർഥികൾക്ക് അറിവിന്റെ പ്രായോഗികവത്ക്കരണത്തിന് സാധ്യത നൽകി. നിരവധി വിദ്യാർഥികൾ ടെക്നിക്കൽ ഫെസ്റ്റ് സന്ദർശിച്ചു.

## പ്ലേസ്മെന്റ് വാർത്തകൾ July 2023

യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐടി കമ്പനിയായ യുഎസ്ടി ഗ്ലോബൽ നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ അവസാന കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളായ രണ്ടുപേർക്ക് ജോലി ലഭിച്ചു. പ്രതിവർഷ 4.2 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

ഐടി സ്റ്റാർട്ട് കമ്പനിയായ Coapps അവരുടെ ചെന്നൈ ഓഫീസിലേക്ക് നടത്തിയ റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 33 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. ജോലിക്ക് ചേരുന്നതിനു മുമ്പായി വിദ്യാർത്ഥികൾ മൂന്നുമാസത്തെ internship പൂർത്തീകരിക്കണം. Internship ന് Stifend ആയി 10,000 രൂപ ലഭിക്കും. വിജയകരമായി internship പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം നാലു ലക്ഷം മുതൽ 5 ലക്ഷം വരെ ശമ്പളത്തിൽ നിയമനം ലഭിക്കും.

പ്രമുഖ മൈക്രോ ഫിനാൻസ് ബാങ്ക് ആയ - ESAF SMALL FINANCE ബാങ്ക് അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. ഓൺലൈൻ ടെക്സ്റ്റിൽ 160 വിദ്യാർത്ഥികൾ പങ്കെടുക്കുകയും 90 വിദ്യാർഥികൾ ഇന്റർവ്യൂന് യോഗ്യത നേടുകയും ചെയ്തു. സെലക്ഷൻ പ്രോസസ് 2024 ജനുവരി പകുതിയോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഐടി ട്രെയിനിംഗ് കമ്പനിയായ QSPIDERS അവരുടെ CSR Project ന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് സൗജന്യ ട്രെയിനിംഗ് നൽകുകയും Placement opportunity നൽകുകയും ചെയ്യുന്നു. നടത്തിയ സെലക്ഷൻ പ്രോസസിലൂടെ 28 അവസാന വർഷവിദ്യാർത്ഥികളെ സൗജന്യ ട്രെയിനിംങ്ങിനായി തിരഞ്ഞെടുത്തു. ട്രെയിനിംഗ് 20 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കും.

വിദേശ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന SANTA MONICA വിദേശപഠന സാധ്യതകളെയും സംബന്ധിക്കുന്ന സെമിനാർ ഡിസംബർ 6–ാം തീയതി നടത്തുകയുണ്ടായി. മൂന്നാംവർഷ, നാലാംവർഷ ബിടെക് വിദ്യാർത്ഥികൾ പ്രസ്തുത സെമിനാറിൽ സംബന്ധിക്കുകയുണ്ടായി.

ബാങ്ക് കോച്ചിംഗ് രംഗത്ത് പ്രവർത്തിക്കുന്ന കമ്പനിയായ TRANFOTALENT ബാങ്കിംഗ് മേഖലയിലെ വിവിധ തൊഴിലവസരങ്ങളെ സംബന്ധിക്കുന്ന ഒരു സെമിനാർ നവംബർ 17–ാം തീയതി നടത്തി. ഏകദേശം നൂറ് കുട്ടികൾ പ്ലസ് സെമിനാറിൽ പങ്കെടുത്തു.

**എം ബി എ വാർത്തകൾ**

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് റിസർച്ച് ദേശീയ തലത്തിൽ നടത്തിയ നാഷണൽ ലെവൽ മാനേജ്മെൻറ് ഫെസ്റ്റിൽ ചെറുപുഴ നവജ്യോതി ആർട്സ് ആൻഡ് സയൻസ് കോളേജ് ജേതാക്കളായി. കൂത്തുപറമ്പ് നിർമലഗിരി കോളേജ് റണ്ണേഴ്സ് അപ് ആവുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ കോളേജുകളിൽ നിന്നുള്ള അഞ്ഞൂറോളം ബിരുദ വിദ്യാർഥികളും എം ബി എ വിദ്യാർഥികളും മാർക്കറ്റിങ്, ഫിനാൻസ്, ബെസ്റ്റ് മാനേജർ, ബെസ്റ്റ് മാനേജ്മെന്റ് ടീം, ഹ്യുമൻ റിസോഴ്സ്, തുടങ്ങിയ വിവിധങ്ങളായ മത്സര ഇനങ്ങളിലൂടെ തങ്ങളുടെ കഴിവുകളിൽ മാറ്റുരച്ചു. തളിപ്പറമ്പ ലൂർദ് ഹോസ്പിറ്റൽ ഡയറക്ടറും കണ്ണൂർ ചേമ്പർ ഓഫ് കൊമേഴ്സ് മുൻ പ്രസിഡന്റും ആയ ഡോ. ജോസഫ് ബെനവൻ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. കോളേജിന്റെ ബർസാർ ഫാ. ലാസർ വരമ്പത്ത് അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഫാ. ജെനിമോൻ വി. ജോസഫ്, അസിസ്റ്റന്റ് മാനേജർ ഫാ. സോണി വടശ്ശേരി, അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത്, ജോബിൻ ജോസഫ്, ജിൻഡോ ജോസ് എന്നിവർ പ്രസംഗിച്ചു. വൈകിട്ട് ഇൻറർ കോളേജിയറ്റ് ഡാൻസ് മത്സരവും കോർപ്പറേറ്റ് ഫാഷൻ ഷോയും നടത്തപ്പെടുകയുണ്ടായി.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

**IELTS, OET, UKVI, PTE**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Ph: 8281750777, 8281730777**. ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക : www.sanjoseacademy.in

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ജർമൻ - ഇരിട്ടി:** സാൻജോസ് അക്കാദമിയുടെ ഇരിട്ടി ബ്രാഞ്ചിൽ ഡിസംബർ 30ന് B2 ആരംഭിക്കുന്നു.

**ജർമൻ ജനുവരി ബാച്ച് ആരംഭിക്കുന്നു**

ജർമൻ ഭാഷയുടെ പുതിയ ബാച്ച് ജനുവരി 2 ന് വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെതന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാഡമിയുടെ എല്ലാ പ്രോഗ്രാമുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ക്രാഷ് കോഴ്സ് ആരംഭിക്കുന്നു**

പ്ലസ് ടു എക്സാം കഴിഞ്ഞുവരുന്ന ആദ്യതിങ്കളാഴ്ച മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷകൾക്ക് ഒരുക്കമായുള്ള ക്രാഷ് കോഴ്സ് വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെതന്നെ പേര് രജിസ്റ്റർ ചെയ്യുക. രജിസ്റ്റർ ചെയ്യാൻവേണ്ടി വിളിക്കേണ്ട ഫോൺ നമ്പർ 8281730777 or 8281750777.

**ഫാ. സോണി വടശ്ശേരിൽ**

*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
## എ. കെ. സി. സി.

**ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾ**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അതിജീവന യാത്രയുടെ തലശ്ശേരി അതിരൂപതയിലെ ഉദ്ഘാടന സമ്മേളനത്തിന്റെ വിജയത്തിനായി അഭിവന്ദ്യ അതിരൂപത അധ്യക്ഷന്റെ ആഹ്വാനം (0912-20-23)

**പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ,**

അതിരൂപത കേന്ദ്രത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ!

നമ്മുടെ സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ എല്ലാ വിഭാഗം കർഷകരെയും സംഘടിപ്പിച്ചുകൊണ്ട് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തുന്ന കർഷക അതിജീവന യാത്രയെക്കുറിച്ച് നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ.

ഈ മാസം 11-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് മൂന്നര മണിക്ക് ഇരിട്ടിയിൽ വച്ച് ഈ യാത്ര ഉദ്ഘാടനം ചെയ്യപ്പെടുകയും 12-ാം തീയതി വെള്ളരിക്കുണ്ട്, ചെറുപുഴ, കരുവഞ്ചാൽ, പയ്യാവൂർ എന്നിവിടങ്ങളിലൂടെ കടന്നുപോവുകയും ചെയ്യുന്നതാണ്.

ഈ അതിജീവന യാത്രയിൽ കർഷക സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും തലശ്ശേരി അതിരൂപതയുടെ ശക്തമായ പിന്തുണ ഉറപ്പുവരുത്തുന്നതിനാണ് ഞാൻ ഈ കത്തെഴുതുന്നത്. കത്തോലിക്കാ സമുദായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ഐതിഹാസികമായ ഈ മുന്നേറ്റത്തിന് നമ്മുടെ വിവിധ സംഘടനകൾ ആത്മാർത്ഥമായി സഹകരിക്കണം.

സമാനതകൾ ഇല്ലാത്ത വിധത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്ന സമകാലീന കേരളത്തിലെ സാധാരണക്കാരായ കർഷകർക്ക് വേണ്ടി സ്വരമുയർത്തുവാൻ നാം മുന്നോട്ടു വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് എന്ന് തിരിച്ചറിയാം.

ബാങ്ക് ലോണുകൾ തിരിച്ചടയ്ക്കാൻ സാധിക്കാത്ത വിധത്തിൽ ദാരിദ്ര്യത്തിൽ അമർന്നുപോയ പാവപ്പെട്ട മനുഷ്യരെ സഹായിക്കുവാൻ സർക്കാരുകൾക്ക് കടമയുണ്ട് എന്ന് നാം ഓർമ്മപ്പെടുത്തേണ്ടതുണ്ട്.

കേരളത്തിലെ നെൽകർഷകരുടെ ആത്മഹത്യ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചതായി കേന്ദ്ര ഉപഭോക്തൃ ഭക്ഷ്യ പൊതുവിതരണ മന്ത്രി ലോക്സഭയിൽ അറിയിച്ചതായി പത്രങ്ങളിൽ വായിക്കുകയുണ്ടായി. കർഷകനോടുള്ള അവഗണനയും അസഹിഷ്ണുതയും രാഷ്ട്രീയ ഉദ്യോഗസ്ഥ ലോബികളുടെ അവിശുദ്ധമായ കൂട്ടുകെട്ടുകളിലൂടെ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ഇനിയും കണ്ടില്ല എന്ന് നടിച്ചാൽ അത് ആത്മഹത്യാപരമായിരിക്കും. കേരളത്തിലെ അടിസ്ഥാന വർഗ്ഗക്കാരായ പാവപ്പെട്ട കർഷകനെ ദ്രോഹിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾക്ക് ഭൂഷണമല്ല. പാവപ്പെട്ട കർഷകനെ ഭൂവുടമകൾ എന്ന ഓമനപ്പേരിട്ട് മുദ്രകുത്തി നികുതി ഭാരംകൊണ്ട് ബുദ്ധിമുട്ടിക്കുന്നത് സാധാരണക്കാരനോടുള്ള വെല്ലുവിളിയായി കരുതേണ്ടതാണ്. കാർഷിക വിഷയങ്ങളോടൊപ്പം തന്നെ നമ്മുടെ സമുദായം നേരിടുന്ന സാമൂഹിക പ്രശ്നങ്ങളെയും പരിഹരിക്കേണ്ടതുണ്ട്. അതിനായി കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം സെക്രട്ടറിയേറ്റ് വരെ നടത്തുന്ന കർഷക അതിജീവന യാത്രയിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ആണ് സർക്കാരിന് മുമ്പിൽ നമ്മൾ വയ്ക്കുന്നത്:

1. വിള നാശത്തിലൂടെയും നാണ്യവിളകളുടെ വില ഇടിവിലൂടെയും കേരളത്തിലെ കർഷകർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം ഉണ്ടാക്കുക, കാർഷിക കടങ്ങൾ എഴുതിത്തള്ളുക.
2. വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുക.
3. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടൻ നടപ്പിലാക്കുക.

ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ പള്ളികളിൽ അറിയിച്ച് നമ്മുടെ ആളുകളെ ബോധവൽക്കരിക്കണം. പതിനൊന്നാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് മൂന്നര മണിക്ക് ഇരിട്ടിയിലെ ഉദ്ഘാടന സമ്മേളനത്തിലും പന്ത്രണ്ടാം തീയതി വെള്ളരിക്കുണ്ട് (10.AM), ചെറുപുഴ (11.30 AM), കരുവഞ്ചാൽ (2.30 PM), പയ്യാവൂർ (4. PM) എന്നിവിടങ്ങളിലെ സ്വീകരണ യോഗങ്ങളിലും പരമാവധി ആളുകളെ പങ്കെടുപ്പിച്ച് ഈ അതിജീവന യാത്ര വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

+ മർ ജോസഫ് പാംപ്ലാനി
തലശ്ശേരി അതിരൂപതമെത്രാപ്പോലീത്ത

* കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അതിജീവന യാത്രയുടെ രൂപതയിലെ ഉദ്ഘാടന സമ്മേളനത്തിന്റെയും, സ്വീകരണ സമ്മേളനത്തിന്റെയും സംഘാടക സമിതികൾ രൂപീകരിച്ചു.
* ഇരിട്ടിയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിന്റെ സംഘാടകസമിതി ചെയർമാനായി ഫാ. ജോസഫ് കാവനാടിയും ജനറൽ കൺവീനറായി ബെന്നി പുതിയാമ്പുറവും ജനറൽ കോർഡിനേറ്റർ റവ. ഫാ. വിന്റോ ചാക്കിയാരത്ത്, കൺവീനർമാരായി ജോർജ് കാനാട്ട്, ബെന്നിച്ചൻ മഠത്തിനകം, മാത്യു വള്ളാംകോട്, ടോമി വെട്ടിക്കാട്ട്, ചാക്കോച്ചൻ കാരാമയിൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.
* ഡിസംബർ പന്ത്രണ്ടാം തീയതി വെള്ളരിക്കുണ്ടിൽ രാവിലെ 10 മണിക്ക് നടക്കുന്ന ആദ്യ സ്വീകരണ സമ്മേളനത്തിന്റെ സംഘാടക സമിതി ചെയർമാനായി ഫാ. ജോൺസൺ അന്ത്യാംകുളവും ജനറൽ കൺവീനറായി പീയൂസ് പറയിടം, ജനറൽ കോർഡിനേറ്റർ ഫാ. മാത്യു കോണിക്കൽ, കൺവീനർമാരായി ജോണി തോലമ്പുഴ, സ്റ്റീഫൻ കീച്ചേരികുന്നേൽ, ജിജി കുന്നപ്പള്ളി എന്നിവർ കൺവീനർമാരായും കമ്മിറ്റി തെരഞ്ഞെടുത്തു.

ചെറുപുഴയിലെ സ്വീകരണത്തിനുള്ള സംഘാടന സമിതിയുടെ ചെയർമാനായി ഫാ. ജോസ് വെട്ടിക്കൽ രക്ഷാധികാരിയായി ഫാ. മാർട്ടിൻ കിഴക്കേതലക്കൽ, ജനറൽ കൺവീനറായി ഫിലിപ്പ് വെളിയത്ത്, കൺവീനറായി ഫാ. തോമസ് പൂവമ്പുഴ, ഫാ. ജോമി തൊട്ടിയിൽ, സിബി ജാതികുളം ഷിജിത്ത് തോമസ് എന്നിവരെയും തെരഞ്ഞെടുത്തു.

കരുവഞ്ചാലിലെ സ്വീകരണത്തിന്റെ സംഘാടക സമിതി ചെയർമാനായി ഫാ. തോമസ് തെങ്ങുംപള്ളിൽ രക്ഷാധികാരിമാരായി ഫാ. മാണി ആട്ടേൽ, ഫാ. ജോയ് മഠത്തിമ്യാലിൽ, ഫാ. മാത്യു വേങ്ങക്കുന്നേൽ ജനറൽ കൺവീനറായി അഡ്വക്കേറ്റ് ബിനോയ് തോമസ്, കൺവീനർമാരായി അഡ്വക്കേറ്റ് കെ.ഡി മാർട്ടിൻ, ജോസ് ഏത്തക്കാട്ട്, ടോമി കണയങ്കൽ, തോമസ് ഒഴുകയിൽ എന്നിവരെയും തെരഞ്ഞെടുത്തു.

പയ്യാവൂരിൽ നടക്കുന്ന സമാപന സമ്മേളനത്തിന്റെ സംഘാടകസമിതി ചെയർമാനായി ഫാ. നോബിൾ ഓണംകുളം, രക്ഷാധികാരിയായി ഫാ. ജോർജ് കാഞ്ഞിരക്കാട്ടുകുന്നേൽ ജനറൽ കോഡിനേറ്ററായി റവ. ഫാ. ജയ്സൺ വാഴക്കാട്ട്, ജനറൽ കൺവീനറായി വിൽസൺ ചാക്കോ, കൺവീനർമാരായി കുര്യൻ മാസ്റ്റർ, ജോർജ് വലിയമറത്താങ്കൽ, ജിമ്മി അയിത്തമറ്റം എന്നിവരെയും തെരഞ്ഞെടുത്തു.

**11-12-2023 ഉദ്ഘാടന സമ്മേളനവും റാലിയും - ഇരിട്ടി**

അതിജീവന യാത്രയുടെ ഉദ്ഘാടന സമ്മേളനവും റാലിയും അതി രൂപതയിലെ വിവിധ കേന്ദ്രങ്ങളിലെ സ്വീകരണവും വളരെ ആവേശനിർഭര

മായിരുന്നു. ജനപങ്കാളിത്തംകൊണ്ടും സമ്മേളനത്തോടനുബന്ധിച്ചുള്ള റാലിയും പൊതുസമ്മേളനവും മികവുറ്റതായി. ഓരോ സ്ഥലങ്ങളിലും രൂപീകരിക്കപ്പെട്ട സംഘാടകസമിതി പരിപാടിയുടെ വിജയത്തിനായി അഹോരാത്രം പരിശ്രമിച്ചത് സ്ലാഘനീയമാണ്. കർഷകർക്കും സാധാരണ ക്കാർക്കും വേണ്ടിയുള്ള ഈ അതിജീവനയാത്രയെ വിജയകരമാക്കുവാനും പൊതുജനശ്രദ്ധയെ ആകർഷിക്കുവാനും സാധിച്ചത് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും എല്ലാ ബഹു. വൈദികരുടെയും ആത്മാർത്ഥമായ താല്പര്യവും പൂർണ്ണമായ സഹകരണവും കാരണമാണ്. അഭിവന്ദ്യ പിതാവിനും ബഹു. അച്ചന്മാർക്കും കത്തോലിക്ക കോൺഗ്രസിന്റെ പേരിൽ സ്നേഹനിർഭരമായ നന്ദി അറിയിക്കുന്നു.

ഇരിട്ടിയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഗ്ലോബൽ പ്രസിഡണ്ട് അഡ്വക്കറ്റ് ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ആമുഖപ്രഭാഷണവും ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറ മ്പിൽ സ്വാഗതവും അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ വിഷയാവതരണവും നടത്തി. അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

**കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് അഭിവന്ദ്യ റെമിജിയോസ് ഇഞ്ചനാനി അതിജീവന യാത്ര ഫ്ലാഗ് ഓഫ് ചെയ്തു.**

അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ട്രഷറർ ഫിലിപ്പ് വെളിയത്ത് ഗ്ലോബൽ ഭാരവാഹികളായ ബേബി നെട്ടനാനി, ചാക്കോച്ചൻ കാരാമയിൽ, പ്രൊഫസർ ജോസുകുട്ടി ഒഴുകയിൽ, ബെന്നി ആന്റണി, അഡ്വക്കറ്റ് ഷീജ സെബാസ്റ്റ്യൻ, ട്രീസ സെബാസ്റ്റ്യൻ കോതമംഗലം രൂപത പ്രസിഡണ്ട് ജോസ് പുതിയിടം ഇടുക്കി രൂപതാ പ്രസിഡണ്ട് ജോർജ് കോയിക്കൽ എന്നിവർ പ്രസംഗിച്ചു.

പതിനൊന്നാം തീയതിയിലെ അതിജീവന യാത്ര ആരംഭിച്ചത് വെള്ളരി ക്കുണ്ടിലെ സ്വീകരണത്തോടു കൂടിയാണ്. രാവിലെ 9.30 ന് നൂറുകണക്കിന് ആൾക്കാർ പങ്കെടുത്ത റാലി അതിജീവന യാത്രയ്ക്ക് ഊർജം നൽകി. അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോൺസൺ അന്ത്യാംകുളം മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസഫ് വാരണത്ത്, ഫാ. ജോസ് തൈക്കുന്നുംപുറം, ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. മാത്യു കോണിക്കൽ, പീയൂസ് പറയിടം, ജോണി തോലമ്പുഴ, സ്റ്റീഫൻ കീച്ചേരികുന്നേൽ, ജിജി കുന്നപ്പള്ളി, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ചെറുപുഴയിൽ ഉച്ച സമയത്ത് അതിജീവന യാത്രയ്ക്ക് വർണ്ണ ശബളമായ സ്വീകരണമാണ് നൽകിയത്. പൊതുയോഗം അതിരൂപത ചാൻസലർ പെരിയ ബഹു. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ ഉദ്ഘാടനം ചെയ്തു.

അതിരൂപതാ പ്രസിഡണ്ട് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ, ബെന്നി പുതിയാമ്പുറം, ഫിലിപ്പ് വെളിയത്ത്, ഷിജിത്ത് തോമസ്, സിബി ജാതികുളം, ജോർജ് കോയിക്കൽ, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

വൈകുന്നേരം 4 മണിയോടെ കരുവഞ്ചാലിൽ നടന്ന സ്വീകരണ യോഗം ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. അതിരൂപത ചാൻസലർ പെരിയ ബഹുമാനപെട്ട ഫാ. ജോസഫ് മുട്ടത്തുകുന്നേൽ യോഗം ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് തെങ്ങുംപള്ളിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ഫിലിപ്പ് കവിയിൽ, പ്രൊഫസർ ജോസുകുട്ടി ഒഴുകയിൽ, ജോർജ് കോയിക്കൽ, ഫാ. മാണി ആട്ടേൽ, ഫാ. ജോയ് മഠത്തിമ്യാലിൽ, കെ.ഡി മാർട്ടിൻ, ജോസ് ഏത്തക്കാട്ട്, ടോമി കണയങ്കൽ, തോമസ് ഒഴുകയിൽ, ബിനോയ് തോമസ് എന്നിവർ പ്രസംഗിച്ചു.

പയ്യാവൂരിൽ നടന്ന തലശ്ശേരി അതിരൂപതയിലെ സമാപന സമ്മേളനവും റാലിയും കത്തോലിക്ക കോൺഗ്രസിന്റെ ശക്തി വിളിച്ചോതുന്നതായിരുന്നു. ഫാ. നോബിൾ ഓണംകുളം അധ്യക്ഷത വഹിച്ച യോഗം അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ബേബി നെട്ടനാനി, വർഗീസ് പള്ളിച്ചിറ, ജോർജ് വലിയമറത്താങ്കൽ, വിൽസൺ, കുര്യൻ കുഴിക്കാട്ട്, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**നന്ദിയുടെ ഒരു വാക്ക്**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന അതിജീവന യാത്രയുടെ വിജയത്തിന് ഫലപ്രദമായ നിർദ്ദേശങ്ങളും ക്രിയാത്മകമായ സഹായങ്ങളും ചെയ്തു തന്ന അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവിനെ നന്ദിയോടെ സ്മരിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ കർഷകർക്ക് വേണ്ടിയുള്ള ശക്തമായ ഇടപെടലുകളും പ്രസ്താവനകളും നമ്മുടെ സമുദായത്തിനും കർഷകരായ സാധാരണക്കാർക്കും അനുകൂലമായ നിലപാടുകൾ എടുക്കുവാൻ സർക്കാരുകളെ പ്രേരിപ്പിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. തലശ്ശേരി അതിരൂപതയിലെ വൈദിക കൂട്ടായ്മയുടെ നേതൃപാടവത്തിനും ആത്മാർത്ഥമായ സഹകരണത്തിനുമുള്ള സാക്ഷ്യപത്രമാണ് കത്തോലിക്ക സമുദായത്തിന്റെ ഉണർവിന് കാരണമായ ഈ അതിജീവന യാത്രയുടെ വിജയം. എല്ലാ ബഹു. വൈദികർക്കും ആത്മാർത്ഥമായ നന്ദി.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

1. കുടുംബ കൂട്ടായ്മകളുടെ റിപ്പോർട്ട് ബുക്കും പ്രാർത്ഥനാ പുസ്തകവും വാങ്ങി കുടുംബക്കൂട്ടായ്കൾ നന്നായി നടത്തുന്ന നിങ്ങളെ അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. റിപ്പോർട്ട് ബുക്കും പ്രാർത്ഥനാപുസ്തകവും ഇനിയും ആവശ്യമുള്ളവർക്ക് അതത് ഫൊറോനാ കേന്ദ്രങ്ങളിൽ ഇതിനോടകം എത്തിച്ചിട്ടുണ്ട്. ഈ ആഴ്ചയിൽ തന്നെ കൈപ്പറ്റുവാൻ ശ്രദ്ധിക്കുമല്ലോ.
2. പുതിയ റിപ്പോർട്ട് ബുക്കും പ്രാർത്ഥനാ പുസ്തകവുമാണ് ജനുവരി മാസം മുതൽ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ടത്.
3. ഇടവകയെ കൂടുതൽ ചലനാത്മകവും ദൈവീകവുമാക്കാൻ കുടുംബകൂട്ടായ്മകൾ ശക്തിപ്പെടുത്തുകയും പുതിയ പുസ്തകം യൂണിറ്റുകൾക്ക് ലഭ്യമാക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**ക്രിസ്തുമസ് മംഗളാശംസകളോടെ,**

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ലോക ഭിന്നശേഷി ദിനാചരണവും സൗജന്യ മെഡിക്കൽ ക്യാമ്പും**

തലശ്ശേരി അതിരൂപത ഭിന്നശേഷി സേവന വിഭാഗമായ ആദം മിനിസ്ട്രിയും കരുവഞ്ചാൽ സെൻറ് ജോസഫ് ഹോസ്പിറ്റലും സംയുക്തമായി ഡിസംബർ 3–ാം തീയതി ലോകഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു. ദിനാഘോഷത്തിന്റെ ഭാഗമായി ഭിന്ന ശേഷിക്കാർക്കായി രാവിലെ 8:30 മുതൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിൽ പങ്കു ചേർന്നവർക്ക് സൗജന്യ പരിശോധനയും മരുന്നുകളും നൽകി. ഭിന്നശേഷി സമൂഹത്തോടുള്ള അതിരൂപതയുടെയും കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെയും കരുതലിന്റെ ഭാഗമായി പങ്കുചേർന്ന എല്ലാ ഭിന്നശേഷിക്കാർക്കും ഒരു വർഷത്തേക്ക് പ്രാബല്യത്തിൽ വരുന്ന ആനുകൂല്യങ്ങൾ അടങ്ങിയ ഹോസ്പിറ്റൽ പ്രിവിലേജഡ് കാർഡ് വിതരണം ചെയ്തു. സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. സാബു പുതുശ്ശേരി അഡ്മിനിസ്ട്രേറ്റർ റവ. ഫാ. അനീഷ് മണവത്ത് ഡോക്ടർ അമൽ എന്നിവർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി. കരുവഞ്ചാൽ ഹോസ്പിറ്റൽ എപ്പോഴും ഭിന്നശേഷി സൗഹൃദമായി നിലനിൽക്കും എന്നും ഭിന്നശേഷി അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രത്യേക പരിഗണന നൽകുവാൻ ഹോസ്പിറ്റൽ പ്രത്യേകം ശ്രദ്ധിക്കും എന്നും ഹോസ്പിറ്റൽ ഡയറക്ടർ പ്രഖ്യാപിച്ചു. കരുവഞ്ചാൽ ആശാഭവൻ സ്പെഷ്യൽ സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ മേഴ്സിറ്റ എസ്.എച്ച്. ന് ഭിന്നശേഷി കുഞ്ഞുങ്ങൾക്കായി നൽകുന്ന ശുശ്രൂഷകളെ അടിസ്ഥാന മാക്കി ഉപഹാരങ്ങൾ നൽകി ആദരിച്ചു. ഭിന്നശേഷി സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനത്തിന് ഉതകുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ബനഡിക്ടൻ ശാന്തിഗിരി ആശ്രമത്തിന്റെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന കരുതൽ പദ്ധതിയുടെ ഉദ്ഘാടനം ആലക്കോട് ബധിര

ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെ നൽകിക്കൊണ്ട് ആശ്രമ സുപ്പീരിയർ ഫാ. ജോർജ് കുറുമണ്ണിൽ നിർവഹിച്ചു. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ താമസിക്കുന്ന ഭിന്നശേഷിക്കാരായ പാവപ്പെട്ട കുടുംബങ്ങൾക്ക് കോഴിക്കൂടുകളും മുട്ടക്കോഴിയും നൽകി. കരുവഞ്ചാൽ സെന്റ് ജോസഫ് ഇടവക വികാരി റവ. ഫാ. ജോസഫ് ഈനാച്ചേരിൽ കരുവഞ്ചാൽ ഇടവക മാതൃവേദി, ചെറുപുഷ്പ മിഷൻലീഗ് പ്രതിനിധികൾ തുടങ്ങിയവർ ആഘോഷത്തിൽ പങ്കുചേരുകയും ആശംസകൾ അറിയിക്കുകയും, ഭിന്നശേഷി സേവന രംഗത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്തു. അതിരൂപത ഭിന്നശേഷി വിഭാഗം ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ വിശുദ്ധ ബലിക്കും ആഘോഷങ്ങൾക്കും നേതൃത്വം നൽകി. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നുള്ള ഭിന്നശേഷി സമൂഹ അംഗങ്ങൾ ആഘോഷങ്ങളിൽ പങ്കുചേർന്നു. സെന്റ് ജോസഫ് ഹോസ്പിറ്റൽ അധികൃതർക്ക് പ്രത്യേകം നന്ദി.

### ക്രിസ്തുമസ് ആഘോഷങ്ങൾ

ബാംഗ്ലൂർ മിഷന്റെ ക്രിസ്തുമസ് ആഘോഷം 10-ാം തീയതി ഞായറാഴ്ച സെന്റ് പാട്രിക് ദൈവാലയത്തിൽ കുമ്പസാരം, വിശുദ്ധ കുർബാന, കലാപരിപാടികൾ എന്നിവയോടുകൂടെ നടത്തപ്പെട്ടു. സെന്റ് പാട്രിക് പള്ളി വികാരി ഫാ. ഗബ്രിയേൽ ക്രിസ്തുമസ് സന്ദേശം നൽകി.

### മാർത്തോമാ ബധിര വിദ്യാലയം

15-ാം തീയതി വെള്ളിയാഴ്ച നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ കുട്ടികൾ മാതാപിതാക്കൾ രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്തു. പൗരസ്ത്യ കൽദായ സുറിയാനി സഭ മെത്രാപ്പോലീത്ത മാർ ഔഗേൻ കുര്യാക്കോസ് ക്രിസ്തുമസ് സന്ദേശം നൽകി. ക്രിസ്തുമസ് സന്ദേശങ്ങൾക്ക് ആംഗ്യഭാഷയിൽ പരിഭാഷ നൽകി കുഞ്ഞുങ്ങൾക്ക് ആശംസകൾ നേർന്നു.

### ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ

17-ാം തീയതി ഞായറാഴ്ച ക്രിസ്തുമസിന് ഒരുക്കമായി കുമ്പസാരവും, വിശുദ്ധ കുർബാനയും അർപ്പിച്ചു. കൂട്ടായ്മ പ്രസിഡണ്ട് സനീഷ്, ആന്റണി മുതുകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തി.

### ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ

21-ാം തീയതി വ്യാഴാഴ്ച ഡോൺബോസ്കോ സ്കൂളിലെ കുട്ടികൾക്ക്

കുമ്പസാരവും, വിശുദ്ധ കുർബാന അർപ്പിച്ച് ക്രിസ്തുമസ് സന്ദേശവും നൽകി.

## ജ്യോതി ഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ

22-ാം തീയതി നടത്തപ്പെട്ട ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേർന്ന് കുട്ടികൾക്ക് ക്രിസ്തുമസ് സന്ദേശം നൽകി. ക്രിയാത്മക കൗമാരം കരുത്തും കരുതലും എന്ന വിഷയം ആസ്പദമാക്കി കാസർഗോഡ് ഡിസ്ട്രിക്ട് ഹോസ്പിറ്റൽ ഹെൽത്ത് കൗൺസിലർ ശ്രീ. പ്രതീഷ് മോൻ നൽകിയ ക്ലാസിന് ആംഗ്യഭാഷയിൽ പരിഭാഷ നൽകി.

## എഫാത്താ ധ്യാനം

ഡിസംബർ 27 മുതൽ 30 വരെ ബധിര വിശ്വാസ സമൂഹത്തിനായി ധ്യാനം നടത്തപ്പെട്ടു. കേരളത്തിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആളുകൾ പങ്കുചേർന്നു. അതിരൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റ്, കാറ്റകെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് എന്നിവരുടെ സഹകരണത്തോടെ കുട്ടികൾക്കും മുതിർന്ന വർക്കും വിശ്വാസപരിശീലനം നൽകി. ബൈബിൾ അപ്പസ്റ്റൊലേറ്റ് ഡയറക്ടർ റവ. ഫാ. ടോം ഓലിക്കരോട്ട്, കാറ്റിക്കിസം ഡയറക്ടർ റവ. ഫാ. സിജു വെണ്ണായിപ്പള്ളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മദർ ഹോം ഡയറക്ടർ ഫാ. ബെന്നി പുത്തൻനട ധ്യാനം ഉദ്ഘാടനം ചെയ്തു. ധ്യാനത്തി നായി സജ്ജീകരണങ്ങൾ ഒരുക്കി നൽകിയ മദർ ഹോം കുടുംബത്തിനും, ആദം മിനിസ്ട്രി സർവീസ് ടീം അംഗങ്ങളായ റവ. ഫാ. ജോളി, അൻസൽ പുളിക്കൽ എന്നിവർക്കും പ്രത്യേകം നന്ദി.

**ക്രിസ്മസ് പുതുവത്സര ആശംസകൾ**

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**നവംബർ 04**

നവംബർ 4 ശനിയാഴ്ച അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആട്സ് & സയൻസ് കോളേജിൽ നിന്നും 35-ാളം വിദ്യാർത്ഥികളും, അധ്യാപകരും സ്ഥാപനം സന്ദർശിക്കുവാനായി വന്നു. പ്രതീക്ഷയിലെ സ്റ്റാഫ് അംഗങ്ങൾ വിദ്യാർത്ഥികളെയും, അധ്യാപകരെയും സ്വാഗതം ചെയ്തു.

പ്രതീക്ഷയുടെ എക്സി. ഡയറക്ടർ ബഹു. ഫാ. മാത്യു കാരിക്കൽ സ്ഥാപനത്തെപ്പറ്റിയും വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും കുട്ടികൾക്ക് വിശദീകരണം നൽകി. പ്രതീക്ഷയുടെ കൗൺസിലറായ ശ്രീമതി ജെറിൻ വർഗ്ഗീസ്, സോഷ്യൽ വർക്കറുടെ സേവനങ്ങളെപ്പറ്റിയും, പ്രധാന ചുമതലകളെപ്പറ്റിയും സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികൾക്ക് കൗൺസിലറോട് സംശയങ്ങൾ ചോദിച്ച് മനസ്സിലാക്കാനുള്ള ഒരു ഇന്റർആക്ടീവ് സെക്ഷനും ഉണ്ടായിരുന്നു. ഉച്ചയോടെ പരിപാടി അവസാനിച്ചു.

**AA കൂട്ടായ്മ (ഡിസംബർ 03)**

ഡിസംബർ 3 ശനിയാഴ്ച പ്രതീക്ഷ ലഹരിവിമോചന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു. ഈശ്വരപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ശ്രീ. കരോളിൻ യോഗത്തിന് സ്വാഗതം ആശംസിച്ചു. എക്സി. ഡയറക്ടർ ബഹു. ഫാ. മാത്യു കാരിക്കൽ അധ്യക്ഷ സ്ഥാനം അലങ്കരിച്ചു. ബഹു. ജോസ് സാർ (AA അംഗം) ക്ലാസ്സിന് നേതൃത്വം നല്കി. തന്റെ വ്യക്തി ജീവിതത്തിലെ അനുഭവങ്ങളെയും ചേർത്തുവച്ചു സംസാരിച്ചതിനാൽ ചികിത്സയിലായിരിക്കുന്നവർക്കും, ചികിത്സ കഴിഞ്ഞ സഹോദരങ്ങൾക്കും ക്ലാസ്സ് ഒരുപോലെ ഉപകാരപ്രദമായി.

അറുപതോളം ആളുകൾ കൂട്ടായ്മയിൽ പങ്കെടുത്തു. പ്രതീക്ഷയുടെ കൗൺസിലർ ശ്രീമതി ജെറിൻ വർഗ്ഗീസ് യോഗത്തിന് നന്ദി അർപ്പിച്ചു. ശേഷം അനുഭവസാക്ഷ്യത്തിനായി ചികിത്സ കഴിഞ്ഞ സഹോദരങ്ങൾ കടന്നുവന്നു. സോബർ ലൈഫ് നയിക്കുന്ന ആളുകളുടെ സാക്ഷ്യം ചികിത്സയിലായിരിക്കുന്നവർക്ക് കൂടുതൽ മനോബലം നൽകി. ഉച്ചഭക്ഷണത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

**ബോധവത്ക്കരണ ക്ലാസ്സ് (ഡിസംബർ 04)**

പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇരിട്ടി മാർത്തോമ്മാ സെന്ററിൽവച്ച് ക്യാമ്പും ബോധവൽക്കരണ ക്ലാസ്സും നടത്തി. ഏകദ്ദേശം അറുപതോളം ആളുകൾ പങ്കെടുത്തു. പ്രതീക്ഷയുടെ കൗൺസിലറായ ശ്രീമതി ജെറിൻ വർഗ്ഗീസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ഇടവക സന്ദർശനം (ഡിസംബർ 09)**

ഡിസംബർ 9 ശനിയാഴ്ച പ്രതീക്ഷയുടെ എക്സി. ഡയറക്ടർ ബഹു. ഫാ. മാത്യു കാരിക്കൽ വിളക്കന്നൂർ ഇടവക സന്ദർശിക്കുകയും വി. ബലിക്കും വചന സന്ദേശത്തിനും നേതൃത്വം നൽകുകയുമുണ്ടായി. ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയുള്ള സമയം 'മദ്യപാനം ഒരു രോഗാവസ്ഥ' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. ഫാ. മാത്യു കാരിക്കലിന്റെയും, ശ്രീ. സണ്ണി പായ്ക്കാട്ട് സാറിന്റെയും നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ്സ് നടത്തപ്പെട്ടു. മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെപ്പറ്റിയും, ആരോഗ്യപ്രശ്നങ്ങളെപ്പറ്റിയും വ്യക്തികളെ ബോധവാന്മാരാക്കുക എന്നതായിരുന്നു ക്ലാസ്സിന്റെ പ്രധാന ലക്ഷ്യം. അറുപതോളം ആളുകൾ ക്ലാസ്സിൽ പങ്കെടുത്തു.

**ഫാ. മാത്യു കാരിക്കൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സി. ഡയറക്ടർ

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

ടി.എസ്.എസ്.എസ്.

**അഭിനന്ദനങ്ങൾ**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ കത്തോലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI) യുടെയും ലില്ലിയൻ ഫൗണ്ടേഷന്റെയും Mary Glowry and Liliane Brekelman's ബെസ്റ്റ് എൻ ജി ഒ ഡയറക്ടർ അവാർഡ് ചായ് ഡയറക്ടർ ഡോ. മാത്യു അബ്രഹാമിൽ നിന്ന് ഏറ്റുവാങ്ങി. സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ അന്താരാഷ്ട്ര നിലയിൽ മികച്ച സന്നദ്ധസംഘടനാ പദവിയിലേക്ക് നയിച്ച ബഹു. ബെന്നിയച്ചന് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**സന്ദർശനങ്ങൾ**

TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തും എടൂർ, തേർമല എന്നിവിടങ്ങളിലെ വാർഷിക പൊതുയോഗങ്ങളിൽ പങ്കെടുക്കുകയും പൈസക്കരി റീജിയണിലെ യൂണിറ്റുകൾ സന്ദർശിക്കുകയും ചെയ്തു.

## SHG & JLG ലോണുകൾ

കർഷക ആത്മഹത്യകളും കടക്കെണിയും പെരുകുമ്പോൾ അതിനൊരു പരിഹാരമായി TSSS ന്റെ നേതൃത്വത്തിൽ SHG ലോണുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ SHG ലോണുകൾ ധനലക്ഷ്മി ബാങ്കുമായി സഹകരിച്ച് വിതരണം ആരംഭിച്ചു. നിലവിലുള്ള ഒൻപത് ശതമാനം പലിശക്ക് പകരം TSSS പ്രവർത്തകർക്ക് ഏഴു ശതമാനം പലിശ നിരക്കിൽ മൂന്നുവർഷത്തേക്കു 3600 രൂപ വീതം തിരിച്ചടവ് എന്ന വിധത്തിലാണ് ലോൺ ലഭ്യമാക്കുക.

പനത്തടി ഫൊറോനയിൽ നാൽപതോളം ജെഎൽജികൾക്കും തോമാപുരം ചെറുപുഴ ഫൊറോനകളിൽ മുപ്പത്തിയാറു ജെഎൽജികൾക്കും ലോൺ വിതരണം ചെയ്തു. കൂടാതെ, പൈസക്കരി,

ചെമ്പേരി, ആലക്കോട് ആർ.സി.സികളിൽ ജനുവരിയിൽ ലോൺ വിതരണം നടത്താനുള്ള കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തു.

**സജീവം :** പുതുതലമുറയെയും അവരുടെ കുടുംബങ്ങളെയും നശിച്ചിപ്പിച്ചു കൊണ്ടിരിക്കുന്ന ലഹരിക്കെതിരെ ബോധവത്ക്കരണ ക്ലാസ് പെരുമ്പടവ് BVJM ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തി. TSSS സജീവം കോർഡിനേറ്റർ അലീന സണ്ണിയുടെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചാണ് ക്ലാസ് സംഘടിപ്പിച്ചത്. തളിപ്പറമ്പ് എക്സൈസ് ഡിവിഷൻ പ്രിവന്റീവ് ഓഫീസർ ശ്രീ. ഷാജിയും സിവിൽ എക്സൈസ് ഓഫീസർ ശ്രീ. റിഷാദ് സിഎച്ചും ചേർന്ന് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അതോടൊപ്പം കണ്ണൂർ എക്സൈസ് ഡിവിഷൻ പ്രിവന്റീവ് ഓഫീസർ ശ്രീ. പ്രഭുനാഥ് പി.സി. ഏകപാത്ര നാടകവും അവതരിപ്പി ക്കുകയുണ്ടായി.

## ആശാകിരണം ഇൻഷുറൻസ് പദ്ധതി

TSSS ന്റെ നേതൃത്വത്തിൽ വിവിധ ഇൻഷുറൻസ് കമ്പനികളുമായി ചേർന്നുള്ള ആശാകിരണം ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നു. ഇതിനോടകം തന്നെ നിരവധി ആളുകൾ ആരോഗ്യ ഇൻഷുറൻസിൽ മെമ്പർമാരാകുകയും കൂടുതൽ ആളുകൾ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആളുകൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി കെയർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചാണ് ആശാകിരണം ഇൻഷുറൻസിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കെയർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയെക്കുറിച്ചും പോളിസികളെക്കുറിച്ചും ഒരു ഓറിയന്റഷൻ ക്ലാസ് TSSS സ്റ്റാഫുകൾക്ക് ഓൺലൈനായി നൽകി.

## കാവൽ പ്ലസ് & ഫാമിലി കൗൺസലിംഗ് സെന്റർ (എഫ്സിസി)

TSSS ഫാമിലി കൗൺസലിംഗ് സെന്ററും കാവൽ പ്ലസ് പ്രൊജക്റ്റും സംയുക്തമായി ചേർന്ന് 'സുരക്ഷിത ബാല്യവും സമൂഹവും' എന്ന വിഷയത്തിൽ മഞ്ഞളാപുറം യു.പി. സ്കൂളിൽ ഒരു ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. 6, 7 ക്ലാസ്സുകളിലെ ഇരുനൂറോളം കുട്ടികൾ ബോധവത്കരണ ക്ലാസ്സിൽ പങ്കെടുത്തു.

## കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

നമ്മുടെ അതിരൂപതയുടെയും TSSS ന്റെയും കമ്മ്യൂണിക്കേഷൻ മേഖലയിലേക്കുള്ള പുതിയ കാൽവെപ്പായ റേഡിയോ സ്റ്റേഷന്റെ പ്രവർത്തനങ്ങൾ പൂർത്തിയായിരിക്കുകയാണ്. റേഡിയോ സ്റ്റേഷനിലെ നിലവിലുള്ള സ്റ്റാഫിനും കമ്മ്യൂണിക്കേഷൻ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ള ആളുകൾക്കുമായി ഒരു റേഡിയോ ട്രെയിനിങ് വർക്ക്ഷോപ്പ് ഡിസംബർ നാലാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ തലശ്ശേരിയിൽ വെച്ച് നടത്തി. തലശ്ശേരി അതിരൂപത വികാരി

ജനറാൾ റവ ഫാ. സിബി പാലക്കുഴിയിൽ ഉദ്ഘാടനം നിർവഹിക്കുകയും റേഡിയോ പ്രോഗ്രാം ട്രെയിനർ വിനു ട്രെയിനിംങ്ങിനു നേതൃത്വം നൽകുകയും ചെയ്തു.

## കാൻസർ പരിശോധനാക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പുകളുടെ ഭാഗമായി നവംബർ 4-ാം തീയതി തോമാപുരം ആർ.സി.സി. ഓഫീസിൽ വച്ച് കാൻസർ പരിശോധന ക്യാമ്പ് നടത്തപ്പെട്ടു. കാൻസർ രോഗത്തെ നേരത്തെ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തെയും നാടിനെയും കാൻസർ വിമുക്തമാക്കി മാറ്റാനും മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ അർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകൾ ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നു. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധി പേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലയിലെ TSSS അംഗങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

## ന്യൂനപക്ഷ ദിനാചരണം നടത്തി

2023 ഡിസംബർ18 ന്യൂനപക്ഷ ദിനത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ ന്യൂനപക്ഷ ദിനാചാരണത്തിലും സെമിനാറിലും TSSS ന്റെ 40 പ്രതിനിധികൾ പങ്കെടുത്തു. കേരള നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ പരിപാടി ഉദ്ഘാടനം ചെയ്തു. കണ്ണൂർ MLA ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ, TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. നാനൂറോളം പേർ മീറ്റിംഗിൽ എത്തിച്ചേർന്നിരുന്നു. TSSS എല്ലാവർക്കും ഉച്ചഭക്ഷണം നൽകി.

## KLM ഡയറക്ടേഴ്സ് മീറ്റ്

കേരളാ ലേബർ മൂവ്മെന്റ് (KLM) ന്റെ സംസ്ഥാന ഡയറക്ടർമാരുടെ മീറ്റിംഗ് 11 ,12 തീയതികളിൽ വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മൂന്നാറിലുള്ള ട്രെയിനിങ് സെന്ററിൽ വെച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ TSSS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് പങ്കെടുത്തു.

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനത്തോടും അഭിനന്ദനങ്ങളോടും**

കുന്നോത്ത് ആരംഭിക്കുന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന് കേരള സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചു. ചുരുങ്ങിയ നാളുകൾകൊണ്ട് ഈ അനുമതി ലഭിക്കുവാൻ വേണ്ടി താല്പര്യത്തോടെ മുൻകൈയെടുത്ത അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിനും എല്ലാവിധ സഹകരണവും നൽകിയ ബഹുമാനപ്പെട്ട മന്ത്രിമാർക്കും കഠിനാധ്വാനം ചെയ്ത എല്ലാ ഡയറക്ടേഴ്സിനും നന്ദി ഒത്തിരി സന്തോഷത്തോടെ അറിയിക്കുന്നു.

**സ്പൈസസ് യൂണിറ്റ്**

യൂണിറ്റിന്റെ കാര്യക്ഷമമായ രീതിയിൽ ഏറെ കൃത്യതയോടുകൂടി പ്രവർത്തനങ്ങൾ മുൻപോട്ട് നീങ്ങുകയാണ്. ജനുവരി മാസത്തോടുകൂടി വിപണിയിൽ സജീവമാകുവാൻ സാധിക്കുന്ന രീതിയിൽ നമ്മുടെ കമ്പനിയുടെ പ്രവർത്തനങ്ങൾ സജ്ജമായിരിക്കുകയാണ്.

ക്രിസ്തുമസിനു മുന്നോടിയായി നമ്മുടെ ഉത്പന്നങ്ങൾ വിപണിയിൽ എത്തിയതിന്റെ സന്തോഷത്തിൽ കുന്നോത്ത് പ്രൊഡക്ഷൻ യുണിറ്റ്.

**പുതിയ ഔട്ട്ലെറ്റ് :** ബയോ മൗണ്ടൻ കമ്പനിയുടെ പുതിയ രണ്ട് യൂണിറ്റുകൾ അങ്ങാടിക്കടവിലും പുളിങ്ങോത്തും ആരംഭിക്കുകയുണ്ടായി.

**സന്ദർശനം നടത്തി**

ഹരിത ഇൻഡസ്ട്രിയൽ പാർക്ക് സന്ദർശിക്കുന്നതിനായി അഞ്ചു പേരടങ്ങുന്ന ടീം കുന്നോത്ത് എത്തിച്ചേർന്നിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും ബഹു. ഡയറക്ടറച്ചനുമായും കൂടിക്കാഴ്ച നടത്തുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള ചർച്ചകൾ ചെയ്യുകയും ചെയ്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ മാനേജിംഗ്*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# പഞ്ചാബ് മിഷൻ

പഞ്ചാബിൽ തലശ്ശേരി അതിരൂപതയുടെ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് മൂന്നു വർഷങ്ങൾ പൂർത്തിയാകുകയാണ്. ആദ്യവർഷം ഫരീദാബാദ് രൂപതയുടെ മിഷൻ സ്റ്റേഷന്റെ വളർച്ചയ്ക്കായി ആത്മാർത്ഥമായി അധ്വാനിച്ചു. ഈ കാലഘട്ടത്തിൽ മുപ്പതോളം പേരെ വിശ്വാസത്തിലേക്ക് കൊണ്ടുവരുവാൻ സാധിച്ചു. പിന്നീടുള്ള രണ്ടു വർഷങ്ങൾ നമ്മുടെ അതിരൂപതയ്ക്കായി സ്വന്തം മിഷൻ പ്രദേശങ്ങൾ കണ്ടെത്തുവാനും 3 മിഷൻ സ്റ്റേഷനുകൾ ആരംഭിക്കുവാനും സാധിച്ചു.

ഒന്നാമത്തെ മിഷൻ സ്റ്റേഷനായ മദർമേരി – പാട്യാല മിഷൻ സ്റ്റേഷൻ, ഇന്ന് അനേകം മക്കൾക്ക് ദൈവസാന്നിധ്യത്തിന്റെ ഇടമായി പ്രശോഭിക്കുന്നു. വി. കുർബാന, ആരാധന, വചന പ്രഘോഷണം, ഭവന സന്ദർശനങ്ങൾ, നിർധനരായ കുട്ടികൾക്ക് പഠന സഹായം, സൗജന്യ ട്യൂഷൻ, ഭവനനിർമാണ സഹായങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളിയും, ഫാ. മനോജ് കരിമ്പൂഴിയും തീക്ഷ്ണമായി ഈ മിഷൻ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു.

രണ്ടാമത്തെ മിഷൻ സ്റ്റേഷനായ യേശുദയാ സാഗർ – ദ്യോതിയയിൽ വി കുർബാന, ആരാധന, വില്ലേജ് മിനിട്രി, സാമൂഹ്യപ്രവർത്തനങ്ങൾ, കൗൺസിലിങ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഫാ. സ്റ്റിനോ മുക്കുഴിയും തീക്ഷ്ണമായി പ്രവർത്തിക്കുന്നു.

2023 ഡിസംബർ 17 മുതൽ 19 വരെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പഞ്ചാബ് മിഷൻ സന്ദർശിക്കുകയും മിഷൻ പ്രവർത്തനങ്ങൾ നേരിൽ മനസ്സിലാക്കുകയും ചെയ്തു. ഗ്രാമങ്ങളിലൂടെ സഞ്ചരിച്ചും, വി. കുർബന അർപ്പിച്ച് പാവപ്പെട്ട കുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ നൽകുകയും 28 പേരെ കത്തോലിക്കാ വിശ്വാസത്തിലേക്ക് സ്വീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യാൻ പിതാവിനു സാധിച്ചു. അഭിവന്ദ്യ പിതാവിനോടൊപ്പം പഞ്ചാബിൽ ചിലവഴിച്ച പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചനെ സ്നേഹത്തോടെ അനുസ്മരിക്കുന്നു.

മിഷനിലെ പ്രവർത്തനങ്ങൾ പ്രതിസന്ധികൾ നിറഞ്ഞതാണ്. കാലാവസ്ഥയും, സംസ്കാരവും, അതോടൊപ്പം വർദ്ധിച്ചു വരുന്ന അസഹിഷ്ണുതയും വലിയ വെല്ലുവിളികൾ ആണ്. അതോടൊപ്പം മിഷൻ പ്രവർത്തങ്ങൾക്കായി സാമ്പത്തിക ചിലവുകൾ ഉണ്ടാകുന്നത് വിസ്മരിക്കാവുന്നതല്ല. എല്ലാ ഇടവക വികാരിമരോടും, ദൈവജനത്തോടും വിലയേറിയ പ്രാർത്ഥനയും സഹകരണവും യാചിക്കുന്നു.

സ്നേഹത്തോടെ,

ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി<br>
ഫാ. സ്റ്റിനോ മുക്കുഴി<br>
ഫാ. ജോസഫ് കരിമ്പൂഴിക്കൽ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2024 ജനുവരി

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

ജനുവരി
07-11 : ആന്തരീക സൗഖ്യ ധ്യാനം
13 : വചനാഗ്നി (ഏകദിന കൺവെൻഷൻ)
(Live 9am -2.30 pm, 6-9 pm)
06, 20, 27 : പ്രാർത്ഥനാദിനം (Live 6 -9 pm)
21-25 : ആന്തരീക സൗഖ്യ ധ്യാനം
26-28 : വാരാന്ത്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

ജനുവരി
06 : യുവജന ധ്യാനം
06-10 : അഗ്നി അഭിഷേക ധ്യാനം
20, 27 : ഏകദിന ധ്യാനം
20-24 : ആന്തരീക സൗഖ്യ ധ്യാനം
26 : ജാഗരണ പ്രാർത്ഥന

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

ജനുവരി
06 : ഏകദിന ധ്യാനം
07-10 : ആന്തരിക സൗഖ്യാനുഭവ ധ്യാനം
20-28 : പരിശുദ്ധാത്മാവിന്റെ വരങ്ങളും കൗൺസിലിഗ് കോഴ്സും
27 : പ്രേഷിത കൂട്ടായ്മ

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ : 7306859339**

ജനുവരി
06 : അഖണ്ഡ ജപമാല (Spiritual Sharing, ഏകദിനം)
19 : ജാഗരണ പ്രാർത്ഥന (6 pm -10.30 pm)
21-25 : ആന്തരീക സൗഖ്യ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### നവംബർ 2023

21 കണ്ണൂരിൽവച്ച് നടന്ന നവകേരള സദസ്സിന്റെ പ്രഭാത മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് കരുവഞ്ചാലിൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന് എൻ.എ.ബി.എച്ച് സർട്ടിഫിക്കേഷൻ ലഭിച്ചതിന്റെ അനുമോദന മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. തോമസ് മണ്ണൂരാംപറമ്പിൽ അച്ചനെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം വിമലശ്ശേരിയിലെത്തി ക്ലാരമ്മ എളൂക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് വരക്കാട് ഇടവകാ ദൈവാലയത്തിലെത്തി നവീകരിച്ച അൾത്താരയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

22 പാലാ രൂപതയുടെ എപ്പാർക്കിക്കൽ അസംബ്ലിയിൽ ക്ലാസ്സ് നയിച്ചു.

23 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കൊളക്കാട് ഹൈസ്കൂളിന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം തലശ്ശേരിയിൽവച്ച് നടന്ന ശാലോമിന്റെ ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

24 രാവിലെ തലശ്ശേരി മൈനർ സെമിനാരിയിലെ ഒന്നാംവർഷ വിദ്യാർത്ഥികളുടെ മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഉച്ചയ്ക്കുശേഷം കമ്പല്ലൂർ ഇടവകയിലെത്തി സിമിത്തേരി വെഞ്ചരിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന ദീപിക അപെക്സ് ബോഡി യോഗത്തിൽ പങ്കെടുത്തു.

25 രാവിലെ തളിപ്പറമ്പിൽവച്ച് സംഘടിപ്പിച്ച ജീവോത്സവം പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചയ്ക്കുശേഷം ചിറ്റാരിക്കാലിൽവച്ച് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നടത്തിയ വിദ്യാദർശൻ യാത്ര ഉദ്ഘാടനം ചെയ്തു. തുടർന്ന് കാവുംതല ഇടവകയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി.

26 നിർമ്മലഗിരി ഇടവകാംഗമായിരുന്ന ജോസഫ് തോണക്കരയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്കുശേഷം രത്നഗിരി ഇടവകയിൽവച്ച്

പ്ലസ് ടു വിദ്യാർത്ഥികളുടെ സംഗമമായ സാൾട്ട് ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് കടുമേനിയിലെത്തി പുതുതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

27 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം എടൂർ ഹയർസെക്കന്ററി സ്കൂളിന്റെ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു.

28 തളിപ്പറമ്പിൽവച്ച് ചേർന്ന വൈദികരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയുടെ ഹോംഡേ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

29 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് മൈനർ സെമിനാരിയിലെ മൂന്നാംവർഷ വിദ്യാർത്ഥികളുടെ മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തളിപ്പറമ്പിലെത്തി മലനാട് ടി.ടി.സി കോളേജ് സന്ദർശിച്ചു. തുടർന്ന് പുളിംമ്പറമ്പിൽ പുതുതായി നിർമ്മിച്ച സി.എം.സി. കോൺവെന്റിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം ചീമേനി യാഹ്വെയിരെ ധ്യാനകേന്ദ്രത്തിലെത്തി രജത ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

30 രാവിലെ വെളിമാനം ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ വർഗ്ഗീസ് തുടിയംപ്ലാക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## ഡിസംബർ 2023

01 ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും വചനപ്രതിഷ്ഠ നടത്തുകയും ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന ഇന്റർ കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം സാൻജോസ് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഓൺലൈനായി കൂടിയ എഡ്യുസ്പാർക് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

02 അതിരൂപതാ കേന്ദ്രത്തിൽവച്ച് രൂപതയിലെ ഡീക്കന്മാരുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പിൽവച്ച് ചേർന്ന മാതൃവേദി ജനറൽ ബോഡി യോഗം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തിയ ശ്രീ. കെ.സി. വേണുഗോപാലിനെ സ്വീകരിച്ചു.

03 ചേപ്പറമ്പ് ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. ഉച്ചയ്ക്കുശേഷം വെളിമാനം ഇടവകാംഗമായിരുന്ന ഞാമത്തോലിൽ തോമസ് ചേട്ടന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മ

ങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. രാത്രിയോടെ ചേർന്ന ദീപികയുടെ ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

04-06 എറണാകുളത്ത് വച്ച് നടന്ന കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു. നാലിന് രാവിലെ പാലാ ചെമ്മലമറ്റം പള്ളിയിലെത്തി പരേതനായ ജോർജ്ജ് നരിപ്പാറ അച്ചനുവേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. അഞ്ചാം തീയതി വൈകുന്നേരം കാക്കനാട് വച്ച് ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു. ആറാം തീയതി വൈകുന്നേരം പി.ഒ.സി. യിൽവച്ച് നടത്തിയ മീഡിയാ കമ്മീഷന്റെ അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

07 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുന്നോത്ത് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന രണ്ടാംകടവ്, അങ്ങാടിക്കടവ്, ആനപ്പന്തി, മുടയരഞ്ഞി, പെരിങ്കിരി, കുന്നോത്ത് ഇടവകകൾ സന്ദർശിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

08 രാവിലെ കൂരാച്ചുണ്ടിലെത്തി ബഹു. ആന്റണി കൊഴുവനാൽ അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്കുശേഷം ഇരിട്ടിയിൽവച്ച് ചേർന്ന കർഷക അതിജീവന സമിതിയുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകുന്നേരം കുന്നോത്ത് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന പേരട്ട, കച്ചേരിക്കടവ്, പാലത്തുംകടവ്, വാണിയപ്പാറ, ചരൾ ഇടവകകൾ സന്ദർശിച്ചു.

09 ചെമ്പേരിയിൽവച്ച് ചേർന്ന അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ചേർന്ന വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് ട്രസ്റ്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു. തുടർന്ന് പാത്തൻപാറ ദൈവാലയം സന്ദർശിച്ചു. തുടർന്ന് പാത്തൻപാറ ഇടവകാംഗമായ ഡീക്കൻ പോൾ മുണ്ടയ്ക്കലിന്റെ ഭവനം സന്ദർശിച്ചു.

10 കീഴ്പ്പള്ളി ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം കുന്നോത്ത് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന കിളിയന്തറ, മാടത്തിൽ ഇടവകകൾ സന്ദർശിച്ചു.

11-14 ഇരിട്ടി പട്ടാരത്തുവച്ച് നടന്ന ഡീക്കന്മാരുടെ ധ്യാനം നയിച്ചു. പതിനൊന്നാം തീയതി വൈകുന്നേരം ഇരിട്ടിയിൽവച്ച് എ.കെ.സി.സി യുടെ അതിജീവന യാത്ര ഉദ്ഘാടനം ചെയ്തു. പന്ത്രണ്ടാം തീയതി വൈകുന്നേരം പയ്യാവൂരിൽവച്ച് അതിജീവന യാത്രയ്ക്ക് സന്ദേശം നൽകി. പതി

നാലാം തീയതി ഉച്ചയ്ക്കുശേഷം വിളമന ദൈവാലയത്തിലെത്തി ബഹു. ഏലിയാസ് എടൂക്കുന്നേൽ അച്ചനെ സന്ദർശിച്ചു. വൈകുന്നേരം എടൂർ ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ചെടിക്കുളം, മാങ്ങോട്, വെളിമാനം, എടൂർ, വട്ടിയറ ഇടവകകൾ സന്ദർശിച്ചു.

15 രാവിലെ ചേപ്പറമ്പിലെത്തി ബഹു. ആന്റണി മുഞ്ഞനാട്ട് അച്ചന്റെ മൃത സംസ്കാര ശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽവച്ച് വിളിച്ചുചേർത്ത ഓഡിറ്റർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം തലശ്ശേരിയിൽവച്ച് ഓൾ ഇന്ത്യ ലോയേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ കെ.യി. ഗംഗാധരൻ മെമ്മോറിയൽ മനുഷ്യാവകാശ പ്രവർത്തക അവാർഡ് ദാനം നിർവ്വഹിച്ചു. തുടർന്ന് എടൂർ ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന എടപ്പുഴ, കരിക്കോട്ടക്കരി, ഉരുപ്പുംകുറ്റി ഇടവകകൾ സന്ദർശിച്ചു.

16 തലശ്ശേരിയിൽവച്ച് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2023 ലെ കോൺവൊക്കേഷൻ ഉദ്ഘാടനം ചെയ്ത് ബിരുദദാനം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

17 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയോടെ പഞ്ചാബിലേക്ക് പുറപ്പെട്ടു.

18–19 പഞ്ചാബ് മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു.

20 രാവിലെ പ്രീസ്റ്റ് ഹോമിലെത്തി ബഹു. വൈദികരെ സന്ദർശിച്ചു. തുടർന്ന് ഈ വർഷം പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരായ കിരൺ ചെമ്പ്ളായിൽ, ജിന്റോ മൂന്നാനാൽ, ജിസ്സ് കരിങ്ങാലിക്കാട്ടിൽ, അഭിലാഷ് ചെല്ലംകോട്ട്, ജിതിൻ ചിന്താർമണിയിൽ, ജിൻസ് ചൊള്ളംപുഴ, എബിൻ മുള്ളംകുഴി എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

JANUARY 2024

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09.00 am | - | Anamanjal : Ordination |
| | 04.00 pm | - | Mother Home, Pariyaram : Perpetual Adoration |
| 02 | 09.00 am | - | Konnakkad : Ordination |
| | 04.30 pm | - | Padiyoor : Golden Jubilee |
| 03 | 10.30 am | - | Vattiyara : Foundation stone laying ceremony of new parish |
| | 11.00 am | - | Vattiyara : CMC Convent Blessing |
| | 02.30 pm | - | Angadikkadavu : Farewell |
| | 04.00 pm | - | Iritty : Betrothal |
| | 05.30 pm | - | Peratta : School Blessing |
| 04 | 09.00 am | - | Chully : Ordination |
| | 05.30 pm | - | Kanhangad : Deepika Annual Day |
| 05 | 11.00 am | - | Kannur |
| 06 | 02.00 pm | - | Kodoppally : Vincentian House Blessing |
| | 06.00 pm | - | Ummerpoil : Parish Hall Blessing |
| 07 | 09.00 am | - | Choorappadavu : Jubilee |
| | 04.00 pm | - | Nellickampoil : Jubilee |
| 08-13 | | - | Syro Malabar Synod |
| 14 | | - | Engaged |
| 15 | 09-12 pm | - | Visitors Day |
| 16 | 10.00 am | - | Perumpadavu : Farewell |
| 17 | 11.00 am | - | Badiyadka : Marriage |
| | 05.00 pm | - | Chayoth : Jyothibhavan School Jubilee |
| 18 | 10.30 am | - | Ponamala : Jubilee |

| | | | |
|---|---|---|---|
| | 06.30 am | - | Chettamkunnu : Jubilee |
| 19 | 10.00 am | - | Auditors Meeting |
| 20 | 07.00 am | - | Kadumeni : Baptism |
| | 10.00 am | - | Thirumeni : Jubilee |
| | 04.00 pm | - | Charal : Foundation stone laying ceremony of new parish |
| 21 | 10.00 am | - | Cathedral : Parish Feast |
| | 04.30 pm | - | Kolayad : Foundation stone laying ceremony of new parish |
| 22 | 09.00 am | - | Perinkiri : Ordination |
| 23 | 10.00 am | - | Junior Priest Meeting |
| | 06.00 pm | - | Pulingome : Fest |
| 24 | 09-12 pm | - | Visitors Day |
| 25 | 10.00 am | - | Nirmalagiri : Patrons Day of NGC |
| 26 | 11.30 am | - | Minor Seminary : Benefactors Day |
| 27 | | - | Bangalore |
| 28 | 06.00 am | - | Iritty : Deepika Annual Day |
| 29 | 9-12 pm | - | Visitors Day |
| 30 | 10.00 am | - | Forane Vicars Meeting |
| | 02.30 pm | - | Catechism Council |
| 31 | | - | Bangalore : CBCI Plenary |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഡിസംബർ 2023

01 രാവിലെ തലശ്ശേരി പ്രൊവിൻസിലെ അഭിവന്ദ്യ പിതാക്കന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

02 രാവിലെ പാലാപ്പറമ്പിൽ എസ്.എ.ബി.എസ്. സിസ്റ്റേഴ്സ് നടത്തുന്ന അഗതി മന്ദിരത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകുകയും തുടർന്ന് അവിടെയുള്ള അമ്മച്ചിമാരെ സന്ദർശിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് വെളിമാനത്ത് നിര്യാതനായ ബഹു. ഷിനു ഞാമത്തോലിൽ അച്ചന്റെ പിതാവ് എൻ.ടി. തോമസിനുവേണ്ടി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

03 ഉച്ചകഴിഞ്ഞ് വെളിമാനത്ത്, നിര്യാതനായ ഞാമത്തോലിൽ എൻ.ടി. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

07 രാവിലെ മാനന്തവാടി കല്ലോടിയിൽ നിര്യാതയായ സി. ഫ്രാൻസിസ് ഗെയിൽസ് എഫ്.സി.സിക്കു വേണ്ടി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

14 രാവിലെ മാനന്തവാടി പുൽപ്പള്ളി അഡോറേഷൻ സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

15 രാവിലെ മാനന്തവാടി കുറുമണിയിൽ കാവാലം വിൻസെന്റിന്റെ 41-ാം ചരമ ദിനത്തിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് സെമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

18 ഉച്ചകഴിഞ്ഞ് മാനന്തവാടി കണിയാരത്ത് നിര്യാതനായ ജോൺ മണിയങ്കാലായിയുടെ ഭവനം സന്ദർശിക്കുകയും ഒപ്പിസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

19 രാവിലെ മടമ്പം പി.കെ.എം, ബി.എഡ്. കോളേജിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ശേഷം ശ്രീകണ്ഠാപുരത്ത് എം.എസ്.എം.ഐ. സിസ്റ്റേഴ്സ് നടത്തുന്ന സാൻ ജോർജിയാ സ്പെഷ്യൽ സ്കൂളിന്റെ ക്രിസ്തുമസ് ആഘോഷത്തിലും പങ്കെടുത്തു.

22 രാവിലെ ചെങ്ങോത്ത് നിര്യാതനായ കാക്കരമറ്റത്തിൽ പാപ്പച്ചന്റെ 7-ാം

ചരമദിനത്തിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് സെമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

25 പുലർച്ചെ 12 മണിക്ക് ചീക്കാട് ഉണ്ണിമിശിഹാ ദൈവാലയത്തിൽ തിരുപ്പിറവിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 രാവിലെ പാത്തൻപാറയിൽ ഡി. പോൾ മുണ്ടയ്ക്കലിന് തിരുപ്പട്ടം നൽകി. വൈകുന്നേരം ഇരിട്ടിയിലെ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിൽ നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു.

28 രാവിലെ ചെറുപുഴയിൽ ഡി. ജിസ്സ് കരിങ്ങാലിക്കാട്ടലിന് തിരുപ്പട്ടം നൽകി. വൈകുന്നേരം മാനന്തവാടിയിൽ, പാലത്തിൻതലയ്ക്കൽ സുബിൻ, ജോസിയ എന്നിവരുടെ മനസമ്മതത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

29 രാവിലെ പൊട്ടംപ്ലാവിൽ ഡി. സാവിയോ പാലാകുഴിക്ക് തിരുപ്പട്ടം നൽകി.

30 രാവിലെ പാലത്തിൻകടവിൽ ഡി. അമൽ ചെമ്പകശ്ശേരിക്ക് തിരുപ്പട്ടം നൽകി. വൈകുന്നേരം മാനന്തവാടി മുള്ളൻകൊല്ലിയിൽ പുതുപ്പറമ്പിൽ അജിത്, അന്ന ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

31 രാവിലെ പാലാവയലിൽ വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാളിന്റെ സമാപന ദിനത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം വെമ്പുവായിൽ ഇടവക തിരുനാളിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

JANUARY 2024

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 10:00 am | - | Holy Mass : Nadavayal |
| 02 | 09:00 am | - | Ordination of Dn. Ajesh Thuruthel : Karikottakkary |
| | 04:00 pm | - | Holy Mass : Keezhpally |
| 03 | 09:00 am | - | Ordination of Dn. Albin Thengumpallil |
| 05 | 04:00 pm | - | Holy Mass : Choorapadavu |
| 06 | 09:00 am | - | Ordination of Dn. Jacob Eruliyil MSFS : Anapanthy |
| | 04:00 pm | - | Holy Mass : Nellickampoyil |
| 07 | 10:00 am | - | Holy Mass : Muthirery |
| 08-13 | | - | Synod |
| 13 | 10:00 am | - | Holy Mass : Pattaram |
| 14 | 10:00 am | - | Holy Mass : Chittarickal |
| 18 | 4:30 pm | - | Holy Mass : Vettilappara |
| 20 | 10:00 am | - | Jubilee of Sr. Rosbet FCC : Karikottakkari |
| | 04:00 pm | - | Betrothal of Christin Benny : Edathotty |
| 21 | 10:00 am | - | Holy Mass : Manikkadavu |
| 26 | 04:30 pm | - | Cemetery blessing &Holy Mass : Kanakappilly |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**നവംബർ 2023**

20 തലശ്ശേരി സാൻജോസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വൈദികരുടെ ജൂബിലി ആഘോഷത്തിലും ദിവ്യബലിയിലും പങ്കെടുത്തു.

21 വിമലശ്ശേരി ഇടവകയിൽ പരേതനായ ബഹു. ജോർജ് എളുക്കുന്നേൽ അച്ചന്റെ പ്രിയ മാതാവ് ക്ലാരമ്മ ഡോമിനിക്ക് എളുക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബഹു. മോൺ. തോമസ് മണ്ണൂരാംപറമ്പിലച്ചനെയും തോമസ് പാമ്പക്കലച്ചനെയും, തൊക്കിലങ്ങാടി ആശുപത്രിയിൽ ചികിത്സയിരിക്കുന്ന കദളിയിൽ അച്ചനെയും സന്ദർശിച്ച് പ്രാർത്ഥിച്ചു.

25 ചുള്ളി ഇടവകയിൽ പരേതനായ തോമസ് അറയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 നിർമലഗിരി ഇടവകയിൽ നിര്യാതനായ തോണക്കര ടി.എം ജോസഫിന്റെ (റിട്ട. ഇംഗ്ലീഷ് പ്രഫസർ നിർമലഗിരി കോളേജ്) മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

27 മാനടുക്കം ഇടവകയിൽ കടവിൽ ജോർജ്-ട്രീസ ദമ്പതികളുടെ മകന്റെ മാമ്മോദിസായ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. തുടർന്ന് കണ്ണീർവാടിയിൽ ഉള്ള ബെനഡിക്ടൻ ആശ്രമം സന്ദർശിച്ചു.

28 മണിക്കടവ് ഇടവകയിൽ നിര്യാതയായ ന്യായപ്പള്ളി ഈപ്പച്ചന്റെ ഭാര്യ ഫിലോമിനയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കർമികത്വം വഹിച്ചു പ്രാർത്ഥിച്ചു. വൈകുന്നേരം മൈനർ സെമിനാരിയിൽ വച്ചു നടന്ന ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

30 അഭിവന്ദ്യ പിതാവിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ അറുപതാം വർഷത്തിന്റെ ഭാഗമായി തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും മൈനർ സെമിനാരിയിൽവെച്ചു നടന്ന അനുമോദന മീറ്റിംഗിലും പങ്കെടുത്തു.

**ഡിസംബർ 2023**

01 തലശ്ശേരി ബിഷപ്സ് ഹൗസിൽ വെച്ച് നടന്ന ഇന്റർ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് കാട്ടിപ്പാറയിൽ നിര്യാതനായ മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ പി. സിറിയക് ജോണിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

03 വെളിമാനം ഇടവകയിൽ നിര്യാതനായ അബ്രഹാം ഞാമത്തോലിൽ അച്ചന്റെ പിതാവ് തോമസ് ഞാമത്തോലിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകർമികത്വം വഹിച്ചു.

05 നെടുപുറംചാൽ ഇടകവകയിൽ നിര്യാതനായ പുതുക്കുളങ്ങര ജോർജ് മാസ്റ്ററിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. തുടർന്ന് കരുവഞ്ചാൽ ഹോസ്പിറ്റലിൽ വിശ്രമിക്കുന്ന ഏലിയാസ് എടുക്കുന്നേൽ അച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

08 കൂരാച്ചുണ്ട് ഇടവകയിൽ നിര്യാതനായ താമരശ്ശേരി രൂപതയിലെ മോൺ. ആന്റണി കൊഴുവനാലച്ചന്റെ മൃതാസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

10 കരുണാപുരം ഇടവകയിൽ നിര്യാതയായ ബിഷപ്പ് മാർ അലക്സ് കാളിയാനിയുടെ സഹോദരി അന്നമ്മ പുളിച്ചമാക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കർമികത്വം വഹിച്ചു.

13 കോടഞ്ചേരി ഇടവകയിൽ നിര്യാതയായ നസ്രത്ത് സന്യാസ സമൂഹത്തിന്റെ ജനറാൾ അമ്മ സിസ്റ്റർ ജസിന്തയുടെ വത്സല മാതാവ് അന്നമ്മ വടക്കേലിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

| JANUARY 2024 | ENGAGEMENTS |
|---|---|
| | ARCHBISHOP EMERITUS GEORGE VALIAMATTAM |

| | | | |
|---|---|---|---|
| 01 | 10:00 am | - | Marriage : Edakkome |
| 02 | 10:00 am | - | Koodaranji |
| | 03:00 pm | - | Manasammatham : Iritty |
| 03 | 09:00 am | - | Thirur |
| 06 | 10:00 am | - | Marriage : Ulikkal |
| 13 | 09:30 am | - | Holy communion : Kodikkulam, Pala |
| 15 | 10:00 am | - | Thaliparamba Jubilee |
| 25 | 10:00 am | - | Marriage : Chenpanthotty |
| 27 | 11:00 am | - | Marriage : Chenpanthotty |
| 27 | 5:30 pm | - | House blessing : Aravanchal |

**Secretary to the Archbishop Emeritus**





തലശേരി അതിരൂപതാ വൈദിക സമ്മേളനം 2023 നവംബർ 28 നു തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു.



തലശേരി അതിരൂപതയുടെ 19 മത് പാസ്റ്ററൽ കൗൺസിൽ യോഗം 2023 ഡിസംബർ 09 നു വിമൽജ്യോതി കോളേജിൽ വച്ച് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു.



തലശ്ശേരി അതിരൂപതാ KCYM / SMYM ന്റെ നേതൃത്വത്തിൽ 2023 ഡിസംബർ 23 നു ഇരിട്ടിയിൽ നടന്ന ക്രിസ്തുമസ് ആഘോഷം, ബോൺ നത്താലെ

RNI Reg. No. 5910 Date of Publication: 28/12/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 01 വില : ₹10

## ജനുവരി 03
## വി. ചാവറ കുര്യാക്കോസ് ഏലിയാസ്



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.